# സത്യദൂതൻ

2016 ഒക്ടോബർ | ലക്കം 10

വില ₹ 30



## ശിശുഭാഷയും ഭാഷാശാസ്ത്രവും

## സെൻസസ് റിപ്പോർട്ട്: ജമാഅത്തെ ഇസ്‌ലാമിയുടെ വെപ്രാളങ്ങൾ

# Ahmadiyya Muslim Community

Apps for mobile devises

Download free apps developed by Ahmadiyya Muslim Community for your iphone,ipode, and Android

**Quran**
Read the Holy Quran in easy Yassarnal Quran Font

**Conditions of Bai'at**
A pocket reference of Shara't-e-Bai'at in 7 languages

**Sermons**
Huzoor's Friday Sermons In 15 languages

**MTA**
Watch MTA Live, view Schedule and much more

**Ahmadiyya News**
Stay up to date with the Latest jama'at news

View these apps at alislam.org/apps or scan the QR code below






لاالہ الا اللہ محمد رسول اللہ

# സത്യദൂതൻ

2016 ഒക്ടോബർ
ഹി.ശ.1396 - ഇഖാഅ്
1437 ദുൽഹജ്ജ് - മുഹറം
പുസ്തകം 88 ലക്കം 10
വില 30 രൂപ

ഒരു നൂറ്റാണ്ടിനോടടുക്കുന്ന മലയാളത്തിലെ ഏക ഇസ്‌ലാമിക പ്രസിദ്ധീകരണം

The Sathyadoothan Monthly





5 എഡിറ്റോറിയൽ

6 യുഗശബ്ദം



7
ഖുത്ബ സംഗ്രഹം
**മാപ്പ്: മാനുഷതയുടെ ഉത്കൃഷ്ട ഭാവം**
ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു..)

അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽമസീഹ് ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു..) 2016 സെപ്തംബർ 23ന് ബൈത്തുൽ ഫുതൂഹ് ലണ്ടനിൽ നടത്തിയ ഖുത്ബയുടെ സംഗ്രഹം.

12
**മൂസാ നബി (അ) യഹൂദനല്ലെന്നോ!!?**
ഹദ്റത്ത് മിർസാ ബഷീറുദ്ദീൻ മഹ്മൂദ് അഹ്മദ്(റ)

15
**മതപരിത്യാഗവും മൗലാനാ മൗദൂദിയും**
ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ് (റഹ്)

20
**വാഗ്ദത്ത മസീഹിന്റെ അടയാളങ്ങൾ ൦ാ**
ഹദ്റത്ത് മിർസാ ബശീർ അഹ്മദ(റ)

24
**ശിശുഭാഷയും ഭാഷാശാസ്ത്രവും**
എ. എം. മുഹമ്മദ സലീം

മനുഷ സമൂഹ്യ ഭാഷ എങ്ങനെസ്വായത്തമാക്കി എന്ന് അറിയണമെങ്കിൽ മനുഷ്യശിശു എങ്ങനെഭാഷ ആർജ്ജിക്കുന്നുവെന്ന് സൂക്ഷ്മമായി നിരീക്ഷിച്ചാൽ മതി എന്ന ഹദ്റത്ത് അഹ്മദി(അ)ന്റെ അഭിപ്രായത്തെ ആധുനിക ഭാഷാശാസ്ത്രം അംഗീകരിച്ചിരിക്കുകയാണ്.

30
**മതലോകത്തുണ്ടായ നാല് ആത്മീയ വിപ്ലവങ്ങൾ**
മുഹമ്മദ് ഉമർ എച്ച്. എ

34
**അവിശ്വാസികളെ കൊല്ലണമെന്ന് ഖുർആൻ കൽപ്പിക്കുന്നുവോ?!**
എം. എസ്.

37
കുറിപ്പുകൾ
**സെ സ റപ്പോർട്ട്:ന്ന്**
**ജമാഅത്തെ ഇസ്‌ലാമിയുമട വെപ്രാളങ്ങൾ**
മുസാഫിർ



**സത്യദൂതൻ**
മസ്ജിദ് ഉമർ, സെന്റ്ബെനഡിക്ട് റോഡ്,
എറണാകുളം നോർത്ത്, കൊച്ചി 682018
email-sathyadoothan1@gmail.com

ചീഫ് എഡിറ്റർ
**സുൽത്താൻ നസീർ**
**ഫോൺ**: 9544274240

എഡിറ്റർ
**എ. എം. മുഹമ്മദ് സലീം**
**ഫോൺ**: 8907182933
Email-salimqld@gmail.com

മാനേജർ
**എച്ച്. അഹ്മദ് ഷാഫി**
**ഫോൺ**: 8089574250




Printed & Published by B.B. Ahmad Kabeer, for the Kerala Ahmadiyya Muslim Jama-ath
Printed at Anaswara Offset, Perandoor Jn.,Elamakkara, Ernakulam-682 026.
Published at Masjid Umar, St. Benedict Road, Ernakulam, Kochi-18. Edited by A.M. Muhammed Salim. Design: Mubarak Ahmed, KKD

### വിശുദ്ധ ഖുർആനിൽ നിന്ന്



അല്ലയോ മനുഷ്യരേ, നിങ്ങളെ നാം ആണിൽ നിന്നും പെണ്ണിൽ നിന്നും സൃഷ്ടിച്ചു. പരസ്പരം ഇടപെടുന്നതിനുള്ള സൗകര്യകൂടുതലിനു വേണ്ടി, നിങ്ങളെ ഗോത്രങ്ങളും ഉപഗോത്രങ്ങളുമാക്കി തിരിക്കുകയും ചെയ്തു. ദൈവദൃഷ്ടിയിൽ നിങ്ങളിൽ ഏറ്റവും ബഹുമാന്യൻ നിങ്ങളിൽ ഏറ്റവും സാത്വികനാരോ അവനത്രെ. അല്ലാഹു സർവജ്ഞനും സൂക്ഷ്മജ്ഞനുമാകുന്നു. (49:15)



### നബിവചനം

അബൂഹുറൈറ (റ ) നിവേദനം ചെയ്യുന്നു: തിരുനബി (സ) ഇങ്ങനെ അരുൾ ചെയ്തു. ഏതൊരാൾ മനുഷ്യനോട് നന്ദി കാണിക്കുന്നില്ലയോ അയാൾ അല്ലാഹുവിനോടും നന്ദികാണിക്കുകയില്ല. (തിർമിദി)

### വാഗ്ദത്ത മസീഹിന്റെ വചനം



## സർവൈക ദാതാവായ ദൈവം

ദൈവം തന്റെ അനുഗ്രഹം യാതൊരു ജനസമൂഹങ്ങൾക്കും നൽകാതിരുന്നിട്ടില്ല. ആ സർവൈക ദാതാവ് ആര്യാവർത്തത്തിലെ പുരാതന ജാതിക്കാർക്ക് ഏതെല്ലാം ശക്തികളും ബോധങ്ങളും നൽകിയോ ആ വക ശക്തികളെല്ലാം അവൻ അറബികൾക്കും പാർസികൾക്കും സിറിയക്കാർക്കും ചൈനക്കാർക്കും ജപ്പാൻകാർക്കും യുറോപ്യന്മാർക്കും അമേരിക്കക്കാർക്കും നൽകിയിട്ടുണ്ട്. ദൈവത്തിന്റെ ഭൂമി ഒരു വിരിപ്പെന്നപോലെ ഇവർക്കെല്ലാവർക്കും ഉപകരിക്കുന്നു. ദൈവത്തിന്റെ സർവ വ്യാപകമായ ഈ പരിപാലന സമ്പ്രദായങ്ങൾ നമ്മെ ഉദ്ബോധിപ്പിക്കുന്നത് നാമും മനുഷ്യർക്ക് പൊതുവെ നന്മ ചെയ്യുകയും കടുപ്പമായ മനോഭാവം കാണിക്കാതെ നമ്മുടെ അനുകമ്പയെ വിസ്തൃതമാക്കുകയും വേണമെന്നാണ്. (പൈഗാമെ സുൽഹ്)

എഡിറ്റോറിയൽ

# മതസ്വാതന്ത്ര്യം:
# ഖുർആന്റെയും ഫിർഔന്റെയും വാദങ്ങൾ

ഐക്യരാഷ്ട്രസഭയുടെ സാർവദേശീയ മനുഷ്യാവകാശ പ്രഖ്യാപനത്തിന്റെ 18, 19 ഖണ്ഡിക ഇപ്രകാരമാണ്. *'ചിന്ത, മനസ്സാക്ഷി, മതം എന്നിവയുടെ കാര്യത്തിൽ ഓരോരുത്തനും സ്വാതന്ത്ര്യമുണ്ട്. മതം മാറുവാനോ തനിച്ചോ കൂട്ടായോ പരസ്യമായും രഹസ്യമായുമുള്ള ഉപദേശത്തിലൂടെയോ തന്റെ മതമോ വിശ്വാസമോ പ്രകടിപ്പിക്കാനുള്ള സ്വാതന്ത്ര്യം ഇതിലുൾപ്പെടുന്നു.'*

മനുഷ്യാവകാശ രേഖയിലെ ഈ വിളംബരത്തിന് പതിനാല് നൂറ്റാണ്ടുകൾക്ക് മുമ്പ് വിശുദ്ധ ഖുർആൻ നടത്തിയ പ്രഖ്യാപനം നോക്കൂ: *'പറയുക അല്ലയോ ജനങ്ങളെ നിങ്ങളുടെ നാഥനിൽ നിന്ന് ഇപ്പോളിതാ സത്യം നിങ്ങളിൽ വന്നെത്തിയിരിക്കുന്നു. ആകയാൽ ആർ സന്മാർഗത്തിൽ ചരിക്കുന്നുവോ അത് അവന്റെ ആത്മാവിന് വേണ്ടി മാത്രമാണ്. ആർ വഴി തെറ്റുന്നുവോ അത് തനിക്ക് ദോഷകരമായിട്ടും. ഞാൻ നിങ്ങളുടെ മേൽ ഒരു സൂക്ഷിപ്പുകാരനായി നിയോഗിക്കപ്പെട്ടിട്ടില്ല.' (10:109, 110)* മറ്റൊരു പ്രഖ്യാത വചനം ഇപ്രകാരമാണ്: *'മതത്തിൽ യാതൊരു നിർബന്ധവും പാടില്ല.' (2: 257)*

വാദങ്ങളും തെളിവുകളും മനുഷ്യനു മുന്നിൽ ഒരു നിവേദനമായി സമർപ്പിക്കുകയാണ് പ്രവാചകന്മാർ ചെയ്തത്. അവർ പോലും മനുഷ്യന്റെ മേൽ അധികാരിയല്ല എന്ന് ഖുർആൻ വ്യക്തമായി പറയുന്നു:

*'പറയുക ഇത് നിന്റെ നാഥനിൽ നിന്നുള്ള അനുസരണ സന്ദേശമാകുന്നു. ഇഷ്ടമുള്ളവൻ വിശ്വസിച്ചു കൊള്ളട്ടെ ഇഷ്ടമില്ലാത്തവൻ അവിശ്വസിക്കുകയും ചെയ്യട്ടെ' (18: 30)*

മതത്തിൽ എല്ലാവരും വിശ്വസിക്കാത്തതിൽ മുസ്‌ലിംകൾ വ്യാകുല ചിത്തരാകേണ്ടതില്ലെന്നും മത വൈവിധ്യങ്ങളുടെ ബഹുസ്വരത ദൈവ നിശ്ചയമാണെന്നും വിശ്വസിക്കാൻ ബലപ്രയോഗം നടത്താൻ പാടില്ലെന്നും ശക്തമായ ഭാഷയിൽ ഖുർആൻ ആവർത്തിച്ച് പ്രഖ്യാപിക്കുന്നത് കാണുക.

*'നിന്റെ നാഥൻ ഇച്ഛിച്ചുവെങ്കിൽ നിശ്ചയമായും ഭൂമിയിലുള്ളവരെല്ലാം വിശ്വസിക്കുമായിരുന്നു. എന്നിരിക്കെ അവർ വിശ്വാസികളായി തീരാൻ നിനക്ക് ബലം പ്രയോഗിക്കാനാകുമോ?'(10: 100)*

ഒരാൾക്ക് തന്റെ മതം സ്വയം തിരഞ്ഞെടുക്കാനും വിശ്വസിച്ച മതം വിട്ടു പോവാനുമുള്ള സ്വാതന്ത്ര്യം അയാളിൽ മാത്രം നിക്ഷിപ്തമാണ്. അപ്രകാരം ഒരാളെ മതത്തിൽ നിർബന്ധിച്ച് ചേർക്കുന്നതും വിശ്വസിച്ച മതത്തിൽ നിന്ന് ബലം പ്രയോഗിച്ച് പുറത്താക്കുന്നതും പുറത്തു പോകാനുദ്ദേശിച്ച ആളെ തടഞ്ഞു വെക്കുന്നതിനും മറ്റൊരാൾക്കും സ്ഥാപനങ്ങൾക്കും അധികാരമില്ല. അത് ഖുർആന് വിരുദ്ധമാണ്. സ്വേച്ഛാധിപതിയായ ഫിർഔന്റെ വാദവും നടപടിയുമാണത്. ഫിർഔൻ എന്ന ഏകാധിപതിയുടെ വചനം ഉദ്ധരിച്ചുകൊണ്ട് ഖുർആൻ പറയുന്നു: *'ഫിർഔൻ പറഞ്ഞു: നിങ്ങൾക്ക് ഞാൻ അനുമതി തരുന്നതിന് മുമ്പ് നിങ്ങൾ അവനിൽ വിശ്വസിച്ചുവോ? ... നിശ്ചയമായും ഞാൻ നിങ്ങളുടെ കൈകളും കാലുകളും വിപരീത ഭാഗത്ത് നിന്ന് മുറിച്ചുകളയും പിന്നെ നിങ്ങളെയെല്ലാവരെയും ക്രൂശിക്കുകയും ചെയ്യുന്നതുമാണ്.' (7:125)*

ഇനി പറയൂ, ഒരു കൂട്ടരെ തങ്ങൾ വിശ്വസിക്കുന്ന മതത്തിൽ നിന്ന് പുറത്ത് പോയവരാ ണെന്ന് (മുർത്തദ്) പ്രഖ്യാപിച്ച് അവർക്ക് ശിക്ഷ പ്രഖ്യാപിക്കുന്ന മുസ്‌ലിം കക്ഷി ഖുർആന്റെ പക്ഷത്തോ ഫിർഔന്റെ പക്ഷത്തോ?



ഹദ്റത്ത് അഹ്മദ് (അ)

# എന്നെ തെറ്റിദ്ധരിക്കല്ല

ഓ എന്റെ ജനമേ, ദൈവം നിങ്ങളിൽ കരുണ ചൊരിയട്ടെ. ദൈവം നിങ്ങളുടെ കണ്ണുകൾ തുറന്നുതരട്ടെ. ഞാൻ കള്ളവാദിയല്ലെന്ന് നിങ്ങൾ നല്ലവണ്ണം ധരിച്ചു കൊൾവീൻ. കള്ളവാദി അതി ശീഘ്രം നശിച്ചടിയും എന്ന് അല്ലാഹുവിന്റെ പരിശുദ്ധ ഗ്രന്ഥങ്ങൾ എല്ലാം സാക്ഷ്യം നൽകുന്നു. സത്യവാദിക്ക് ലഭിക്കുന്ന ആയുസ്സ് ഒരിക്കലും കള്ളവാദിക്ക് ലഭിക്കില്ല. നമ്മുടെ നബി നായകൻ റസൂൽ തിരുമേനി (സ) ആണല്ലോ എല്ലാ സത്യാത്മാക്കളുടെയും ചക്രവർത്തി. ആ ദിവ്യാത്മാവിന് ഇരുപത്തി മൂന്നുകൊല്ലക്കാലം ദിവ്യവെളിപാടുകൾ ലഭിച്ചുകൊണ്ടിരുന്നു. ഈ ആയുഷ്ക്കാലം ഖിയാമത്ത് നാൾവരെ ദൈവിക വാദികളുടെ സത്യത്തിലേക്ക് സാക്ഷ്യമായിരിക്കുന്ന താണ്. ഈ പാവനമായ കാലയളവിൽ ഏതെങ്കിലും ഒരു ദുർഭഗനായ കള്ളവാദിക്ക് പങ്കുള്ളവനായി കരുതുന്നവനാരോ ദൈവത്തിന്റേയും മലക്കുകളുടേ യും ദൈവത്തിന്റെ പരിശുദ്ധ ദാസന്മാരുടെയും ആയിരോപി ആയിരം ശാപങ്ങളായിരിക്കും. വിശുദ്ധ ഖുർആനിൽ **'ലൗ തഖവ്വല'** എന്ന ആയത്ത് അവതരിച്ചിട്ടില്ലെന്നും സത്യവാദികൾക്ക് ദിവ്യ വെളിപാടുകൾ ലഭിച്ചുകൊണ്ടിരുന്നത്ര അയുഷ്ക്കാലം കള്ളവാദികൾക്ക് ലഭ്യമാവുകയില്ലെന്നും ദൈവത്തിന്റെ പ്രവാചകന്മാർ അരുളിയിട്ടില്ലെന്ന് വന്നാലും നബി തിരുമേനി (സ)യുടെ ദൗത്യകാലമായ 23 കൊല്ലത്തെ ആയുസ്സ് ഒരു കള്ളവാദിക്ക് ലഭിക്കുമെന്നുള്ള നിർ മര്യാദയും ധാർഷ്ഠ്യ പൂർവവുമായ വാക്കുകൾ ഉച്ചരിക്കാൻ ഒരു യഥാർഥ മുസൽമാനെ തന്റെ പ്രിയപ്പെട്ട നബിയോട് അവനുള്ള സ്നേഹാതിരേകം ഒരിക്കലും അനുവദിക്കുകയില്ല. നബി (സ) കള്ളവാദിയെങ്കിൽ അവിടുത്തേക്ക് അത്രയും നീണ്ടകാലം ജീവിച്ചിരിക്കാൻ കഴിയുകയില്ലെന്ന് ഖുർആനിൽ വ്യക്തമായി പ്രസ്താവിക്കപ്പെടുകയും തൗറാത്തും ഇതേ സാക്ഷ്യം നൽകുകയും ഇഞ്ചീലും ഇതേ തരത്തിൽ പ്രസ്താവിക്കുകയും ചെയ്തിരിക്കെ ഈ എല്ലാ സത്യസാക്ഷ്യങ്ങളെയും എന്നോടുള്ള ശത്രുത കൊണ്ട് മാത്രം നിസാരമാക്കിത്തള്ളുകയും ദൈവത്തിന്റെ പരിശുദ്ധ വാക്യത്തെ അഗണ്യ മാക്കുകയും ചെയ്യുന്ന നിങ്ങളുടെ ഇസ്ലാം എന്തുമാതിരി ഇസ്ലാമാണ്? നിങ്ങൾ എന്തുമാതിരി മുസ്ലിങ്ങളാണ്? ഓരോ തെളിവുണ്ടായിരിക്കു മ്പോഴും അതിനെ പ്രയോജനപ്പെടുത്തുന്നതിന് പകരം നുറുകുറി മറുപടി പറഞ്ഞുകഴിഞ്ഞ ആക്ഷേപങ്ങൾ തന്നെ പിന്നെയും പിന്നെയും പുറപ്പെടുവിച്ചുകൊണ്ടിരിക്കുന്ന നിങ്ങളുടെ ഈമാൻ എന്ത് ഈമാനാണ് എന്നെനിക്ക് മനസ്സിലാക്കാൻ കഴിയുന്നില്ല. ഈ ആക്ഷേപങ്ങൾ എന്നെമാത്രം ബാധിക്കുന്നവയല്ല. ഇവരുടെ മുഖത്ത് നിന്ന് പുറപ്പെടുന്ന സംഗതികളാണ് ആക്ഷേപങ്ങളെങ്കിൽ എല്ലാ നബിമാർക്കും അവ ബാധകമായിരിക്കുന്നുണ്ട്. എന്നെ പറ്റി പറയപ്പെട്ടി ട്ടുള്ളതെല്ലാം പണ്ടും പറയപ്പെട്ടിട്ടുള്ളതാണ്. ഈ ഏർപ്പാട് ദൈവികമായിരുന്നില്ലെങ്കിൽ പ്രവചനമനു സരിച്ച് നൂറ്റാണ്ടിന്റെ ആരംഭത്തിൽ തന്നെ ഇതിനുള്ള അടിസ്ഥാനമിട്ടത് എന്ത്കൊണ്ട് എന്ന് അഹോ ഈ ജനം ചിന്തിക്കുന്നില്ല!? ഞാൻ കള്ളവാദിയായി രുന്നെങ്കിൽ സത്യവാദിയാരാണെന്ന് **കാണിക്കാൻ ആർക്കും സാധിച്ചില്ലല്ലോ. വാഗ്ദത്ത മഹ്ദി ആഗതനായിട്ടില്ലെങ്കിൽ ആകാശത്തിൽ സൂര്യ ചന്ദ്രഗ്രഹണങ്ങളുടെ അത്ഭുത അടയാളം കാണിക്കപ്പെട്ടിട്ടുള്ളത് ആർക്ക് വേണ്ടിയാണ്? ഹാ ഈ ജനം ആലോചിക്കുന്നില്ല. ഈ വാദം അസമയത്തല്ലെന്ന് ഇവർ ഓർക്കുന്നുമില്ലല്ലോ? (അർബയീൻ 126-131)**

# മാപ്പ്: മാനുഷതയുടെ ഉത്കൃഷ്ട ഭാവം

മാപ്പുകൊടുക്കുന്നതിന്റെ അത്യുദാരമായ ആകാശ ഗോവണി റസൂൽ തിരുമേനി (സ) യുടെ ജീവിതത്തിൽ നമുക്ക് കാണാൻ കഴിയുന്നു. അവിടുത്തെ വിസ്മയാവഹമായ മാപ്പിന്റെ കാരുണ്യ സ്പർശത്താൽ പതിത മാനസർ ആത്മീയ വിഹായസ്സിലെ പതംഗങ്ങളെ പോലെ പാറിയുയർന്നു.

**ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്** (അയ്യദഹു...)




അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽമസീഹ് ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു..) 2016 സെപ്തംബർ 23ന് ബൈത്തുൽ ഫുതൂഹ് ലണ്ടനിൽ നിർവഹിച്ച ഖുത്ബയുടെ സംഗ്രഹം.

യഥാർഥ സത്യവിശ്വാസിയുടെ ലക്ഷണം വിശദീകരിച്ചുകൊണ്ട് നബി(സ)തിരുമേനി ഒരു അവസരത്തിൽ പറഞ്ഞു:' യഥാർഥ സത്യവിശ്വാസി താനിഷ്ടപ്പെടുന്നത് മറ്റുള്ളവർക്കും ഇഷ്ടപ്പെടുന്നവനായിരിക്കും.' ഇതൊരു മാർഗനിർദേശപരമായ അടിസ്ഥാന തത്ത്വമാണ്. ഈ തത്ത്വം ലോകത്ത് സർവതലത്തിലും വീടുമുതൽ അന്താരാഷ്ട്ര ബന്ധങ്ങൾവരെ അനുരക്തിയുടേയും സ്നേഹത്തിന്റേയും ഐക്യത്തിന്റേയും അടിത്തറപാകുന്നു. കലഹങ്ങൾ അവസാനിപ്പിക്കുന്നു. മനസ്സുകളിൽ മാർദവം ഉണ്ടാക്കുന്നു. പരസ്പരമുള്ള കടമകളെ പറ്റി ബോദ്ധ്യം വരുത്തുന്നു. ഞാൻ പല അവസരങ്ങളിലും അന്യരുടെ മുമ്പിൽ ഇക്കാര്യം സമർപിച്ചപ്പോൾ അവർ വളരെ ആകർഷിതരായി. എന്നാൽ, നമ്മുടെ ഉദ്ദേശ്യം വെറും നല്ലകാര്യങ്ങൾ പറഞ്ഞ് ജനങ്ങളെ ആകർഷിക്കുക എന്നതല്ല മറിച്ച് നമ്മുടെ കർമങ്ങൾകൊണ്ട് ഇക്കാര്യത്തിന്റേയും എല്ലാ ഇസ്ലാമിക കല്പനകളുടേയും മനോഹാരിത സ്ഥാപിക്കുക എന്നതാണ്. 'വളരെ

നല്ല കാര്യംതന്നെ, പക്ഷേ, നിങ്ങളിൽ എത്രപേർ ഇതനുസരിച്ച് പ്രവർത്തിക്കുന്നുണ്ട്' എന്ന് അന്യർ നമ്മളോടു ചോദിക്കാനിടയുണ്ട്. കാര്യത്തിന്റെ മനോഹാരിത വെളിപ്പെടുന്നത് കാര്യം പറയുന്നയാൾ സ്വയം അതനുസരിച്ച് പ്രവർത്തിക്കുമ്പോഴാണ്. ജനങ്ങൾക്ക് മറ്റുള്ളവരിൽനിന്നുള്ള നമ്മുടെ പ്രത്യേകമായ വ്യത്യാസം അറിയാൻ കഴിയുന്നത് നമ്മുടെ വാക്കും പ്രവൃത്തിയും ഒരുപോലെ ആയിരിക്കുമ്പോഴാണ്. ജനങ്ങൾ വെറും കാര്യം കേൾക്കാൻ ഇരിക്കുന്നവരല്ല, പ്രത്യുത അവർ നമ്മളെ നിരീക്ഷിക്കുന്നുണ്ട്.

അതിനാൽ, നമ്മൾ മതത്തിൽ നിന്നും ഉദ്ധരിച്ച് ഉന്നതമായ സ്വഭാവഗുണങ്ങളെ കുറിച്ച് സംസാരിക്കുമ്പോൾ അന്യർ നമ്മുടെ കർമം എന്താണെന്ന് നോക്കുന്നുണ്ട്. നിങ്ങൾ യഥാർഥ സത്യവിശ്വാസികളാണോ എന്ന് അറിയപ്പെടുന്നത് നിങ്ങളുടെ സ്വഭാവം ഉന്നതമായിരിക്കുമ്പോഴാണ്. ഒരാൾ മറ്റൊരാൾക്കുവേണ്ടി സദ്വികാരങ്ങളുടെയും അറിവുകളുടേയും നിലവാരം ഉന്നതമാക്കുമ്പോഴാണ്. നബി(സ)തിരുമേനി സത്യവിശ്വാസിയുടെ ഉന്നത സ്വഭാവ ഗുണമായി പറഞ്ഞത് അനിഷേധ്യമായ ഒരു യാഥാർഥ്യ മാണ്. ആ ഗുണനിലവാരമെന്താണ്? അതായത് എന്തൊന്ന് നിങ്ങൾ നിങ്ങൾക്കുവേണ്ടി ഇഷ്ടപ്പെടുന്നുവോ അത് മറ്റുള്ളവർക്കുവേണ്ടിയും ഇഷ്ടപ്പെടുക. തങ്ങളുടെ അവകാശങ്ങൾ വാങ്ങുന്നതിനുവേണ്ടി നീതി, നീതിയുടെ ശബ്ദം ഉയർത്തിക്കൊണ്ടിരിക്കുക യും മറ്റുള്ളവരുടെ അവകാശങ്ങൾ കൊടുക്കുന്ന നേരത്ത് നിഷേധാത്മകമായി പെരുമാറുകയും ചെയ്യുക എന്നതല്ല അത്.

അതിനാൽ നമ്മൾ നമ്മുടെ അവകാശങ്ങൾ നേടിയെടുക്കുന്നതിന് അസ്വസ്ഥരാകുന്നതുപോലെ, മറ്റുളളവരുടെ അവകാശം കൊടുക്കുന്നതിനും അതേ നിലവാരം നിലനിറുത്തേണ്ടതാണ്. നമ്മളിൽനിന്ന് എന്തെങ്കിലും തെറ്റുസംഭവിച്ചാൽ ആ തെറ്റ് മാപ്പാക്കികിട്ടണമെന്നും നമ്മൾ ശിക്ഷിക്കപ്പെടരുതെന്നും ആഗ്രഹിക്കുന്നെങ്കിൽ മറ്റുള്ള ആരെങ്കിലും നമ്മളെ ബാധിക്കുന്ന തെറ്റു ചെയ്താൽ അത് തെറ്റുചെയ്യുന്ന ശീലക്കാരനല്ലെങ്കിൽ, ആവർത്തിച്ചാവർത്തിച്ച് തെറ്റു ചെയ്യാത്തവനാണെങ്കിൽ നമ്മളും മാപ്പുകൊടുക്കുന്നരീതി അവലംബിക്കേണ്ടതാണ്. ഇനി ഏതെങ്കിലും തെറ്റ് ജമാഅത്തിനോ സാമൂഹികനേട്ടങ്ങൾക്കോ നഷ്ടമുണ്ടാക്കിക്കൊണ്ടിരിക്കുന്നതാണെങ്കിൽ അപ്പോൾ ഇത് വ്യക്തിപരമായ തെറ്റായിരിക്കുകയില്ല. ആ കുറ്റം പിന്നീട് സാമൂഹിക കുറ്റമായിത്തീരുന്നു. അത്തരം ആളുകളുടെ തീരുമാനം ഡിപ്പാർട്ടുമെന്റായിരിക്കും എടുക്കുന്നത്; വ്യക്തികളല്ല.

എന്തായാലും സാമൂഹികമായ നിത്യജീവിതത്തിലെ പരസ്പരമുള്ള കാര്യങ്ങളിൽ നമ്മുടെ അവകാശമാണെന്ന് നമ്മൾ മനസ്സിലാക്കുന്ന കാര്യം മറ്റുളളവർക്കും നാം നല്കുന്നുണ്ടോ ഇല്ലേ? കൊടുക്കാനുള്ള ചിന്ത നമുക്കുണ്ടോ ഇല്ലേ? എന്ന കാര്യമാണ് ഞാൻ സംസാരിച്ചുകൊണ്ടിരിക്കുന്നത്. ഇതിൽ അടിസ്ഥാനപരമായ ഘടകം വീടാണ്, സുഹൃത്തുക്കളാണ്, സഹോദരി സഹോദരന്മാരാണ് മറ്റുബന്ധുക്കളാണ്. ചെറിയ അളവിൽ ചെറിയ വൃത്തത്തിൽ ഈ ചിന്ത ഉണ്ടാകുമ്പോൾ പിന്നീട് സമൂഹത്തിൽ വിശാലമായ നിലയിലും ഇതേ ചിന്ത വ്യാപിക്കുന്നതാണ്. സ്വാർഥതകൾ അവസാനിക്കുന്നതാണ്. അവകാശങ്ങൾ കൊടുക്കുന്ന കാര്യങ്ങൾ അധികമായുണ്ടാകും. മാപ്പുകൊടുക്കാനുള്ള താൽപര്യം വർധിക്കും. ശിക്ഷ കൊടുക്കുന്നതിന് അല്ലെങ്കിൽ ശിക്ഷ കൊടുപ്പിക്കുന്നതിനുള്ള താൽപര്യത്തിൽ കുറവുണ്ടാകുന്നതാണ്. അല്ലാഹു വിശുദ്ധ ഖുർആനിലും ബാഹ്യമായ അവകാശങ്ങളും ആവശ്യങ്ങളും ശ്രദ്ധിക്കുന്നതിനോടൊപ്പം മാപ്പുകൊടുക്കാനുള്ള താൽപര്യം സ്വീകരിക്കുന്നതിലേക്കും ശ്രദ്ധ ക്ഷണിച്ചു. അല്ലാഹു വിശുദ്ധ ഖുർആനിൽ പറയുന്നു:

**അല്ലദീന യുൻഫിഖൂന ഫിസ്സർറായി വള്ളർറായി വൽകാള്വിമീനൽഗയ്ള്വ വൽആഫീന അനിന്നാസി വല്ലാഹു യുഹിബ്ബുൽ മുഹ്സിനീൻ**

***ഐശ്വര്യഘട്ടത്തിലും വിഷമഘട്ടത്തിലും ദൈവമാർഗത്തിൽ ധനം ചെലവഴിക്കുന്നവരും കോപം നിയന്ത്രിക്കുന്നവരും ജനങ്ങൾക്കു മാപ്പുചെയ്തുകൊടുക്കുന്നവരുമത്രെ അവർ; അല്ലാഹു സുകൃതവാന്മാരെ ഇഷ്ടപ്പെടുന്നു.*** (3:135)

ഇതിൽ ആദ്യം അല്ലാഹു ദാസരുടെ അവകാശങ്ങൾ നല്കുന്നതിന് ആവശ്യക്കാർക്കുവേണ്ടി ചെലവഴിക്കാൻ പറഞ്ഞിരിക്കുന്നു. പിന്നീട് സുകൃതവാന്മാരുടെ ലക്ഷണം തങ്ങളുടെ വികാരങ്ങൾ നിയന്ത്രിച്ച് വെക്കുന്നവരാണെന്ന് അല്ലാഹു പറഞ്ഞു. എല്ലാ തരത്തി

നമ്മൾ നമ്മുടെ അവകാശങ്ങൾ നേടിയെടുക്കുന്നതിന് അസ്വസ്ഥരാകുന്നതുപോലെ, മറ്റുള്ളവരുടെ അവകാശം കൊടുക്കുന്നതിനും അതേ നിലവാരം നിലനിറുത്തേണ്ടതാണ്. നമ്മളിൽനിന്ന് എന്തെങ്കിലും തെറ്റുസംഭവിച്ചാൽ ആ തെറ്റ് മാപ്പാക്കികിട്ടണമെന്നും നമ്മൾ ശിക്ഷിക്കപ്പെടരുതെന്നും ആഗ്രഹിക്കുന്നെങ്കിൽ മറ്റുള്ള ആരെങ്കിലും നമ്മളെ ബാധിക്കുന്ന തെറ്റു ചെയ്താൽ അത് തെറ്റുചെയ്യുന്ന ശീലക്കാരനല്ലെങ്കിൽ, ആവർത്തിച്ചാവർത്തിച്ച് തെറ്റു ചെയ്യാത്തവനാണെങ്കിൽ നമ്മളും മാപ്പുകൊടുക്കുന്നരീതി അവലംബിക്കേണ്ടതാണ്.

ലുള്ള ദ്വേഷവും പ്രതികാര വികാരവും മനസ്സിൽനിന്ന് നീക്കം ചെയ്യുക എന്നത് നിസ്സാരകാര്യമല്ല. ഇത് വളരെ വലിയ കാര്യമാണ്. ദ്വേഷം വരാതിരിക്കുകയും പകരം വീട്ടാനുള്ള വികാരങ്ങളും മനസ്സിൽനിന്ന് പുറത്തുപോകുകയും കോപവികാരങ്ങളെ പുറത്തുകളയുക എന്നതുമാത്രമല്ല പ്രത്യുത തെറ്റുചെയ്യുന്നവർക്ക് എന്തെങ്കിലും നന്മയും ചെയ്യുകയെന്നത് വളരെ വലിയ കാര്യമാണ്. സത്യവിശ്വാസികളിൽ ഇക്കാര്യങ്ങളുണ്ടാകണമെന്ന് അല്ലാഹു ആഗ്രഹിക്കുന്നു. നിവേദനങ്ങളിൽ ഹദ്റത്ത് ഹസൻ (റ)ന്റെ ഒരു സംഭവം വരുന്നുണ്ട്. അദ്ദേഹത്തിന്റെ ഒരു അടിമ എന്തോ തെറ്റുചെയ്തു. അതിൽ അദ്ദേഹത്തിന് കഠിനമായ ദ്വേഷം വന്നു. ശിക്ഷ കൊടുക്കണമെന്ന് വിചാരിച്ചതേയുള്ളു ആ അടിമ ആയത്തിന്റെ **വൽ കാളിമീനൽ ഗയ്ള** എന്ന ഭാഗം ഓതി. അവർ കോപം നിയന്ത്രിക്കുന്നവരാണെന്ന്. അപ്പോൾ ശിക്ഷിക്കുന്നതിന് കൈ ഓങ്ങിയ ഹസൻ(റ)അത് താഴേക്കിട്ടു. അപ്പോൾ അടിമ പറഞ്ഞു:**വൽആഫീന** അതായത് അത്തരക്കാർ ജനങ്ങൾക്ക് മാപ്പുചെയ്തുകൊടുക്കുന്നവരുമാണ്. അപ്പോൾ ഹദ്റത്ത് ഹസൻ(റ)അല്ലാഹുവിന്റെ കല്പന അനുസരിച്ച് പറഞ്ഞു: പൊയ്ക്കോ! ഞാൻ നിനക്ക് മാപ്പു തന്നിരിക്കുന്നു.' അതുകേട്ട് അടിമ പറഞ്ഞു:**വല്ലാഹു യുഹിബ്ബുൽ മുഹ്സിനീൻ** അല്ലാഹു സുകൃതവാന്മാരെ ഇഷ്ടപ്പെടുന്നു. അപ്പോൾ അദ്ദേഹം ആ അടിമയോടു പറഞ്ഞു:'പൊയ്ക്കോ! ഞാൻ നിന്നെ സ്വതന്ത്രനാക്കിയിരിക്കുന്നു.' എവിടെ വേണമെങ്കിലും പൊയ്ക്കൊള്ളുക.

അല്ലാഹുവിനെ സ്നേഹിക്കണമെന്നാഗ്രഹിക്കുന്നവരുടെ പെരുമാറ്റമാണിത്. കുറ്റം ചെയ്തവരുടെ കുറ്റം മാപ്പാക്കുന്നുവെന്ന് മാത്രമല്ല, പ്രത്യുത അവരിൽ നന്മയും ചെയ്യുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ)ഈ ആയത്ത് ഉദ്ധരിച്ചുകൊണ്ട് ഒരിടത്ത് പറ



യുന്നു:''ആരാണോ കഠിനമായി പ്രവർത്തിക്കുന്നത്, ദ്വേഷപ്പെടുന്നത് അവന്റെ നാവിൽനിന്ന് ദൈവജ്ഞാനവും യുക്തിജ്ഞാനവും ഒരിക്കലും പുറപ്പെടുകയില്ല. ആ മനസ്സ് യുക്തിപരമായ കാര്യങ്ങളിൽനിന്ന് തടയപ്പെടുന്നു. തന്റെ എതിരാളിയുടെ മുമ്പിൽ പെട്ടെന്ന് കോപാകുലനായി നിയന്ത്രണം വിടുന്നവരാണവർ. ദുർചിന്താഗതിക്കാരനും കടിഞ്ഞാണില്ലാത്തവനുമായവന്റെ ചുണ്ട് മധുരമുള്ള അരുവിയിൽനിന്ന് പാനം ചെയ്യാൻ ഭാഗ്യമില്ലാത്തതും തടയപ്പെടുന്നതും ആക്കപ്പെടുന്നതാണ്. കോപവും യുക്തിജ്ഞാനവും ഒരുമിച്ചു കൂടുകയില്ല. കോപത്തിന് അടിപ്പെടുന്നവരുടെ ബുദ്ധി സ്ഥൂലവും വിവേകം മന്ദവുമായിരിക്കും. അവന് ഒരിക്കലും ഒരു മൈതാനത്തും വിജയമോ സഹായമോ നല്കപ്പെടുകയില്ല. കോപം അര ഭ്രാന്താണ്. അത് കൂടുതൽ ജ്വലിക്കുമ്പോൾ മുഴുഭ്രാന്താകാനിടയുണ്ട്. ബുദ്ധിയും ദ്വേഷവും തമ്മിൽ ഭയാനകമായ ശത്രുതയാണ്. ദ്വേഷവും കോപവും വരുമ്പോൾ ബുദ്ധി നിലനില്ക്കുകയില്ല. പക്ഷേ, ആരാണോ ക്ഷമിക്കുന്നത് സംയമനത്തിന്റെ മാതൃകകാണിക്കുന്നത് അവന് ഒരു പ്രകാശം നല്കപ്പെടുന്നതാണ്. ഇതുമുഖേന അവന്റെ ബുദ്ധിയുടേയും ചിന്തയുടേയും ശക്തികളിൽ ഒരു പുതിയ പ്രകാശമുണ്ടാകുന്നു. പിന്നീട് പ്രകാശത്തിൽനിന്ന് പ്രകാശമുണ്ടാകുന്നു. ദ്വേഷത്തിന്റേയും കോപത്തിന്റേയും അവസ്ഥയിൽ മനസ്സും ബുദ്ധിയും ഇരുട്ടിലാകുന്നതുകൊണ്ട് ഇരുട്ടിൽനിന്ന് ഇരുട്ടാണ് പിന്നീടുണ്ടാകുന്നത്.

ചിലയിടത്ത് കാഠിന്യം കാണിക്കേണ്ടിവരും. പക്ഷേ, ദ്വേഷവും കോപവുംകൊണ്ട് കാഠിന്യം കാണിക്കുക അനുവദനീയമല്ല. ഇസ്‌ലാമിൽ ശിക്ഷകൾ കൊടുക്കുക എന്ന സംഗതിയുണ്ട്. പക്ഷേ, അതിന് നിയമങ്ങളും ചട്ടങ്ങളുമുണ്ട്. കോപത്തിൽവന്നുകൊണ്ടുള്ള ശിക്ഷ യുക്തിദീക്ഷയിൽനിന്നും നീതിയിൽനിന്നും അകറ്റിക്കൊണ്ടുപോകുന്നതാണ്.

അല്ലാഹു നമ്മളോട് കോപം അടക്കി മാപ്പുകൊടുക്കാനും പറഞ്ഞിരിക്കുന്നത് ഏതെങ്കിലും യുക്തികൂടാതെയല്ല. അതായത് മാപ്പുകൊടുത്തുകൊണ്ടേ പോകുക എന്ന്! മറിച്ച് മാപ്പിന്റേയും ശിക്ഷയുടേയും യുക്തി പറഞ്ഞുകൊണ്ട് വിധിക്കണമെന്നാണ് പറഞ്ഞിട്ടുള്ളത്. അല്ലാഹു പറയുന്നു:

**വ ജസാഉ സയ്യിഅത്തിൻ സയ്യിഅത്തുൻ മിഥ്‌ലുഹാ ഫമൻ അഫാ വ അസ്‌ലഹ ഫഅജ്റുഹൂ അലല്ലാഹി ഇന്നഹൂ ലാ യുഹിബ്ബുൽള്ളാലിമീൻ** ***തിന്മയ്ക്കുള്ള പ്രതിഫലം തത്തുല്യമായ തിന്മയാണ്. എന്നാൽ, വല്ലവനും മാപ്പുചെ***

***യ്യുകയും നന്മ വരുത്തുകയും ചെയ്യുന്നതായാൽ അവന്റെ പ്രതിഫലം അല്ലാഹുവിന്റെ അടുക്കലാണ്. തീർച്ചയായും അവൻ അക്രമികളെ ഇഷ്ടപ്പെടുന്നില്ല***

(42:41)

അതിനാൽ യഥാർഥകാര്യം കുറ്റവാളിക്ക് അവന്റെ കുറ്റത്തെകുറിച്ച് പറഞ്ഞുകൊടുത്ത് പരിഷ്കരിക്കുക എന്നതാണ്. പകരം വീട്ടുക എന്നതല്ല. കേസുകളിൽ കുടുക്കുക എന്നത് സ്വന്തം പണവും മറ്റുള്ളവരുടെ പണവും നഷ്ടപ്പെടുത്തുക എന്നതാണ്. സ്വന്തം സമയവും മറ്റുള്ളവരുടെ സമയവും നഷ്ടപ്പെടുത്തുക എന്നതാണ്. ജമാഅത്തിന്റെ ഓഫീസുകളിലാണ് കാര്യമെങ്കിൽ അവരെ തെറ്റു ധരിക്കുക എന്നതാണ്. മാപ്പുകൊടുക്കുന്നതുകൊണ്ട് നന്നാകുമെങ്കിൽ മാപ്പുകൊടുക്കുന്നതാണ് നല്ലത്. ഇനി നന്നാക്കാൻ ശിക്ഷകൊടുക്കേണ്ടതാണെങ്കിൽ വിവേകത്തിന്റെ തേട്ടമെന്നു പറയുന്നത് ശിക്ഷകൊടുക്കുക എന്നതാണ്. പിന്നീട് ബന്ധപ്പെട്ട ഡിപ്പാർട്ടുമെന്റുകൾവരെ കാര്യങ്ങൾ കൊണ്ടുപോകുക. ഹദ്റത്ത് മസീഹ് മൗഊദ്(അ) ഈ യുക്തിഭദ്രമായ കല്പനയെ കുറിച്ച് പലയിടത്തും എഴുതിയിട്ടുണ്ട്. ഒരിടത്ത് അവിടന്ന് പറയുന്നു:

"നിയമം നീതിയുടെ അടിസ്ഥാനത്തിൽ എല്ലാ ഓരോ തിന്മയ്ക്കുമുള്ള ശിക്ഷ തതുല്യമായ തിന്മയാണ്. പക്ഷേ, ആരെങ്കിലും തന്നോടു കുറ്റം ചെയ്ത ആൾക്ക് മാപ്പുകൊടുക്കുകയാണെങ്കിൽ, ആ മാപ്പുകൊടുക്കുന്നതിൽ കുറ്റവാളിയുടെ പരിഷ്കരണമുണ്ടാവണമെന്ന നിബന്ധനയുണ്ട് അല്ലാതെ മാപ്പുകിട്ടുന്നതോടെ തെറ്റുചെയ്യാൻ കൂടുതൽ തന്റേടമുള്ളവനും കടിഞ്ഞാണില്ലാത്തവനുമാകുക എന്നതല്ല. അത്തരം വ്യക്തി അല്ലാഹുവിൽനിന്ന് വലിയ പ്രതിഫലം പ്രാപിക്കുന്നതാണ്. അതിനാൽ കുറ്റവാളിയുടെ രീതി ഭാവിയിൽ കുറ്റകൃത്യം ചെയ്യുകയില്ലെന്ന് കാണുന്നനേരത്താണ് വിട്ടു വീഴ്ചയും മാപ്പും ചെയ്യുക. പക്ഷേ, കുറ്റകൃത്യം തൊഴിലാക്കിയിട്ടുള്ള കുറ്റവാളികളുണ്ട്. അവർ കുറ്റം ചെയ്യുകയും എപ്പോഴും മാപ്പുചോദിക്കുകയും ചെയ്യുന്നു. അത്തരക്കാർക്ക് ശിക്ഷ നല്കേണ്ടത് നിർബന്ധമാണ്. ആ ശിക്ഷയിലൂടെ അവന്റെ പരിഷ്കരണത്തിനുള്ള വഴി തുറക്കും വിധമായിരിക്കണം ശിക്ഷിക്കേണ്ടത്.

അതുകൊണ്ട് ഇതാണ് ഇസ്‌ലാമിക ശിക്ഷയുടേയും മാപ്പിന്റേയും യുക്തി. അതായത് പരിഷ്കരണമായിരിക്കണം മുമ്പിലുണ്ടാവേണ്ടത്. കണ്ണും അടച്ചുകൊണ്ട് എല്ലാവർക്കും മാപ്പുകൊടുത്തുകൊണ്ടേ പോകാൻ അല്ലാഹു ആഗ്രഹിക്കുന്നില്ല; കോപാകുലനായിക്കൊണ്ട് ശിക്ഷയിലേക്ക് ചാഞ്ഞുകൊണ്ടിരിക്കാനും മാപ്പുകൊടുത്തുകൊണ്ടേ പോകുന്നതിലൂടേയും സമൂഹത്തിൽ വിള്ളലുകൾ ഉണ്ടാകുന്നു. ശിക്ഷിച്ചുകൊണ്ടിരിക്കുന്നതിലൂടേയും വെറുപ്പും പകയും വർധിക്കുന്നു. സമൂഹത്തിൽ വെറുപ്പിന്റെ ഭിത്തികൾ ഉയർന്നുവരുന്നു. അശാന്തി വ്യാപിച്ചുകൊണ്ടുപോകുകയും ചെയ്യുന്നു.

എന്തായാലും ഇസ്‌ലാമിന്റെ ഒരു അടിസ്ഥാനപരമായ അധ്യാപനമാണിത്. നബി(സ)തിരുമേനി ഏതു പരിധിവരെ മാപ്പുകൊടുക്കാറുണ്ടായിരുന്നുവെന്ന് നമുക്ക് ഇനി നോക്കാം. മാപ്പുകൊടുക്കുന്നതിന്റെ മിഅ്റാജ്(കോണിപ്പടി)നമുക്ക് നബി(സ)തിരുമേനിയുടെ ജീവിതത്തിൽ കാണാൻകഴിയുന്നു. ശിക്ഷ വിധിക്കപ്പെട്ടവർക്കും നബി(സ)തിരുമേനി മാപ്പുകൊടുക്കുകയുണ്ടായി. മറ്റുള്ളവരുടെ ആരുടെയെങ്കിലും കുറ്റവാളിക്കല്ല മാപ്പു കൊടുത്തത്. പ്രത്യുത സ്വന്തം മക്കളുടെ ഘാതകർക്കാണ് മാപ്പു കൊടുത്തത്. കാരണം അവരുടെ പരിഷ്കരണം നടന്നുകഴിഞ്ഞിരുന്നു. നിവേദനങ്ങളിൽ ഒരു സംഭവം വരുന്നുണ്ട്. ഹബ്ബാർ ബിൻ അസ്‌വദ് എന്നയാൾ നബി(സ)തിരുമേനിയുടെ മകൾ സയ്നബിനുമേൽ മക്കയിൽനിന്ന് മദീനയിലേക്ക് ഹിജ്റ പോകുന്ന നേരത്ത് കുന്തംകൊണ്ട് വധാക്രമണം നടത്തി. അവർ ആ സമയത്ത് ഗർഭിണിയായിരുന്നു. ആക്രമണം കാരണത്താൽ അവരുടെ ഗർഭം അലസിപ്പോയി. പരിക്കുമേറ്റു. ആ പരിക്കുകാരണത്താൽ അവിടന്ന് വഫാത്തുകുകയും ചെയ്തു. ഈ കുറ്റം കാരണത്താൽ ഹബ്ബാറിനെതിരെ വധശിക്ഷ വിധിക്കപ്പെട്ടു. മക്ക വിജയത്തിന്റെ അവസരത്തിൽ ഇയാൾ എവിടേക്കോ ഓടിക്കടന്നുകളഞ്ഞു. എന്നാൽ, പിന്നീട് നബി(സ)തിരുമേനി മടങ്ങി മദീനയിലെത്തിയപ്പോൾ ഹബ്ബാർ, നബി(സ)തിരുമേനിയുടെ സന്നിധിയിൽ ഹാജരായി കരുണ യാചിക്കുന്നുവെന്ന് പറഞ്ഞു. ആദ്യം ഞാൻ അങ്ങയെ ഭയന്ന് ഓടിപ്പോയതാണ്. പക്ഷേ, എന്നെ അങ്ങയുടെ മാപ്പും കരുണയും മടക്കിക്കൊണ്ടുവന്നു. അല്ലാഹുവിന്റെ നബിയേ! ഞങ്ങൾ

---

ഹദ്റത്ത് ആയിശ(റ)പറയുന്നു: 'നബി(സ)തിരുമേനി തന്റെമേൽ ഉണ്ടായിട്ടുള്ള ഒരു അതിക്രമത്തിനും ഒരിക്കലും പകരം വീട്ടിയിട്ടില്ല. അതുകൊണ്ടാണല്ലോ തന്നെ വിഷം കൊടുത്തുകൊല്ലാൻ ശ്രമിച്ച യഹൂദ സ്ത്രീക്കും അവിടന്ന് മാപ്പുകൊടുത്തത്. പിന്നെ ഹിന്ദാണ്. അവർ ഉഹുദ് യുദ്ധത്തിൽ നബി (സ)തിരുമേനിയുടെ പിതൃവ്യനായ ഹദ്റത്ത് ഹംസത്ത്(റ)ന്റെ മൃതശരീരം വികൃതമാക്കിയതാണ്. അവർക്കും മാപ്പുനല്കി. അവിടന്ന് നല്കിയ മാപ്പ് അവരുടെ മുഖച്ഛായതന്നെ തികച്ചും മാറ്റിമറിച്ചു. വളരെ ആത്മാർഥയുള്ളവരായി.

അജ്ഞരായിരുന്നു. ബഹുദൈവാരാധകരായിരുന്നു. അല്ലാഹു ഞങ്ങൾക്ക് അങ്ങ് മുഖേന ഹിദായത്തു നല്കി. നാശത്തിൽനിന്ന് രക്ഷിച്ചു. എന്റെ അതിക്രമങ്ങൾ ഞാൻ സമ്മതിക്കുന്നു. അതുകൊണ്ട് എന്റെ അജ്ഞത അങ്ങ് വിട്ടുവീഴ്ച ചെയ്താലും. എനിക്കു മാപ്പുതന്നാലും. അങ്ങനെ നബി(സ)തിരുമേനി തന്റെ മകളുടെ ആ ഘാതകന് മാപ്പുകൊടുത്തു. പറഞ്ഞു, പൊയ്ക്കോ ഹബ്ബാറേ! ഞാൻ നിനക്കു മാപ്പ് തന്നിരിക്കുന്നു. പിന്നീടു പറഞ്ഞു അല്ലാഹു നിനക്ക് ഇസ്ലാം സ്വീകരിക്കാൻ തൗഫീഖ് നല്കിയത് അവന്റെ ഔദാര്യമാണ്. അങ്ങനെ പരിഷ്കരണം നടന്നുകഴിഞ്ഞിരിക്കുന്നുവെന്ന് നബി(സ)തിരുമേനി കണ്ടപ്പോൾ തന്റെ മകളുടെ ഘാതകനും പൊറുത്തുകൊടുത്തു.

ഹദ്റത്ത് ആയിശ(റ)പറയുന്നു: 'നബി(സ)തിരുമേനി തന്റെമേൽ ഉണ്ടായിട്ടുളള ഒരു അതിക്രമത്തിനും ഒരിക്കലും പകരം വീട്ടിയിട്ടില്ല. അതുകൊണ്ടാണല്ലോ തന്നെ വിഷം കൊടുത്തുകൊല്ലാൻ ശ്രമിച്ച യഹൂദ സ്ത്രീക്കും അവിടന്ന് മാപ്പുകൊടുത്തത്. പിന്നെ ഹിന്ദാണ്. അവർ ഉഹുദ് യുദ്ധത്തിൽ നബി(സ)തിരുമേനിയുടെ പിതൃവ്യനായ ഹദ്റത്ത് ഹംസത്ത്(റ)ന്റെ മൃതശരീരം വികൃതമാക്കിയതാണ്. അവർക്കും മാപ്പുനല്കി. അവിടന്ന് നല്കിയ മാപ്പ് അവരുടെ മുഖച്ഛായ തന്നെ തികച്ചും മാറ്റിമറിച്ചു. വളരെ ആത്മാർഥയുളളവരായി. അതേ ദിവസം വൈകുന്നേരം അവർ നബി(സ)തിരുമേനിയ്ക്ക് വിരുന്നൊരുക്കി. രണ്ടാടുകളെ പാകം ചെയ്ത് കൊടുത്തയച്ചു. 'ഇക്കാലത്ത് മൃഗങ്ങൾ കുറവാണന്നും അതുകൊണ്ട് നിസാരമായൊരു ഉപഹാരമാണ് സമർപിക്കുന്നത്'എന്ന് പറയാനും പറഞ്ഞു. അതുകേട്ട് നബി(സ)തിരുമേനി ദുആ ചെയ്തു:'അല്ലാഹുവേ! ഹിന്ദിന്റെ ആട്ടിൻപറ്റത്തിനുമേൽ ഒരുപാട് അനുഗ്രഹം ചൊരിഞ്ഞാലും.' പറയുന്നു:ഈ ദുആയുടെ ഫലമായി ആട്ടിൻപറ്റങ്ങളെ സംരക്ഷിക്കാൻ പറ്റാത്തവിധം അവ വർധിച്ചു.

അബ്ദുല്ലാഹ് ബിൻ അബീ സുലൂലിന്റെ എല്ലാ ദുഷ്ടതകളും പൊറുത്തുകൊടുത്തു. അയാളുടെ ജനാസയും നമസ്കരിച്ചു. കഅ്ബ് ബിൻ ബ്വഹീർ ഒരു പ്രശസ്തകവിയായിരുന്നു. ചില കാരണങ്ങൾകൊണ്ട് അയാൾക്കെതിരിലും ശിക്ഷ പുറപ്പെടുവിച്ചു കഴിഞ്ഞിരുന്നു. മക്ക വിജയത്തിനുശേഷം അയാളുടെ സഹോദരൻ അയാൾക്കെഴുതി:'ഇപ്പോൾ വന്ന് നബി(സ)തിരുമേനിയോടു മാപ്പു ചോദിക്കുക.'അങ്ങനെ അയാൾ മദീനയിൽ വന്ന് തന്റെ പരിചയമുളള ഒരാളുടെ അടുത്ത് താമസിച്ചു. സുബ്ഹി നമസ്കാരം മസ്ജിദ് നബ്വിയിൽ നബി(സ)തിരുമേനിയുടെ പിന്നിൽ നമസ്കരിച്ചു. നമസ്കാരത്തിനുശേഷം നബി(സ)തിരുമേനിയോടു പറയപ്പെട്ടു:'അല്ലാഹുവിന്റെ റസൂലേ, കഅ്ബ് ബിൻ ബ്വഹീർ തൗബ ചെയ്തുകൊണ്ട് വന്നിരിക്കുന്നു. മാപ്പിന് യാചിക്കുന്നു.' നബി(സ)തിരുമേനി രൂപംകൊണ്ട് അയാളെ തിരിച്ചറിഞ്ഞിരുന്നില്ല. അനുവാദമുണ്ടെങ്കിൽ അയാളെ ഹാജരാക്കാമെന്ന് പറയപ്പെട്ടു.' വരാൻ അവിടന്ന് പറഞ്ഞു. കടന്നു വന്നപ്പോൾ അദ്ദേഹം പറഞ്ഞു: 'അല്ലാഹുവിന്റെ റസൂലേ! ഞാൻ കഅ്ബ് ബിൻ ബ്വഹീറാണ്. അപ്പോൾ ഒരു അൻസ്വാരി അയാളെ കൊല്ലാൻ ചാടിയെഴുന്നേറ്റു. നബി(സ)തിരുമേനി പറഞ്ഞു: അയാൾ മാപ്പ് ആഗ്രഹിച്ചുകൊണ്ടാണ് വന്നിട്ടുളളത്. അയാളെ വെറുതെ വിടുക. അതിനുശേഷം അദ്ദേഹം നബി(സ)തിരുമേനിയുടെ സന്നിധിയിൽ ഒരു ഖസ്വീദ ആലപിച്ചു. അതിൽ സന്തോഷം പ്രകടിപ്പിച്ചുകൊണ്ട് നബി(സ)തിരുമേനി തന്റെ ചാദുറും അയാളെ അണിയിച്ചു. ഇതായിരുന്നു നബി(സ)തിരുമേനിയുടെ മാപ്പിന്റെ നിലവാരം. മാപ്പിനോടൊപ്പം ഉപഹാരങ്ങൾ നല്കി, ദുആകൾ ചെയ്ത് യാത്രയാക്കിയിരുന്നു. നബി(സ)തിരുമേനിയുടെ മാപ്പിന്റെ സംഭവങ്ങൾ നിരവധിയാണ്. അത് മനുഷ്യനെ അത്ഭുതപ്പെടുത്തും വിധം ഉച്ചിയിലെത്തി നില്ക്കുന്നു.

ഒരിക്കൽ ഒരാൾ നബി(സ)തിരുമേനിയുടെ സന്നിധിയിൽ ഹാജരായി. അയാൾ പറഞ്ഞു: 'അല്ലാഹുവിന്റെ റസൂലേ! എനിക്ക് ഒരു അടിമയുണ്ട്. അവൻ തെറ്റു ചെയ്യുന്നു. അവനെ ശാരീരികമായി ശിക്ഷിക്കാൻ എനിക്ക് അനുവാദമുണ്ടോ? നബി(സ)തിരുമേനി പറഞ്ഞു:'നീ അവന് നിത്യവും 70 തവണ വിട്ടുവീഴ്ച ചെയ്യുക.' അതായത് ധാരാളമായിട്ട് വിട്ടുവീഴ്ച ചെയ്യുക.

ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു: ഈ ജമാഅത്ത് തയ്യാറാക്കിയിരിക്കുന്നതിന്റെ ഉദ്ദേശ്യം നാവ്, ചെവി, കണ്ണ്, എല്ലാ ഓരോ അവയവങ്ങളിലൂടേയും തഖ്വ പ്രവേശിക്കുക എന്നതാണ്. തഖ്വയുടെ പ്രകാശം അതിന്റെ ഉള്ളിലും വെളിയിലും ഉണ്ടാകുക. ഉൽകൃഷ്ടമായ സ്വഭാവഗുണങ്ങളുടെ ഉന്നതമായ മാതൃക ഉണ്ടാകുക. അനാവശ്യമായ കോപം വിദ്വേഷം തുടങ്ങിയവ ഉണ്ടാകാതിരിക്കുക. പറയുന്നു, ജമാഅത്തിലെ മിക്ക അംഗങ്ങളിലും കോപം എന്ന ന്യൂനത ഇപ്പോഴും നിലനില്ക്കുന്നതായി ഞാൻ കാണുന്നു. ചെറിയ ചെറിയ കാര്യങ്ങളിൽ പകയും വിദ്വേഷവും ഉണ്ടാകുന്നു. പരസ്പരം വഴക്കിടുകയും കലഹിക്കുകയും ചെയ്യുന്നു. അത്തരക്കാർക്ക് ജമാഅത്തിൽനിന്ന് ഒരു ഭാഗവും ഉണ്ടാകുകയില്ല. ആരെങ്കിലും ചീത്ത വിളിച്ചാൽ ഇതരൻ മൗനം പാലിക്കുകയും മറുപടി കൊടുക്കാതിരിക്കുയും ചെയ്യുന്നതുകൊണ്ട് എന്തു ബുദ്ധിമുട്ടുണ്ടാകാനാണെന്ന് എനിക്കു മനസ്സിലാകുന്നില്ല. ജമാഅത്തിലെ ഓരോ വ്യക്തിയുടേയും പരിഷ്കരണം ഒന്നാമതായി സൽസ്വഭാവത്തിൽനിന്നാണ് തുടങ്ങുന്നത്. തുടക്കത്തിൽ ക്ഷമയോടുകൂടി ശിക്ഷണത്തിൽ അഭിവൃദ്ധിപ്പെടേണ്ടതാണ്. ആരെങ്കിലും ചീത്തവാക്കുപറഞ്ഞാൽ അവനുവേണ്ടി വേദനിക്കുന്ന മനസ്സോടെ ദുആ ചെയ്യുക എന്നതാണ് ഏറ്റവും നല്ല രീതി. ●

# മൂസാ നബി (അ) യഹൂദനല്ലെന്നോ!!?

മോശെ ഒരു ഈജിപ്തുകാരനായിരുന്നെന്നും ഇസ്റായീല്യനായിരുന്നില്ല എന്നുമുള്ള വിശ്വപ്രശസ്ത മനശ്ശാസ്ത്രജ്ഞൻ സ്റ്റിഗ്മണ്ട് ഫ്രോയിഡിന്റെ വാദത്തിനൊരു ഖണ്ഡനം *(വിവ: കെ.വി. ഹസ്സൻ കോയ)*

**ഹദ്റത്ത് മിർസാ ബഷീറുദ്ദീൻ മഹ്മൂദ് അഹ്മദ്(അ)**

ജൂതമതസ്ഥാപകനായ മോശെ യേശുവിന് 1400 വർഷങ്ങൾക്ക് മുമ്പാണ് ജീവിച്ചിരുന്നത്. അദ്ദേഹം ഒരു ന്യായ പ്രമാണത്തോടു കൂടിയ പ്രവാചകനും മഹത്തായ ഒരു മതവ്യവസ്ഥയുടെ സ്ഥാപകനുമായിരുന്നു. മോശെ എന്ന പേര് ഒരു ഹിബ്രു പദമാണ്. അതിന് ഹിബ്രു അറബി ഭാഷകളിൽ വ്യക്തമായ പദ ശബ്ദോൽപ്പത്തിയുണ്ട്. ഹിബ്രുവിൽ അത് ഉച്ചരിക്കപ്പെടുന്നതും എഴുതപ്പെടുന്നതും മോശെ (Moshe) എന്നാണ്. ആ പദത്തിന്റെ അർഥം വെള്ളത്തിൽ നിന്ന് എടുക്കപ്പെട്ട ഒരു വസ്തു അഥവാ വെള്ളത്തിൽ നിന്ന് രക്ഷിക്കപ്പെട്ടവൻ എന്നുമാണ്. (Enc. Bib) വിശുദ്ധ ഖുർആൻ 2:54 കാണുക.

എന്നാൽ അംഗീകൃതമായ ചരിത്ര നിയമങ്ങൾക്കെതിരായി, മോശെ ഒരു ഇസ്റായീല്യനല്ലെന്നും അദ്ദേഹം ഹിബ്രു പാരമ്പര്യത്തിലുള്ള ആളല്ലെന്നുമുള്ള വിചിത്രമായ ഒരു സിദ്ധാന്തമാണ് ഫ്രോയിഡ് തന്റെ ***മോശെയും ഏക ദൈവ വിശ്വാസവും*** എന്ന ഗ്രന്ഥത്തിൽ മുന്നോട്ട് വെക്കുന്നത്. മാത്രമല്ല ഇസ്റായീല്യർ ഈജിപ്തിൽ വസിച്ചിട്ടില്ലെന്നും അദ്ദേഹം വാദിക്കുന്നു.

വിചിത്രവും അടിസ്ഥാനരഹിതവുമായ തന്റെ വാദത്തിനാധാരമായി അദ്ദേഹം താഴെകാണുന്ന കാരണങ്ങൾ ഉന്നയിക്കുന്നു.

### ഫ്രോയിഡിന്റെ വാദങ്ങൾ

1. മോസസ് എന്നത് ഒരു ഈജിപ്ഷ്യൻ പദമാണ്.

2. ദൈവത്തിന്റെ ഏകത്വം എന്ന ആശയം ഉടലെടുത്തത് ഈജിപ്തിൽ നിന്നാണ്. പുരാതന ഈജിപ്തിലെ ഒരു രാജാവായിരുന്ന അഖെനെതൻ ആണ് ഈ ആശയം ആദ്യമായി മനസ്സിലാക്കി സ്വീകരിച്ചത്. ഒരു ഈജിപ്ത്കാരനായ മോസസ് തന്നെ ഈ ആശയം ഈജിപ്ത്കാരിൽ നിന്ന് കടമെടുത്തതും ഇസ്റായേൽ കാരിൽ പ്രബോധിച്ചതുമാണ്.

3. ഈജിപ്തുകാരനായ മോസസ് ചേലാകർമത്തെ ഈജിപ്ഷ്യൻ സമ്പ്രദായം മതപരമായ ഒരു ആചാരമായി ഇസ്റായേല്യർക്കിടയിലും പ്രചരിപ്പിക്കുകയാണുണ്ടായത്.

4. ഈജിപ്തിലെ രാജാവായിരുന്ന അഖെനെതന്റെതു പോലെ മോസസിന്റെ അദ്ധ്യാപനങ്ങളിലും മരണാനന്തര ജീവിതത്തെക്കുറിച്ചുള്ള പരമർശങ്ങളില്ല. ഇത് കാണിക്കുന്നത് മോസസ് ഒരു ഈജിപ്തുകാരനായിരുന്നുവെന്നാണ്.

5. പന്നിയോടും പന്നി മാംസത്തോടും ഈജിപ്തുകാർക്ക് കഠിനമായ ഒരു അനിഷ്ടം ഉണ്ടായിരുന്നു. മോസസിന്റെ അദ്ധ്യാപന ഫലമായാണ് ഇസ്റായേല്യരിലും ഈ അനിഷ്ടം രൂപം കൊണ്ടത്.

6. മോസസ് ഒരു ഈജിപ്തുകാരനായിരുന്നതിനാൽ അദ്ദേഹത്തിന് ഹിബ്രു ഭാഷയിൽ വേണ്ട വിധം ആശയങ്ങൾ പ്രകടിപ്പിക്കാൻ കഴിഞ്ഞിരുന്നില്ല.

### ഫ്റോയിഡിന്റെ വാദങ്ങൾക്കുള്ള ഖണ്ഡനം

1. മേൽ വാദങ്ങൾക്കൊന്നും യഥാർഥത്തിൽ യാതൊരു അടിസ്ഥാനവുമില്ല. മുകളിൽ പ്രസ്താവിച്ച പ്രകാരം വിശുദ്ധ ഖുർആൻ 2:54 വാക്യമനുസരിച്ച് മോസസ് എന്നത് ഈജിപ്ഷ്യൻ ഉൽപത്തിയുള്ള ഒരു പേരാണ് എന്ന് നാം

സമ്മതിക്കുകയാണെങ്കിൽ തന്നെയും മോസസ് എന്ന മനുഷ്യൻ ഈജിപ്തുകാരനാണെന്ന് അതുകൊണ്ട് തെളിയുന്നില്ല. ഇസ്റായീല്യർ ഈജിപ്ത് ഭരിച്ചിരുന്ന ഫറോവമാരുടെ പ്രജകളായിരുന്നതിനാൽ അവർ ഈജിപ്ഷ്യൻ നാമങ്ങൾ സ്വീകരിച്ചിരുന്നതായിരിക്കാമെന്നു കരുതാൻ ന്യായമുണ്ട്. പ്രജാ വർഗത്തിലെ ആളുകൾ ഭരണകർത്താക്കളുടെ പേരുകൾ സ്വീകരിക്കുന്നതിലും അവരുടെ ആചാരങ്ങളും വേഷവിധാനങ്ങളും ജീവിത രീതിയും അനുകരിക്കുന്നതിലും പൊതുവേ ഒരു ആനന്ദം കണ്ടെത്താറുണ്ട്. എന്നാൽ യഥാർഥത്തിൽ മോസസ് എന്നത് ഒരു ഹിബ്രു നാമമാണ്. അദ്ദേഹത്തിന് ആ പേര് നൽകിയിരിക്കാനുള്ള സാദ്ധ്യതയുള്ള ഫറോവയുടെ മകൾ, ഇസ്റായേല്യനെന്ന് കരുതി വെള്ളത്തിൽ നിന്നെടുത്ത് ആ കുട്ടിക്ക് ഒരു ഹിബ്രു നാമം തന്നെ നൽകാൻ പ്രഭാവിതയായിട്ടുണ്ടായിരിക്കണം. ആ പേരിട്ടത് മോസസിന്റെ സ്വന്തം മാതാവോ സഹോദരിയോ ആയിരിക്കാനും സാധ്യതയുണ്ട്.

2. അത്പോലെ തന്നെ ഈജിപ്തിലെ രാജാവായിരുന്ന അഖെനെതെൻ ആദ്യമായി മനസ്സിലാക്കി സ്വീകരിക്കുകയും ഇസ്റയേലികൾക്കിടയിൽ പ്രബോധിക്കുകയും ദൈവത്തിന്റെ ഏകത്വം എന്ന ആശയം ഈജിപ്തിൽ നിന്നുടലെടുത്തതാണെന്ന വാദവും തെറ്റാണ്. ഒന്നാമതായി ഒരു പ്രത്യേക സിദ്ധാന്തം ഒരു ജനതയുടെ കുത്തകയാണെന്ന് കരുതുന്നത് തന്നെ പ്രകടമായും ബുദ്ധിക്ക് നിരക്കാത്തതാണ്. വ്യത്യസ്ത ജനതകൾ പരസ്പരം കടം വാങ്ങാതെ തന്നെ ഒരേ ആശയം സ്വതന്ത്രമായ നിലയിൽ രൂപപ്പെടുത്തിയിരിക്കാം. രണ്ടാമതായി ദൈവത്തിന്റെ ഏകത്വമെന്ന ആശയം ഈജിപ്തിൽ നിന്ന് ഉത്ഭൂതമായതാണെന്ന് കരുതിയാൽ തന്നെ മോസസ് ഈജിപ്തുകാരനായിരുന്നുവെന്ന് സിദ്ധിക്കുന്നില്ല. അമേരിക്കകാരനോ, ജർമൻകാരനോ ഒരു ഇംഗ്ലീഷു കാരനിൽ നിന്ന് മറിച്ചും ഒരാശയം കടമെടുക്കാമെങ്കിൽ എന്തുകൊണ്ട് ഒരു ഒരു ഇസ്റായേൽകാരന് ഒരു ഈജിപ്ത് കാരനിൽ നിന്ന് ഒരാശയം കടമെടുത്ത് കൂടാ? സത്യമെന്തെന്നാൽ ദൈവത്തിന്റെ ഏകത്വമെന്ന ആശയത്തിന്റെ ഉത്പത്തി ഈജിപ്തുകാരനിൽ നിന്നോ സിറിയക്കാരനിൽ നിന്നോ മറ്റു ജനതകളിൽ നിന്നോ അല്ല. അതിന്റെ ഉത്പത്തി ദൈവിക വെളിപാടുകളിൽ നിന്നാണ്.

3. ചേലാകർമം ഒരു പഴയ ഈജിപ്ഷ്യൻ ആചാരമാണെന്നും ഈജിപ്തുകാരനായ മോസസ് തന്റെ ജനതയിൽ നിന്ന് ഈ സമ്പ്രദായം കടമെടുത്ത് ഇസ്റായേല്യർക്കിടയിൽ പ്രചരിപ്പിച്ചതാണെന്ന് തർക്കിക്കുന്നതിലും കഴമ്പില്ല. ചേലാകർമം ഈജിപ്തുകാർക്കിടയിൽ ഉണ്ടായിരുന്നു എന്നുകരുതിയാൽ തന്നെ മോസസ്സ് ഈജിപ്തുകാരനായിരുന്നുവെന്ന് അതിന് അർഥമുണ്ടോ? ഒരു ജനത മറ്റൊരു ജനതയിൽ നിന്ന് ആചാരം സ്വീകരിക്കാറില്ലേ? ഇസ്റയേല്യർ ഈജിപ്തിൽ താമസിച്ചിരുന്ന കാലത്ത് ഈജിപ്തുകാർ അവരിൽ നിന്ന് ഈ സമ്പ്രദായം സ്വീകരിച്ചതായികൂടേ? ഇസ്റയേല്യരാണെങ്കിൽ ഈജിപ്തുകാരുടെ പ്രജകളാണ് താനും. പ്രജകൾക്ക് ഭരണകർത്താക്കളുടെ ആശയങ്ങളോടും ആചാരങ്ങളോടും ഒരു പ്രത്യേക ബന്ധം ഉണ്ടാകുക സ്വാഭാവികമാണ്. ചേലാകർമ സമ്പ്രദായം ഈജിപ്തുകാർക്കിടയിൽ മാത്രമാണ് ഉണ്ടായിരുന്നത് എന്നത് ഒരു വസ്തുതയേ അല്ല. ബൈബിൾ പ്രകാരം മോസസ്സ് ജനിക്കുന്നതിന്റെ എത്രയോ മുമ്പു തന്നെ ദൈവികാജ്ഞ പ്രകാരം എബ്രഹാമും അദ്ദേഹത്തിന്റെ മക്കളായ ഇസ്മായീലും ഇസ്ഹാക്കും ചേലാകർമം ചെയ്തവരായിരുന്നു. കൂടാതെ ഈ കർമാനുഷ്ഠാനം അബ്രഹാം തന്നെ ഭാവിതലമുറക്കാർക്കും ബാദ്ധ്യതയാക്കിയിരുന്നു. (ഉല്പത്തി 17: 11) ഈജിപ്തിൽ ഒരിക്കലും പോയിട്ടില്ലാത്തവരും ഇസ്റായേല്യരുമായി നല്ലവിധത്തിൽ സാമൂഹിക ബന്ധം പുലർത്താത്തവരുമായിരുന്ന അറബികൾക്കിടയിലും ചേലാ കർമ സമ്പ്രദായം നിലനിന്നിരുന്നു. ആഫ്രിക്കയിലെ കാട്ടു ജാതിക്കാർക്കിടയിലും ആസ്ട്രേലിയായിലെ പ്രാകൃത മനുഷ്യർക്കിടയിലും ഈ സമ്പ്രദായം അജ്ഞാതമായിരുന്നില്ല. (Jew. Enc. Vol.4 page 97 Tribes of Central Astralia - by Spencer and Gillen page 323)

ഈജിപ്തുകാർക്കിടയിൽ ഈ സമ്പ്രദായം ഏറ്റവും ആദ്യമായി ബിസി 16 ാം നൂറ്റാണ്ടു മുതൽ കാണപ്പെട്ടിരുന്നു. (Jew. Enc.Vol. 4 page 97) അക്കാലത്ത് തന്നെ ഇസ്റായേല്യർ ഈജിപ്തിൽ വസിച്ചിരുന്നു. അതിനാൽ ഈ സമ്പ്രദായം കടമെടുക്കപ്പെട്ടതായിരുന്നു എന്ന് വന്നാൽ തന്നെ ഇസ്റായീല്യരിൽ നിന്ന് ഈജിപ്തുകാരായിരുന്നു കടമെടുത്തിരുന്നതെന്നും അല്ലാതെ ഈജിപ്തുകാരിൽ നിന്ന് ഇസ്റായേൽ കാരായിരുന്നില്ല എന്നും സംശയലേശമന്യേ പറയാൻ സാധിക്കും. ഈജിപ്തിലെ ചക്രവർത്തിമാർക്കിടയിൽ വളരെയധികം ബഹുമാനാദരവുകൾ ആർജിച്ചിരുന്ന യൂസുഫ് നബി (അ) യാണ് ഈ സമ്പ്രദായം ഈജിപ്തുകാർക്ക് പരിചയപ്പെടുത്തിയിരുന്നതെന്ന് തോന്നുന്നു. ഈജിപ്ഷ്യൻ ജനതയിലെ യൂസുഫ് നബി (അ) ഉൾപ്പെട്ട ഉന്നത വിഭാഗങ്ങളിൽ അദ്ദേഹത്തിന്റെ സ്വാധീനശക്തി മൂലമായിരിക്കണം ഈ സമ്പ്രദായത്തിന് പ്രചാരണം ലഭിച്ചത്. ഈജിപ്തിലെ ഉന്നതവിഭാഗങ്ങളിലാണ്, അല്ലാതെ ദരിദ്ര വിഭാഗങ്ങളിലല്ല ഈ സമ്പ്രദായം കൂടുതൽ നിലവിലുണ്ടായിരുന്നത് എന്ന വീക്ഷണക്കാരാണ് ഇത് സംബന്ധിച്ച് ഗവേഷണം നടത്തിയവർ പറയുന്നത്.

4. മോസസ് ഈജിപ്തുകാര

നായിരുന്നു എന്ന വാദത്തിനനുകൂലമായി മുന്നോട്ടു വെക്കുന്ന മറ്റൊരു വാദം അഖെനെതന്റെ അദ്ധ്യാപനങ്ങളിലും മരണാനന്തര ജീവിതത്തെക്കുറിച്ചുള്ള പരാമർശം ഇല്ലാ എന്നതാണ്. അഖെനെതന്റെ വീക്ഷണമെന്തായിരുന്നുവെന്ന് ദൃഢമായിപ്പറയാൻ കഴിയുമാറ് അദ്ദേഹം ഏതെങ്കിലും ഗ്രന്ഥമോ അദ്ധ്യാപനമോ അനുയായി വൃന്ദത്തേയോ അവശേഷിപ്പിച്ചു കൊണ്ടല്ല പോയിട്ടുള്ളത് എന്ന കാര്യം ഈ വാദം തികച്ചും ദുർബലവും യുക്തി ഹീനവുമാണെന്ന് വ്യക്തമാക്കുന്നു. അതിലുപരി മോസസിന്റെ അദ്ധ്യാപനങ്ങളിൽ മരണാനന്തര ജീവിതത്തെക്കുറിച്ചുള്ള അദ്ധ്യാപനങ്ങളുണ്ട് എന്നതാണ് സത്യം. ബൈബിൾ പറയുന്നു:

***'നിന്റെ സഹോദരൻ അഹരോൻ ഹോർ പർവതത്തിൽ വെച്ചു മരിച്ചു തന്റെ ജനതയോടു ചേർന്നത് പോലെ നീ കയറുന്ന പർവതത്തിൽ വെച്ച് നീ മരിച്ചു നിന്റെ ജനത്തോട് ചേരും.' (ആവർത്തനം 32:50)***

***'ഞാൻ ഉണരുമ്പോൾ നിന്റെ രൂപം കണ്ട് തൃപ്തനാകും.' (സങ്കീർത്തനം 17 : 15)***

പഴയ നിയമത്തിൽ മരണാനന്തര ജീവിതത്തെക്കുറിച്ച് എടുത്ത് കാണിക്കത്തക്ക വിധം ഊന്നൽ കൊടുത്തുകൊണ്ടുള്ള പ്രയോഗങ്ങളുടെ അസാന്നിദ്ധ്യമായിരിക്കാം ഈ തെറ്റിദ്ധാരണക്ക് കാരണം. ഈ ഊന്നലിന്റെ അഭാവം പഴയ നിയമത്തിൽ കാലക്രമേണ വന്നുചേർന്നിട്ടുള്ള പ്രക്ഷിപ്തങ്ങൾ കാരണവും ഇസ്റായീല്യർ ചിന്നി ചിതറി അടിമത്തത്തിൽ അകപ്പെടുകയും ചെയ്തപ്പോഴുള്ള ദുരിതങ്ങളുടേയും ദൗർഭാഗ്യങ്ങളുടേയും കാലഘട്ടത്തിൽ പഴയ നിയമം താറുമാറാക്കപ്പെടുകയും അതിലെ പല ഭാഗങ്ങളും നഷ്ടപ്പെട്ടതുകൊണ്ടുമായിരിക്കാനിടയുണ്ട്. എന്നിരിക്കിലും ബൈബിൾ പുനഃപ്രസാധനം ചെയ്യപെട്ടപ്പോൾ ജൂതപണ്ഡിതന്മാർ തങ്ങളുടെ പ്രകൃതിക്കനുയോജ്യമല്ലാത്ത ഭാഗങ്ങളൊഴിവാക്കിയതാകാം. മരണാനന്തര ജീവിതത്തെക്കുറിച്ച് പ്രതിപാദിക്കുന്ന ഭാഗങ്ങൾ ഇങ്ങനെ ഒഴിവാക്കപ്പെട്ടതിൽ ഉൾപ്പെട്ടിരിക്കാം. എന്തെന്നാൽ ജൂതന്മാർ ഒരു പ്രത്യേക തരം ഭൗതികാസക്തിയുള്ളവരായിരിക്കയാൽ മരണാനന്തര ജീവിതത്തെക്കുറിച്ച് ആവർത്തിച്ച് പ്രതിപാതിക്കാൻ അവർ ഇഷ്ടപ്പെട്ടിരിക്കാനിടയില്ല.

5. ഈജിപ്ത്കാരെപോലെ ഇസ്റായീല്യർക്കും പന്നിമാംസത്തോട് അങ്ങേയറ്റത്തെ അനിഷ്ടമുണ്ടായിരുന്നുവെന്നതാണ് മേൽ സിദ്ധാന്തത്തിനനുകൂലമായി മുന്നോട്ടുവെച്ചിരിക്കുന്ന അഞ്ചാമത്തെവാദം. ഈ വാദത്തിന് വളരെ ദുർബലമായ അടിസ്ഥാനമേ ഉള്ളൂ. ഈജിപ്തുകാർ പന്നിമാംസം ഇഷ്ടപ്പെട്ടിരുന്നില്ലെങ്കിലും ഈജിപ്ഷ്യൻ ദൈവങ്ങളുടെ ആൾത്താരകളിൽ പന്നികൾ ബലിയർപ്പിക്കപ്പെടാറുണ്ടായിരുന്നു. ഈജിപ്തുകാർ പന്നിയെ കശാപ്പ് ചെയ്യുന്നതിൽ നിന്ന് മാറി നിന്നത് അവർ പന്നി ഒരു പുണ്യമൃഗമാണെന്ന് കരുതുന്നത് കൊണ്ടായിരുന്നു. എന്നാൽ ഇസ്റായേലുകാരാകട്ടെ പന്നി നിന്ദ്യവും നിഷിദ്ധവുമായ മൃഗമായത് കൊണ്ടാണ് അതിനെ ഭക്ഷിക്കുന്നതിൽ നിന്ന് വിട്ട് നിന്നത്.

6. മോസസിന് ഇസ്റായീല്യരുടെ ഭാഷയായ ഹിബ്രു നല്ലത്പോലെ സംസാരിക്കാൻ കഴിഞ്ഞിരുന്നില്ല എന്നതാണ് അദ്ദേഹം ഈജിപ്തുകാരനായി കരുതുന്നതിനനുകൂലമായി ഉന്നയിക്കുന്ന മറ്റൊരു വാദം. ഈ വാദം പുറപ്പാട് 4: 10 വാക്യത്തിന്റെ അടിസ്ഥാനത്തിലുള്ളതാണ്. അതിൽ പ്രസ്താവിക്കപ്പെട്ടിരിക്കുന്നത് പോലെ മൂസാ ഒരു വാഗ്മിയായിരുന്നില്ല എന്നതും അദ്ദേഹത്തിന്റെ സംസാരത്തിലും നാവിലും മാന്ദ്യമുണ്ടായിരുന്നുവെന്നുമാണ്. മോശെയുടെ സംസാരത്തിൽ വിക്കുണ്ടായിരുന്നുവെന്നതും അദ്ദേഹത്തിന് സുഗമമായി ആശയം പ്രകടിപ്പിക്കാൻ സാധിച്ചിരുന്നില്ലെന്നതും നേരാണ്. മോശെയുടെ സംസാരത്തിന് ഒഴുക്കുണ്ടായിരുന്നില്ലെന്നതും നേരാണ്. മോശെയുടെ സംസാരത്തിന്ന് വിക്കുണ്ടായിരുന്നു എന്നതും ഒഴുക്കുണ്ടായിരുന്നില്ല എന്നതും എങ്ങനെ അദ്ദേഹം ഒരു ഇസ്റായീല്യനല്ല എന്ന് തെളിയും? നേരെ മറിച്ച് ബൈബിളിൽ നിന്നും ഖുർആനിൽ നിന്നും മനസ്സിലാവുന്നത് മോശെ തന്റെ ദൗത്യം പ്രഖ്യാപിക്കാൻ വേണ്ടി ഫറോവയുടെ അടുത്തേക്ക് പോകാൻ ദൈവത്താൽ ആജ്ഞാപിക്കപ്പെട്ടപ്പോൾ തനിക്ക് ആശയങ്ങൾ വേണ്ടവിധം പ്രകടിപ്പിക്കുന്നതിലുള്ള കഴിവ്കേടിന് തന്നോട് ക്ഷമിക്കണമെന്ന് അപേക്ഷിക്കുകയാണ് ചെയ്തത് എന്നാണ്. ഇത് മനസ്സിലാക്കിത്തരുന്നത് തന്നെ ഫറോവ സംസാരിക്കുകയും മനസ്സിലാക്കുകയും ചെയ്യുന്ന ഭാഷയിൽ സുഗമമായി സംസാരിക്കുവാൻ മോശെക്ക് സാധിച്ചിരുന്നില്ല എന്നാണ്. അതായത് ഈജിപ്ഷ്യൻ ഭാഷയിൽ സുഗമമായി സംസാരിക്കാൻ സാധ്യമല്ലാത്തതിനാൽ അദ്ദേഹം ഈജിപ്തുകാരനായിരുന്നില്ല.

ചുരുക്കത്തിൽ മോശെ എന്ന പേര് ഈജിപ്ഷ്യൻ ഉൽപത്തിയുള്ളതാണെന്നും മോശെ ഒരു ഇസ്റായീല്യനല്ലായിരുന്നുവെന്നും കരുതുന്നതിന് യാതൊരു കാരണവും നീതീകരണവുമില്ല. ബൈബിളിലും ഖുർആനിലും മോശെയെക്കുറിച്ചു പറഞ്ഞ വിവരണങ്ങളും ജൂത ചരിത്രത്തിന്റെ തെളിവുകളും ഹിബ്രുവിന്റെയും ബൈബിളിന്റേയും ഭാഷാപരമായ തെളിവും എല്ലാം കൂട്ടി ചേർത്താൽ മോശെ ഒരു ഈജിപ്തുകാരനല്ലായിരുന്നെന്നും അദ്ദേഹത്തിന്റെ പേർ ഈജിപ്ഷ്യൻ ഉൽപത്തിയിലുള്ളതല്ലെന്നുമുള്ള വസ്തുതയെ ബലവത്താക്കുകയും സമർഥിക്കുകയും ചെയ്യുന്നു. ***(The Holy Quran with English Translation and Commentary** വിവ: കെ.വി. ഹസ്സൻ കോയ)*

# മതപരിത്യാഗവും മൗലാനാ മൗദൂദിയും

മതത്തിൽ യാതൊരു വിധ സമ്മർദങ്ങളുമില്ല എന്ന സുവർണ സൂക്തം ഉൾക്കൊള്ളുന്ന മതമാണ് ഇസ്‌ലാം. ആ ഇസ്‌ലാമിനെ രാഷ്ട്രം അഥവാ അധികാര ശക്തിയുടെ മൂർത്ത രുപമാണെന്ന് വ്യാഖ്യാനിക്കുകയും മതം മാറുന്നവൻ രാജ്യദ്രോഹിയെ പോലെ വധാർഹനാണെന്നും മൗലാനാ മൗദൂദി സിദ്ധാന്തിക്കുകയുണ്ടായി. മനുഷ്യ സ്വാതന്ത്ര്യത്തിന് വിരുദ്ധമായ ഈ ഭീകര നിയമത്തിന് ഇസ്‌ലാമുമായി യാതൊരു ബന്ധവുമില്ല.

ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ് (റഹ്)

**ഇത് ഒരു അനുസ്മരണ സന്ദേശമാകുന്നു. അതിനാൽ വല്ലവനും ഉദ്ദേശിക്കുന്നുവെങ്കിൽ തന്റെ നാഥനിലേക്ക് അവൻ ഒരു മാർഗം സ്വീകരിച്ചുകൊള്ളട്ടെ. (വിശുദ്ധ ഖുർആൻ 76:30)**

**നമ്മുടെ അധികാരപരിധിയിൽ നാം യാതൊരു മുസൽമാനെയും അവന്റെ മതം മാറ്റുവാനോ മറ്റു മതങ്ങൾക്ക് പ്രചാരണം നടത്തുവാനോ അനുവദിക്കുന്നതല്ല. - മൗലാനാ മൗദൂദി (മൗലാനാ അബുൽ അഅ്‌ലാ മൗദൂദി - മുർത്തദ് കീ സസാ ഇസ്‌ലാമി ഖാനൂൻ മെ, ലാഹോർ, പേജ് 32)**

മൗലാനാ മൗദൂദിയുടെ രാഷ്ട്രീയാധികാര ദുരക്ക് അതിരുകളില്ല. അദ്ദേഹം ആവിഷ്ക്കരിച്ച മതപരിത്യാഗത്തെക്കുറിച്ചുള്ള (മതമുപേക്ഷിക്കുന്നവനുള്ള) നിയമങ്ങൾ മൗദൂദിയുടെ വ്യക്തിത്വത്തിൽ അലിഞ്ഞു ചേർന്ന ഒടുങ്ങാത്ത അധികാര ഭ്രാന്തിന്റേയും അസഹിഷ്ണുതയുടേയും ഒരു വിപുലീകരണം മാത്രമാണ്. ഇസ്‌ലാമുമായി അതിന് യാതൊരു ബന്ധവുമില്ല. മൗലാനാ മൗദൂദിയുടെ ഏറ്റവും അടുത്ത സഹപ്രവർത്തകനായിരുന്ന ഡോ. ഇസ്റാർ അഹ്മദ് പറയുകയുണ്ടായി: ***മൗലാനാ മൗദൂദി തന്റെ (മറ്റു) ആശയങ്ങൾ മൗലാന ആബുൽ കലാം ആസാദിൽ നിന്നും അലി സഹോദരന്മാരിൽ നിന്നും കടം വാങ്ങിയതാണ്. അദ്ദേഹത്തിന്റെ അവതരണ ശൈലി നിയാസ് ഫതഹ് പുരിയുടേതാണ്. പക്ഷേ ഗർവിഷ്ഠനായ മൗദൂദി അദ്ദേഹത്തിന്റെ ആശയങ്ങൾ മറ്റുള്ളവരിൽനിന്ന് പകർന്നു കിട്ടി യെന്ന് ഒരിക്കലും വെളിപ്പെടുത്തിയിരുന്നില്ല. മറിച്ച് അതെല്ലാം തന്റെ സ്വയം കൃതികളാണെന്നാണ് അദ്ദേഹം അറിയിച്ചത്. (ഡോ. ഇസ്റാർ അഹ്മദ് - ഇസ്‌ലാം ഔർ പാകിസ്താൻ തഹ്‌രീക്കി സിയാസി ഇൽമ് ഔർ തഖാഫത്തി വ സെമൻസർ (ലാഹോർ 1938) പേജ് 72***

അതുപോലെ മതപരിത്യാഗത്തെക്കുറിച്ചുള്ള മൗലാനയുടെ ആശയങ്ങൾ മദ്ധ്യകാല ക്രിസ്തുമത ചിന്തയിൽ അധിഷ്ഠിതമായതും മുസ്‌ലിം കർമശാസ്ത്ര (ഫിഖ്ഹ്) പണ്ഡിതന്മാരുടെ വ്യാഖ്യാന വൈകല്യങ്ങളിൽ നിന്ന് ഉത്ഭൂതമായതുമാണ്. ഒരു വശത്ത് ദേശീയവാദികളായ കോൺഗ്രസ്സുകാരുമൊത്ത് സഹകരിക്കുകയും മറുവശത്ത് ശുദ്ധി പ്രസ്ഥാനത്തിനെതിരെ പടയൊരുക്കം നടത്തുകയും ചെയ്ത ദയൂബന്ദ് പ്രസ്ഥാനമായിരുന്നു മൗദൂദിയുടെ ഈ വിഷയകമായ ചിന്തകളെ ഭാഷപ്പെടുത്തിയത്. മൗലാനാ യുവ പത്രപ്രവർത്തകനായിരിക്കുമ്പോൾ വായിച്ച മാർക്സിയൻ രചനകളുടെ സ്വാധീനം അദ്ദേഹത്തിന്റെ ചിന്ത

കളിലുടനീളം പ്രകടമായിരുന്നു. മദ്ധ്യകാല ക്രിസ്തീയാചാരങ്ങളുടേയും ദയൂബന്ദ് വഹാബി അസഹിഷ്ണുതയുടെയും മാർക്സിയൻ കലാപ വാസനയുടേയും ഒരു വിചിത്ര സങ്കലനമായിരുന്നു അദ്ദേഹത്തിന്റെ ജമാഅത്തെ ഇസ്‌ലാമി.

മത സ്വാതന്ത്ര്യം എന്നത് പരിണാമാത്മകമോ രേഖീയമോ ആയ ഒന്നല്ല. അത് ഒരു ചാക്രിക പ്രതിഭാസമാകുന്നു. ദൈവത്തിന്റെ ഒരു പ്രവാചകനോ ഒരു പുനരുദ്ധാരകനോ അവതരിക്കുമ്പോൾ അദ്ദേഹം എതിർക്കപ്പെടുന്നു. അദ്ദേഹം സമുദായത്തെ ഭിന്നിപ്പിക്കുന്നുവെന്നും പാരമ്പര്യ സുഭദ്രത ശിഥിലമാക്കുന്നുവെന്നും ആരോപിക്കപ്പെടുന്നു. അദ്ദേഹത്തെ മതപരിത്യാഗിയെപ്പോലെ ചിത്രവധത്തിന് വിധേയമാക്കുന്നു. അവസാനം ആ പ്രവാചകൻ മതസ്വാതന്ത്ര്യം സ്ഥാപിക്കുന്നതിൽ വിജയശ്രീലാളിതനായി തീരുന്നു. പ്രവാചകന്മാരുടെ ഈ സ്വാതന്ത്ര്യം മുഖേന പ്രചരിപ്പിക്കപ്പെട്ട യഥാർഥ വിശ്വാസം ക്രമേണ വിയോജിക്കാനുള്ള സ്വാതന്ത്ര്യവും അവകാശവും നിഷേധിക്കുകയും സ്ഥാപനവത്കൃത സിദ്ധാന്ത (Dogma) ത്തിന്റെ സങ്കുചിതത്വത്തിലേക്ക് കഠിനതരമായിപ്പോവുകയും ചെയ്യുന്നു.

ദേവാലയത്തിലെ അവസാന സന്ദർശനത്തിൽ ക്രിസ്തു പറയുകയുണ്ടായി: സീസർക്കുള്ളത് സീസർക്കും ദൈവത്തിനുള്ളത് ദൈവത്തിനും കൊടുപ്പീൻ (മർകേസ് 12: 17) ഈ പ്രസ്താവന മതവിശ്വാസത്തെ രാഷ്ട്രീയാധികാരത്തിൽ നിന്ന് വളരെ വ്യക്തമായും വേർതിരിക്കുന്നു. എന്നിരിക്കിലും രാഷ്ട്രീയാധികാരം ലഭിച്ച് ഒരു വർഷം കഴിഞ്ഞ് (എ ഡി 312) ക്രിസ്തുസഭ മതഭിന്നതയാൽ (ioiva-Schism) പിളരുകയുണ്ടായി. ആദിമ ക്രിസ്ത്യാനികൾ മുന്നൂറു വർഷത്തിലധികം പീഡിപ്പിക്കപ്പെടുകയുണ്ടായി. എന്നിട്ടും കോൺസ്റ്റന്റയിൻ ചക്രവർത്തി ക്രിസ്തുമതത്തിലേക്ക് പരിവർത്തനം ചെയ്തതിന് ശേഷം അവർ ക്രിസ്തു സഭ സന്യാസി മഠ പ്രസ്ഥാനം (Monastism Secession), ഡൊണാസ്റ്റിക്ക് ശീശ്മ (Donastic Scheism), ആരിയൂസ് പാഷാണ്ഡത(Arian Hersy), എന്നീ ചിന്താ പ്രസ്ഥാനങ്ങളോട് ഏറ്റു മുട്ടുകയുണ്ടായി. ക്രിസ്തു സഭയുടെ ചരിത്രത്തിലുടനീളം പാഷാണ്ഡത (മതനിന്ദ പാഷാണ്ഡത) യഥാസ്ഥിതികത്വത്തിൽനിന്നുള്ള വിയോജിപ്പുകളും ഉത്കണ്ഠയുളവാക്കുന്ന ഒരു വിഷയമായിരുന്നു. അത് ക്രിസ്തുവിന്റെ ദൈവികത്വ സങ്കൽപ്പങ്ങളുമായി അഭേദ്യമായി ബന്ധപ്പെട്ടതായിരുന്നു.

ക്രിസ്തു സഭയുടെ ആദ്യത്തെ എക്യുമെനിക്കൽ (സഭാഐക്യം) സമ്മേളനം ക്രി. വ 325 ൽ ബിത്തിനിയൻ നിഖ്യായിൽ ചേരുകയും ത്രിത്വത്തിന്റെ പ്രഹേളികക്ക് ഒരു പ്രമാണം പുറപ്പെടുവിക്കുകയും ചെയ്തു. മാപ്പു ചോദിക്കാത്ത ആരിയൂസിനെ നിഖ്യാ കൗൺസിൽ സ്ഥാനഭ്രഷ്ടനാക്കുകയും കോൺസ്റ്റന്റയിൻ ചക്രവർത്തി അദ്ദേഹത്തെ നാടുകടത്തുകയുമുണ്ടായി. ആരിയൂസിന്റെ ഗ്രന്ഥങ്ങൾ ചുട്ടുകരിക്കാനും അവ കൈവശം വെക്കുന്നവർക്ക് വധശിക്ഷ നൽകാനും ചക്രവർത്തി ഉത്തരവിട്ടു.

ജസ്റ്റീനിയൻ മതപരിത്യാഗത്തിന് വധശിക്ഷ ശുപാർശ ചെയ്തതോടെ നസ്രേത്തിലെ ക്രിസ്തുവിൽ തുടക്കം കുറിക്കപ്പെട്ട മതസ്വാതന്ത്ര്യം ഒരു പരിവൃത്തി പൂർത്തിയാക്കുകയുണ്ടായി. ക്രി. വ 523 ൽ റോമൻ നിയമ സംഹിതയുടെ ഭാഗം എന്ന നിലക്കാണ് ഈ ശിക്ഷ ശുപാർശ ചെയ്തത്.

യഥാർഥ ഇസ്‌ലാം മൗദൂദിയെ സംബന്ധിച്ചിടത്തോളം പ്രചോദന ശക്തിയില്ലാത്തതായി തീർന്നിരിക്കുന്നു. മതവിരുദ്ധത അഥവാ പാഷാണ്ഡതയും (Hersy) മതപരി ത്യാഗത്തിന്റേയും (Apostacy) സങ്കൽപ്പങ്ങൾ മൗദൂദിക്ക് പരിചയപ്പെടുത്തിയ കാൽവിയൻ (John Calvin 1509 – 1564 - മാർട്ടിൻ ലൂഥറിന്റെ ക്രിസ്തീയ പരിഷ്ക്കരണങ്ങൾക്ക് നിയമ രൂപം നൽകിയ കർക്കശക്കാരനായ പുരോഹിതൻ) താർക്കിക യുക്തിശാസ്ത്രത്തിന്റെ സ്വാധീനത്തിൽ നിന്ന് അദ്ദേഹത്തിന്ന് രക്ഷപ്പെടാനായില്ല. കാൽവിയൻ ആയിരുന്നു മത പരിത്യാഗത്തിന് വധശിക്ഷ നിർദേശിച്ച ചിന്തകൻ. പക്ഷേ മൗദൂദി തന്റെ ശിക്ഷയുടെ ആധികാരികത നബി തിരുമേനി (സ) യിൽ ആരോപിക്കുവാൻ ധിക്കാരം കാണിക്കുകയുണ്ടായി. കലാപകാരികളായ ഒരു ഗോത്രസമൂഹത്തോട് അബൂബബക്കർ(റ) നടത്തിയ കുറേ സൈനിക നടപടികൾ മതപരിത്യാഗത്തിന് തെളിവായി അദ്ദേഹം ഉദ്ധരിക്കുന്നു. ഈ വിഷയകമായി മൗലാനാ ഉത്തമ വിശ്വാസത്തോടെ ഒരു ലഘുലേഖ എഴുതിയിട്ടുണ്ട്. അതിൽ എഴുതി ചേർത്തതാണ് ഇക്കാര്യം. ഇത് ചർച്ച ചെയ്യുന്നതിന് മുമ്പേ ക്രിസ്ത്യൻ മാതൃകകൾ മൗലാന

മൗലാനയുടെ അഭിപ്രായപ്രകാരം അഹ്മദികൾ മതത്യാഗികളും അമുസ്‌ലിം ന്യൂനപക്ഷവുമാണ്. പക്ഷേ അഹ്മദികൾ മാത്രമല്ല ഈ മതവിരുദ്ധർ. പർവേഴ്സ് ചിന്താഗതിയിൽപ്പെട്ട അഹ്‌ലെ ഖുർആനികളും മതവിരുദ്ധരാണ്. അവർ കാഫിറുകളും മത പരിത്യാഗികളുമാണ്. മൗദൂദിയുടെ അഭിപ്രായ പ്രകാരം യഥാർഥത്തിൽ അവരുടെ മത വിരുദ്ധത ഖാദിയാനികളേക്കാൾ ഗുരുതരമായതാണ്.

യെ എത്രത്തോളം സ്വാധീനിച്ചിരിക്കുന്നു എന്നതിന് അദ്ദേഹത്തിന്റെ രചനകൾ തന്നെ ഉദ്ധരിക്കേണ്ടിയിരിക്കുന്നു.

ഒന്നാമതായി മദ്ധ്യകാല യൂറോപ്പിലെ ക്രിസ്തീയ സഭാപിതാക്കൾ ക്രിസ്തു മതം ഉപേക്ഷിക്കൽ വധശിക്ഷ അർഹിക്കുന്ന കുറ്റമായി കണക്കാക്കി ക്രിസ്തുമതത്തെ കുറിച്ചുള്ള ഒരേയൊരു അംഗീകൃത ഔദ്യോഗിക ഭാഷ്യം സഭാപിതാക്കന്മാരുടെതുമായിരുന്നു. അതുപോലെ മതം ഉപേക്ഷിച്ചവന് ഇസ്‌ലാമിലെ ശിക്ഷ വധശിക്ഷ ആണെന്നും ഇസ്‌ലാം മതത്തിലെ ഒരേയൊരു അംഗീകൃത ഭാഷ്യം മൗലാനാ മൗദൂദിയുടേതും അദ്ദേഹത്തിന്റെ അനുയായികളുടേതു മാത്രമാണെന്നും വരുന്നു. മൗദൂദിയൻ ഭരണത്തിനു കീഴിൽ ആരൊക്കെയാണ് മുസ്‌ലിംകൾ എന്നും ആരൊക്കെയാണ് അമുസ്‌ലിംകൾ എന്നും അവർ വ്യക്തമായി തീരുമാനിക്കും. എന്ത് തരത്തിലുള്ള തീരുമാനമായിരിക്കുമത്.!! മൗലാനയുടെ എഴുത്ത് വളരെ വ്യക്തമാണ്.

മൗലാനയുടെ അഭിപ്രായപ്രകാരം അഹ്മദികൾ മതത്യാഗികളും അമുസ്‌ലിം ന്യൂനപക്ഷവുമാണ്. പക്ഷേ അഹ്മദികൾ മാത്രമല്ല ഈ മതവിരുദ്ധർ. പർവേഴ്സ് ചിന്താഗതിയിൽപ്പെട്ട അഹ്‌ലെ ഖുർആനികളും മതവിരുദ്ധരാണ്. അവർ കാഫിറുകളും മത പരിത്യാഗികളുമാണ്. മൗദൂദിയുടെ അഭിപ്രായ പ്രകാരം യഥാർഥത്തിൽ അവരുടെ മത വിരുദ്ധത ഖാദിയാനികളേക്കാൾ ഗുരുതരമായതാണ്. മൗദൂദിയുടെ അദ്ധ്യാപനങ്ങളിൽ ഇപ്പോഴും ഉറച്ചു നിൽക്കുന്ന ആളും മൗദൂദിയുടെ വലംകയ്യുമായും അറിയപ്പെടുന്ന മൗലാനാ അമീൻ അഹ്സൻ ഇസ്‌ലാഹി ജമാഅത്തെ ഇസ്‌ലാമിയുടെ ഔദ്യോഗിക മുഖപത്രമായ തസ്നീമിൽ കൊടുത്ത ബഹിഷ്ക്കരണാജ്ഞയാണ് താഴെ കൊടുക്കുന്നത്.

*ചില ആളുകൾ ഇസ്‌ലാമിക ശരീഅത്തിലുള്ള വ്യത്യാസങ്ങൾ ഉദ്ധരിച്ചുകൊണ്ട് ഈ നാട്ടിൽ ഇസ്‌ലാമിക ശരീ അത്ത് നടപ്പിൽ വരുത്താൻ സാദ്ധ്യമല്ല എന്ന് പറയുന്നു. അത്കൊണ്ട് ഖുർആൻ നിർദേശിക്കുന്ന മാർഗ തത്ത്വങ്ങളനുസരിച്ച് മാത്രം ഈ നാട്ടിൽ (പാകിസ്താനിൽ) ഭരണകൂടം സ്ഥാപിക്കുക എന്നവർ അഭിപ്രായപ്പെടുന്നു. ഈ അഭിപ്രായം പ്രകടിപ്പിക്കുന്നവരുടെ ഉദ്ദേശ്യം ഖുർആനിലുള്ളത് മാത്രമാണ് ശരീഅത്തെന്നും ബാക്കിയുള്ളതൊന്നും ശരീഅത്താകുന്നില്ല എന്നുമാണ്. ഈ നിലപാട് വ്യക്തമായ കുഫ്റാണ് . ഈ കുഫ്റ് ഖാദിയാനികളുടേത് പോലെയാണ്. അല്ല, അതിനേക്കാൾ ഗുരുതരമാണ്.*

മൗലാനയുടെ ഈ വിധി പ്രസ്താവം വ്യക്തമായും അഹ്മദികൾക്കും അഹ്‌ലെ ഖുർആനികൾക്കും എതിരെയുള്ളതാണ്. ഈ രണ്ട് മതനിന്ദയേയും തുടർന്നുള്ള മതപരിത്യാഗവും ഈ രണ്ടു ഗ്രൂപ്പുകളിൽ മാത്രം പരിമിതമാണോ എന്ന് കൂടുതൽ അടുത്ത് നിന്ന് നോക്കേണ്ടതുണ്ട്.

മൗദൂദിയെ സംബന്ധിച്ചിടത്തോളം മൗദൂദിസം ഒഴിച്ചുള്ളതെല്ലാം മതവിരുദ്ധമാണ്. അതനാസിയൻ (Athanasian പാശ്ചാത്യ റോമൻ ക്രൈസ്തവ വിശ്വാസത്തിന് ഔദ്യോഗിക ഭാഷ്യം നൽകിയ പുരോഹിതനാണ് അതനാസ്. വിവ:) പ്രമാണം പോലെ മൗദൂദിയൻ അദ്ധ്യാപനങ്ങളിൽ നിന്നുള്ള വ്യതിചലനമെല്ലാം കുഫ്റ് ആണ്. മൗലാനാ പറയുന്നു:

*മുസ്‌ലിം സമുദായം എന്ന് പറയുന്ന ഈ വൻസമൂഹത്തിന്റെ സ്ഥിതിയാണെങ്കിൽ അതിൽ ആയിരത്തിൽ 999 പേരും ഇസ്‌ലാമിനെക്കുറിച്ച് ജ്ഞാനമുള്ളവരോ സത്യവും അസത്യവും വേർതിരിച്ചറിയാൻ സാധിക്കുന്നവരോ അല്ല. പിതാവിൽനിന്ന് പുത്രനും പുത്രനിൽ നിന്ന് പൗത്രനും മുസൽമാൻ എന്ന പേര് ലഭിച്ചത്കൊണ്ട് മാത്രമാണ് മുസൽമാൻ ആയത്. അവർ സത്യത്തെ സത്യമെന്ന് കരുതി സ്വീകരിക്കുകയോ അസത്യത്തെ അസത്യമെന്ന് കരുതി തിരസ്ക്കരിക്കുകയോ ചെയ്യുന്നവരല്ല. അവരുടെ ഭൂരിപക്ഷാഭിപ്രായക്കാരുടെ കയ്യിൽ കടിഞ്ഞാൺ കൊടുത്ത്കൊണ്ട് വണ്ടി ഇസ്‌ലാമിന്റെ പാതയിൽ സഞ്ചരിക്കുകയാണെന്ന് കരുതുകയാണെങ്കിൽ അത് വെറും വ്യാമോഹമാണ്. (മുസൽമാൻ ഔർ മൗജൂദാ സിയാസി കശ്മകശ് വാല്യം1 പേജ് 16 )*

അദ്ദേഹം തുടരുന്നു:

*ജനായത്ത തിരഞ്ഞെടുപ്പ് പ്രക്രിയകൾ പാലിൽ നിന്ന് വെണ്ണ കടഞ്ഞെടുക്കുന്നത് പോലെയാണ്. വിഷമയമായ പാലാണ് കടയുന്നതെങ്കിൽ വെണ്ണയും വിഷലിപ്തമായിരിക്കും. ആളുകൾ ധരിക്കുന്നത് ഭൂരിപക്ഷ ഹിന്ദുക്കളുടെ കയ്യിൽ നിന്ന് മുസ്‌ലിം പ്രദേശം മോചിപ്പിച്ചാൽ അവിടെ സ്വയമേവ ദൈവിക ഭരണം (ഹുകൂമത്തെ ഇലാഹി) വരുമെന്നാണ്. വാസ്തവത്തിൽ ഇതിന്റെ ഫലമായുണ്ടാകുന്നത് മുസ്‌ലിംകളുടെ കുഫ്റ് ഭരണകൂടമായിരിക്കും. (മുസൽമാൻ ഔർ മൗജൂദാ സിയാസി കശ്മകശ് വാല്യം1 പേജ് 132 )*

ഈ പുസ്തകത്തിലെ താഴെ ഖണ്ഡികയിൽ മൗലാനാ കുറെ കൂടി വ്യക്തമായി കാര്യങ്ങൾ പറയുന്നു:

*മുസ്‌ലിംകൾ എന്ന് പറയുന്നവരുടെ രാജ്യങ്ങൾ എല്ലാതരം അസംബന്ധങ്ങളും കൊണ്ട് പടുത്തുയർത്തിയതാണ്. അവിശ്വാസികളിൽ കാണുന്ന എല്ലാ ദുസ്വഭാവങ്ങളും ഇവിടെയും ദൃശ്യമാണ്. നിയമ കോടതികളിൽ കള്ളം പറയുന്ന മുസ്‌ലിംകളുടെ എണ്ണം ഒട്ടും കുറവല്ല. കളവ്, വ്യഭിചാരം, കൈക്കൂലി, വ്യാജം ചുരുക്കത്തിൽ അവരുടെ ധാർമികാധപതനം അവിശ്വാസികളേക്കാൾ (കുഫ്ഫാർ) ഒട്ടും പിന്നിലല്ല. (മുസൽമാൻ ഔർ മൗജൂദാ സിയാസി കശ്മകശ് വാല്യം1 പേജ് 166)*

മൗദൂദിയുടെ ശാസനയും ആജ്ഞയും സമഗ്രമാണ്. മൗലാനാ പുറപ്പെടുവിച്ച ഈ ഉത്തരവ് പ്രകാരമുള്ള ഈ കുഫ്രിയത്തി നടിമപ്പെട്ട് 99.9 ശതമാനം മുസ്‌ലിംകൾ സാധാരണക്കാരാണെന്നും മുസ്‌ലിം ഉലമാക്കന്മാരും മതനേതൃത്വവും ഇതിൽ നിന്ന് ഒഴിവാണെന്നും ചില ആളുകൾ ധരിച്ചിട്ടുണ്ടായിരിക്കും. എന്നാൽ മുസ്‌ലിം നേതൃത്വവും ഉലമാക്കന്മാരും മൗദൂദിസം സ്വീകരിക്കാത്തിടത്തോളം കാലം വൻപാപികളാണെന്ന് അദ്ദേഹം പ്രസ്താവിക്കുന്നു.

***പശ്ചാത്യ വിദ്യാഭ്യാസം ലഭിച്ച രാഷ്ട്രീയ നേതാക്കന്മാർ, ഉലമാക്കന്മാർ മുസ്‌ലിം നിയമ ശാസ്ത്ര വിശാരദന്മാർ ഈ നേതാക്കന്മാരോരുത്തരും മാർഗത്തിലും ലക്ഷ്യത്തിലും അത്യന്തം വഴിപിഴച്ചവരാണ്. അവർക്ക് സത്യത്തിന്റെ പാത നഷ്ടമായിരിക്കുന്നു. അവർ ഇരുളിൽ അന്ധരായിക്കൊണ്ട് അലയുകയാണ്. അവർക്കാർക്കും തന്നെ ഒരു ഇസ്‌ലാമിക വീക്ഷണ കോണില്ല. (മുസൽമാൻ ഔർ മൗജൂദാ സിയാസി കശ്മകശ് വാല്യം1 പേജ് 95 )***

അതായത് മൗലാനയെ സംബന്ധിച്ചിടത്തോളം 99.9 ശതമാനം മുസ്‌ലിം ജനസാമാന്യമോ അവരുടെ മതഭൗതിക നേതൃത്വമോ സത്യപാതയിലല്ല. അവരെല്ലാം വഴിപിഴച്ചിരിക്കുന്നു. അവരുടെ വീക്ഷണ കോൺ മുസ്‌ലിമിന്റേതല്ല. മുഫ്ഫാറുകളിൽ കാണുന്നയത്ര വിവിധതരത്തിലുള്ള കുറ്റവാളികൾ മുസ്‌ലിംകളിലും കാണുന്നു. ഒരാൾ ഉമ്മത്തിന്റെ മുഴുവൻ മതമുപേക്ഷിച്ചവരുടെ അഥവാ മതപരിത്യാഗികളുടെ ഒരു കൂട്ടമാണെന്ന് പറയുകയാണെങ്കിൽ **'അതെ, താങ്കൾ സത്യം പറഞ്ഞു'** എന്ന് മൗലാന പ്രതി വചിക്കുമായിരുന്നു. മൗലാനാ തന്റെ വാക്കുകൾ മയപ്പെടുത്തുന്ന കൂട്ടത്തിലുള്ള ആളല്ല. ജമാഅത്തെ ഇസ്‌ലാമി വിട്ടുപോയവരെപ്പറ്റി പരാമർശിക്കവേ അദ്ദേഹം പറഞ്ഞു.

***ഈ പാതയിൽ നിന്ന് പിന്മാറാൻ സാദ്ധ്യമല്ല. പിന്മാറുക എന്നതിന്നർഥം മതം ഉപേക്ഷിക്കുക എന്നാണ്. (റുയിദാദെ ജമാഅത്തെ ഇസ്‌ലാമി മൗലാനാ മൗദൂദി (ലാഹോർ 1970) ഭാഗം 1 പേജ് 16)***

ജമാഅത്തെ ഇസ്‌ലാമിയിൽ നിന്ന് വിട്ടുപോയി മറ്റുവല്ല മുസ്‌ലിം കക്ഷികളിലും ചേരുക എന്നത് മതമുപേക്ഷിക്കലാണ്. മറ്റു സംഘടനകൾ സ്വയമേവ കാഫിറുകളാണ്. മഹാത്മാക്കളുടെ കബറിടങ്ങളിൽ പോയി മുസ്‌ലിംകളും, ആദ്യത്തെ മൂന്ന് ഖലീഫമാരും അപഹർത്താക്കളെന്ന് കരുതുന്ന ശിയാക്കളും അപ്രകാരം തന്നെ. മൗലാന മൗദൂദിയുടെ അഭിപ്രായത്തിൽ അഹ്‌ലുസ്സുന്നത്ത് വൽ ജമാഅത്ത് മുഖ്യധാരയിൽപ്പെട്ട ഇന്ത്യയിലേയും പാകിസ്താനിലേയും ബറേൽവികളെന്നറിയപ്പെടുന്ന മുസ്‌ലിംകളുമെല്ലാം കാഫിറാ ണെന്ന് കരുതുന്നു. ദയൂബന്ദി ഉലമാക്കന്മാരും മൗലാനയുടെ ഈ അഭിപ്രായത്തെ പിന്തുണക്കുന്നുണ്ട്.

ഇപ്പോൾ ഫലത്തിൽ മൗദൂദികളല്ലാത്ത എല്ലാവരും മതപരിത്യാഗിയാണെന്നാണ് മൗലാനാ പ്രഖ്യാപിക്കുന്നത്. ജന്മനാ മുസ്‌ലിംകളായവരുടെ കാര്യത്തിലാണ് ഈ വിഷയം മൗലാനാ വളരെ സൂക്ഷ്മമായി വിശദീകരിക്കുന്നത്. അതാകട്ടെ മൗദൂദിയുടെ ഏറ്റവും വിഷമകരമായ ഒരു വാദഖണ്ഡമാണുതാനും. അദ്ദേഹത്തിന്റെ സ്വന്തം ഇസ്‌ലാമിനെ പറ്റി ചർച്ച ചെയ്തു കൊണ്ട് മൗലാന മൗദൂദി പറയുകയാണ്.

***ഞാൻ പാരമ്പര്യ ഇസ്‌ലാമിനെ ഗളഹസ്തം ചെയ്തിരിക്കുന്നു. ഞങ്ങൾ ഖുർആൻ വായിച്ചു. മുഹമ്മദ് നബി (സ) യുടെജീവിതം വായിച്ചു. ഞാൻ ഇപ്പോൾ ഒരു നവമുസ്‌ലിമാണ്.***

ഇതേ അടിസ്ഥാനത്തിൽ അദ്ദേഹം മറ്റു മുസ്‌ലിംകളെ പുനപരിവർത്തനം ചെയ്യാൻ ഒരു പദ്ധതി ആവിഷ്ക്കരിച്ചു. അദ്ദേഹം താഴെ എഴുതിയ വാചകങ്ങളിൽ തന്റെ പദ്ധതി അനാവരണം ചെയ്യുന്നു:

***ഏതൊരു നാട്ടിലാണോ ഇസ്‌ലാമിക വിപ്ലവം ഉണ്ടാവുന്നത് അവിടെയുള്ള മുസ്‌ലിം ജനതക്ക് ഒരു നോട്ടീസ് നൽകപ്പെടും. അതായത് ആരാണോ ഇസ്‌ലാമിൽ നിന്ന് വിശ്വാസപരവും കർമപരവുമായ കാര്യങ്ങളിൽ നിന്നും വിട്ടുനിൽക്കാനാഗ്രഹിക്കുന്നവർ എന്നാരാഞ്ഞുകൊണ്ടുള്ളതാണ് ആ നോട്ടീസ്. ഈ വിളംബരത്തിന് ശേഷം ഒരു വർഷത്തിനകം അമുസ്‌ലിമാവാൻ ആഗ്രഹിക്കുന്നവർ അമുസ്‌ലിംകളാണെന്ന് പ്രഖ്യാപിച്ചു കൊണ്ട് മുസ്‌ലിം സൊസൈറ്റിയിൽ നിന്ന് പുറത്ത് പോവേണ്ടതാണ്. ഈ കാലപരിധിക്ക് ശേഷം ജന്മനാ മുസ്‌ലിംകളെല്ലാം മുസ്‌ലിംകളായി കണക്കാക്കപ്പെടും. ഇസ്‌ലാമിന്റെ എല്ലാ നിയമങ്ങളും അവരിൽ പ്രാവർത്തികമാക്കപ്പെടുന്നതാണ്. കുഫ്റിന്റെ മടിത്തട്ടിൽ വീഴാൻ പോവുന്ന ധാരാളം സ്ത്രീപുരുഷന്മാരെ ഈ വിധം രക്ഷപ്പെടുത്താൻ ശ്രമിക്കും. അതായത് ഒരു വിധത്തിലും രക്ഷപ്പെടുത്താൻ സാധിക്കാത്തവർ നമ്മുടെ സൊസൈറ്റിയിൽ നിന്ന് വിച്ഛേദിക്കപ്പെടും (വധിക്കപ്പെടും). ഈ ശുദ്ധീകരണത്തിന് ശേഷം സ്വമനസ്സാലെ മുസ്‌ലിമായി കഴിയാൻ ആഗ്രഹിക്കുന്നവരെക്കൊണ്ട് പുതിയ ഒരു ഇസ്‌ലാമിക സൊസൈറ്റിക്ക് ആരംഭം കുറിക്കാവുന്നതാണ്. (മുർത്തദ് കീ സസാ ഇസ്‌ലാമീ ഖാനൂൻ മെ ( 1950) പേ. 80)***

മതപരിത്യാഗി വധിക്കപ്പെടണമെന്ന മൗലാനയുടെ ഈ നിയമം അയവുള്ളതാക്കി തീർക്കുന്നത് ഏത് ഇജ്തിഹാദിന്റെ അടിസ്ഥാനത്തിലാണെന്ന് മൗലാന നമ്മോട് പറയുന്നില്ല. എപ്പോഴെങ്കിലുമൊരിക്കൽ ഇസ്‌ലാമിക രാഷ്ട്രം നിലവിൽ വരുന്ന സമയത്ത് മാത്രമാണ് ഈ സൗജന്യമനുവദിച്ചിട്ടുള്ളത്. ദയാപൂർവം അനുവദിക്കുന്ന ഈ കാലയളവിന് (ഒരു വർഷം) ശേഷം ജന്മനാ കാഫിറുകളായ മുസ്‌ലിംകൾ

ഉന്മൂലനം ചെയ്യപ്പെടും. ഈ നിർഭാഗ്യവാന്മാർക്ക് യാതൊരു വിധ ഇളവും അനുവദിക്കാതിരിക്കാനുള്ള കാരണം മൗലാന വിശദീകരിക്കുന്നു. അദ്ദേഹം പറയുന്നു:

*മതപരിത്യാഗിയെ വധിക്കുന്നതിനെ കുറിച്ച് പലരുടേയും മസ്തിഷ്ക്കത്തിൽ അസ്വസ്ഥത യുണ്ടാക്കുന്ന അവസാനത്തെ ഒരു പ്രശ്നമുണ്ട്. അമുസ്‌ലിം ആയിരിക്കുന്ന ആൾ ഇസ്‌ലാം മതം ആശ്ലേഷിക്കുന്നു. പിന്നീട് വീണ്ടുമയാൾ കുഫ്റിലേക്ക് തിരിച്ചുപോവുന്നു. അത് അയാൾ മനപ്പൂർവം ചെയ്ത തെറ്റാണെന്ന് പറയാം. അയാൾക്ക് ഒരു ദിമ്മിയായി ജീവിക്കാമായിരുന്നു. അതായത് ഒരു കൂട്ടുത്തരവാദിത്തമുള്ളതും പുറത്തു കടക്കാനുള്ള കവാടം അടഞ്ഞതുമായ ഒരു മതത്തിലേക്ക് എന്തിന് അയാൾ കടന്നു വന്നു? എന്നാൽ, മുസ്‌ലിം മാതാപിതാക്കൾക്ക് ജനിക്കുകയും ഇസ്‌ലാം മതം വിശ്വസിക്കുകയും ചെയ്യാത്ത ഒരാളെ പറ്റിയുള്ള വിധി എന്തായിരിക്കും. അയാൾ ജന്മം കൊണ്ട് മുസ്‌ലിമാണ്. പ്രായപൂർത്തിയായപ്പോഴാണ് ഇസ്‌ലാം മതവിശ്വാസം ത്യജിക്കുന്നത്. നിങ്ങളെകൊല്ലുമെന്ന് ഭീഷണിപ്പെടുത്തുകയും അയാൾ ഇസ്‌ലാമിൽ തന്നെ തുടരുകയും ചെയ്യുന്നത് തികച്ചും അനീതിയായിരുക്കും. ഇത് മുസ്‌ലിം സൊസൈറ്റിയിൽ ജന്മനാ കപട വിശ്വാസികളായി തീരുന്നവരുടെ സംഖ്യവർധിപ്പിക്കാൻ സഹായകരമാവും. ഈയൊരു പ്രശ്നത്തിന് പ്രായോഗികവും താത്ത്വികവുമായ രണ്ടു തരത്തിലുള്ള പരിഹാരമുണ്ട്. മറ്റൊരു മതത്തിൽ നിന്ന് മാറി വന്ന് ഒരു മതത്തിലെ വിശ്വാസം സ്വീകരിച്ച ഒരാളും, ആ മതത്തിൽ തന്നെ ജനിച്ചു വളർന്ന ഒരാളും തമ്മിൽ താത്ത്വികമായി യാതൊരു വ്യത്യാസവുമില്ല. ഒരു മതവും അങ്ങനെ വ്യത്യാസം കാണിക്കുന്നില്ല. മതം മാറി വന്ന പരിവർത്തിതർക്കും ജന്മനാ വിശ്വാസികൾക്കും ഒരേ വിധത്തിലുള്ള കൽപ്പനകൾ (വിധിവിലക്കുകൾ) ആണുള്ളത്. ഒരു മതത്തിലെ രാഷ്ട്രീയ കാര്യങ്ങളിൽ ഒരാളുടെ പൗരത്വം) കുട്ടികളെ പ്രായപൂർത്തിയെത്തുന്നത്വരെ കാഫിറുകളോ പരദേശികളോ ആയി കണക്കാക്കുകയും പിന്നീട് അവർ പ്രായപൂർത്തിയെത്തിയാൽ അയാൾ ജനിച്ചമതം സ്വകരിക്കുകയോ ത്യജിക്കുകയോ ചെയ്യുക എന്നത് അസാധ്യവും യുക്തിപരമായി അസംബന്ധവുമാണ്. ലോകത്ത് കൂട്ടുത്തരവാദിത്വമുള്ള ഒരു സമൂഹത്തിനും അതിന്റെ കാര്യങ്ങൾ ഈ വിധത്തിൽ നടത്തിക്കൊണ്ടു പോകാൻ സാധ്യമല്ല. (മുർത്തദ് കീ സസാ ഇസ്‌ലാമീ ഖാനൂൻ മെ*

*മൗലാനാ മൗദൂദി (ലാഹോർ 1970) ഭാഗം 1 പേജ് 123)*

ഇസ്‌ലാം മതപരിത്യാഗത്തിന് വധ ശിക്ഷ വിധിക്കുന്നുവെന്നും ജമാഅത്തെ ഇസ്‌ലാമി ഒഴിച്ച് ബാക്കി മുഴുവൻ മുസ്‌ലിംകളും കാഫിറുകളാണെന്നുമുള്ള മൗദൂദിയൻ നിയമം നാം അംഗീകരിച്ചാൽ തന്നെ മൗദൂദികളല്ലാത്ത മുസ്‌ലിംകളെയെല്ലാം മത പരിത്യാഗികളായി മൗദൂദിയൻ യുക്തി ശാസ്ത്രമുപയോഗിച്ച് പോലും നമുക്ക് കണക്കാക്കാൻ സാധ്യമല്ല. കാരണം അവരെല്ലാം ജന്മനാ കാഫിറാണല്ലോ, മൗലാനാ താൻ ചുട്ട അപ്പം താൻ തന്നെ വിഴുങ്ങുന്നതിലേക്ക് വരുന്നു. ഈ മൗദൂദിയൻ സങ്കൽപ്പപ്രകാരമുള്ള ഇസ്‌ലാമുമായി വിയോജിക്കുന്ന മുസ്‌ലിംകളെ ആദ്യമായി ജന്മനാ മുസ്‌ലിംകളെന്നും ജന്മനാ കാഫിറുകളെന്നും രണ്ടു വിധത്തിൽ വിവരിച്ചിരിക്കുന്നു. കാരണം അവർ (ജന്മനാ കാഫിർ) തങ്ങളുടെ മാതാപിതാക്കന്മാരാൽ കുഫിരിയത്തിന്റെ അന്തരീക്ഷത്തിൽ വളർത്തപ്പെട്ടവരാണ്. അവരെ മതപരിത്യാഗികളാണെന്ന് വിളിക്കുന്നതിന് കാരണം അവർ പ്രായപൂർത്തിയെത്തിയ സന്ദർഭത്തിൽ മൗദൂദിയൻ സങ്കൽപ്പപ്രകാരമുള്ള ഇസ്‌ലാം സ്വീകരിക്കുന്നതിന് പകരം മാതാപിതാക്കന്മാരുടെ കുഫ്രിയത്തിനെ നിഷേധിക്കാതെ തുടരുകയാണ് ചെയ്തത് എന്നതാണ്. ഒരു അമുസ്‌ലിം ഇസ്‌ലാം മതം സ്വീകരിക്കുകയും പിന്നീട് അത് ഉപേക്ഷിക്കുകയും ചെയ്താൽ അയാൾ വധിക്കപ്പെടേണ്ടതാണ്. കാരണം ഇസ്‌ലാമിലേക്ക് പ്രവേശിച്ചു കഴിഞ്ഞാൽ പിന്നെ രക്ഷപ്പെടാൻ സാധ്യമല്ല എന്ന് അറിഞ്ഞുകൊണ്ടാണ് അയാൾ ഇസ്‌ലാമിലേക്ക് പ്രവേശിക്കുന്നത്. അത്പോലെ ജന്മനാ മൗദൂദി മുസ്‌ലിമല്ലാത്ത ഒരാളെയും മതപരിത്യാഗി യായി കണക്കാക്കാം. അയാൾ പ്രായപൂർത്തിയായതിന് ശേഷം ഇസ്‌ലാമിന്റെ മൗദൂദിയൻ സങ്കൽപ്പങ്ങൾ സ്വീകരിച്ചിട്ടില്ല എന്നതാണ് കാരണം. ഈ വാദഗതികൾ വ്യക്തമായും മൗലാനായുടെ ഏകാധിപത്യപരവും കൃത്രിമവും അസഹിഷ്ണുതയും നിറഞ്ഞ വ്യക്തിത്വമാണ് കാണിക്കുന്നത്. ജന്മനാ മുസ്‌ലിമാകട്ടെ മതം സ്വീകരിച്ച മുസ്‌ലിമാകട്ടെ ഒരു മുസ്‌ലിമും മൗലാനായുടെ പരിധിക്കപ്പുറമില്ല. അതായത് മതത്തിൽ യാതൊരു ബലാൽക്കരവുമില്ല എന്ന ഖുർആൻ വചനം താഴെ എഴുതിയ രീതിലായിരിക്കണം മൗലാന മൗദൂദി വിവരിച്ചിരിക്കുക.

ലാ ഇക്റാഹ ഫിദ്ദീൻ (മതത്തിൽ ബലാൽക്കാരമില്ല) എന്ന വചനത്തിന്റെ അർഥം തങ്ങളുടെ മതം സ്വീകരിക്കാൻ ആരെയും ഞങ്ങൾ നിർബന്ധിക്കുന്നില്ല എന്നാണ്. ഞങ്ങളു നിലപാടിതാണ്. എന്നാൽ വന്നിട്ട് തിരിച്ചു പോകാനാണ് ഭാവമെങ്കിൽ ഈ വാതിൽ സ്വതന്ത്രമായ ഗതാഗതത്തിന് വേണ്ടി തുറന്നിടപ്പെട്ടിട്ടുള്ളതല്ല എന്ന് ആദ്യം തന്നെയങ്ങ് മുന്നറിയിപ്പ് നൽകുകയാണ്. അത്കൊണ്ട് ഈ മതത്തിലേക്ക് വന്നുവെങ്കിൽ തിരിച്ചുപോകാൻ പാടുള്ളതല്ല. അല്ലെങ്കിൽ നിങ്ങൾ വരാതിരിക്കുന്നതാണ് നല്ലത്. (മതത്തിന്റെ പേരിൽ മനുഷ്യഹത്യ - തുടരും)

# വാഗ്ദത്ത മസീഹിന്റെ അടയാളങ്ങൾ

റസൂൽ തിരുമേനി(സ)യുടെ പ്രവചന പ്രകാരം സംഭവിച്ച ഇസ്‌ലാമിന്റെ ദൈവികമായ ഒരു പുനരുജ്ജീവന പ്രക്രിയയാണ് വാഗ്ദത്ത മസീഹ് ഹദ്റത്ത് അഹ്മദ്(അ) ന്റെ ആവിർഭാവം. ഹദീസുകളിൽ അത് സംബന്ധിച്ച് നിരവധി അടയാളങ്ങൾ പ്രവചിക്കപ്പെട്ടിട്ടുണ്ട്. ആലങ്കാരികവും പ്രതീകാത്മകവുമായ ആ പ്രവചനങ്ങളുടെ യാഥാർഥ താൽപര്യത്തെ പറ്റി വാഗ്ദത്ത മസീഹിന്റെ പുത്രൻ കൂടിയായ ലേഖകൻ എഴുതിയ 'തബ്‌ലീഗെ ഹിദായത്ത് ' എന്ന പുസ്തകത്തിൽ നിന്നെടുത്ത ഒരു ഭാഗമാണിത്.

## ഹദ്റത്ത് മിർസാ ബശീർ അഹ്മദ്(റ)

*വാഗ്ദത്ത മസീഹ് ഹദ്റത്ത് അഹ്മദ്(അ) തനിക്കുള്ള അടയാളങ്ങളെ സംബന്ധിച്ചുള്ള ഒരു വിവരണം നൽകിയിരിക്കുന്നത് ഇപ്രകാരമാണ്:*

ഓർമിച്ചു കൊള്ളുക! മസീഹ് മഊദിന്റെ പ്രത്യേക അടയാളങ്ങളുടെ കൂട്ടത്തിൽ താഴെ പറയുന്നവയും ഉൾപ്പെടുത്തിയിരിക്കുന്നു.

1. അദ്ദേഹം രണ്ട് മഞ്ഞ പുതപ്പുകളോടുകൂടി ഇറങ്ങുന്നതാണ്.

2. അദ്ദേഹം രണ്ട് മലക്കുകളുടെ ചുമലിൽ കൈവെച്ചു കൊണ്ടായിരിക്കും ഇറങ്ങുക.

3. അവിശ്വാസികൾ അദ്ദേഹത്തിന്റെ നിശ്വാസം കൊണ്ട് മരണമടയും.

4. അദ്ദേഹം കുളികഴിഞ്ഞ ശേഷം കുളിപ്പുരയിൽ നിന്ന് പുറത്ത് വന്ന ആളിനെ പോലെ കാണപ്പെടുന്നതാണ്. അദ്ദേഹത്തിന്റെ ശിരസ്സിൽ നിന്ന് ജലകണങ്ങൾ മുത്തുമണി പോലെ ഇറ്റിവീഴുന്നതായും കാണപ്പെടുന്നതാണ്.

5. അദ്ദേഹം ദജ്ജാലിനോട് മത്സരിച്ച് കഅ്ബ പ്രദക്ഷിണം ചെയ്യുന്നതാണ്.

6. അദ്ദേഹം കുരിശ് മുറിക്കും.

7. അദ്ദേഹം പന്നിയെ കൊല്ലും.

8. അദ്ദേഹം വിവാഹം കഴിക്കും. അദ്ദേഹത്തിന് സന്തതികളുണ്ടാവും.

9. അദ്ദേഹം ദജ്ജാലിനെ കൊല്ലും.

10. അദ്ദേഹം കൊല്ലപ്പെടുകയില്ല. മറിച്ച് പ്രകൃതി മരണം പ്രാപിക്കുന്നതും നബി തിരുമേനി(സ) യുടെ ഖബറിൽ അടക്കം ചെയ്യപ്പെടുന്നതുമാണ്.

രണ്ട് മഞ്ഞ പുതപ്പുകളെ സംബന്ധിച്ച് പറഞ്ഞത് രണ്ട് രോഗങ്ങളാണെന്ന് നാം വിവരിച്ചിട്ടുണ്ട്. ഈ രണ്ടും മസീഹ് മൗഊദിനുണ്ടാകുന്ന അടയാളങ്ങളാണെന്ന നിലയിൽ അദ്ദേഹത്തിനുണ്ടാകുമെന്ന് ആദ്യമേ തന്നെ വിധിക്കപ്പെട്ടതാണ്. അദ്ദേഹത്തിന്റെ അസാധാരണമായ ദേഹസ്ഥിതി ഒരു അടയാളമായിരിക്കുവാനാണിത്.

രണ്ട് മലക്കുകളെ കൊണ്ട് ഉദ്ദേശിക്കപ്പെട്ടത്, അദ്ദേഹത്തിന്റെ സത്യ സാക്ഷ്യത്തിന്റെ പൂർത്തീകരണത്തിന് അടിസ്ഥാനമായി മറഞ്ഞ് കിടക്കുന്ന, ഗയ്ബായ രണ്ട് സഹായങ്ങളാണ്. ഒന്നാമത്തേത് പരിശ്രമം കൊണ്ടും പരിശീലനം കൊണ്ടും സമ്പാദിക്കപ്പെടാത്തതും ബുദ്ധിപരവും പ്രമാണപരവുമായി അദ്ദേഹത്തിന് നൽകപ്പെടുന്നതുമായ ജ്ഞാന സംബന്ധിയായ തെളിവ്. രണ്ടാമത്തേത്, മനുഷ്യന്റെ സഹായമില്ലാതെ അല്ലാഹുവിന്റെ ഭാഗത്ത് നിന്ന് ഇറക്കപ്പെട്ട തെളിവുകൾ.

രണ്ട് മലക്കുകളുടെ ചുമലിൽ കൈവെച്ച് ഇറങ്ങുമെന്നതു കൊണ്ട് സൂചിപ്പിക്കപ്പെടുന്നത് അദ്ദേഹത്തിന്റെ അഭിവൃദ്ധിക്കായി പ്രത്യക്ഷമല്ലാ

ത്ത സഹായങ്ങൾ കൈവരുന്നതും അവയുടെ സഹായത്താൽ ദൗത്യം നിർവഹിക്കപ്പെടുമെന്നുമുള്ളതാണ്. മുമ്പൊരിക്കൽ ഞാനൊരു സ്വപ്നം കണ്ട കഥ പറഞ്ഞിട്ടുണ്ടായിരുന്നു. അതിതാണ്. എന്റെ കയ്യിൽ ഒരു വാൾ നൽകപ്പെട്ടിട്ടുള്ളതായി ഞാൻ കണ്ടു. അതിന്റെ പിടി എന്റെ കയ്യിലും അതിന്റെ അറ്റം ആകാശത്തിലുമായിരുന്നു. ഞാൻ അത് രണ്ട് ഭാഗത്തും വീശികൊണ്ടിരുന്നു. ഓരോ ഭാഗത്തും വീശുമ്പോഴും നൂറുക്കണക്കിനാളുകൾ കൊല്ലപ്പെടുന്നു. ഈ സ്വപ്നത്തിന്റെ അർഥം ഒരു പുണ്യാത്മാവ് സ്വപ്നത്തിൽ തന്നെ വിവരിച്ചു തന്നു അത് തെളിവിന്റെ വാളാണെന്ന്. വലത് ഭാഗം കൊണ്ട് ഉദ്ദേശിക്കപ്പെട്ടത് അടയാളങ്ങൾ മുഖേനയുള്ള എല്ലാ തെളിവുകളുമാണ്. ഇടത് ഭാഗം കൊണ്ട് ഉദ്ദേശിക്കപ്പെട്ടത് ബുദ്ധിയും പ്രമാണവുമുള്ള എല്ലാ തെളിവുകളാകുന്നു. ഈരണ്ട് വിധത്തിലുള്ള തെളിവുകളും മനുഷ്യന്റെ പ്രവർത്തിയും പരിശ്രമവും കൂടാതെ തന്നെ പ്രത്യക്ഷപ്പെടുന്നതാണ്. അവിശ്വാസികളെ നിശ്വാസം കൊണ്ട് വധിക്കുമെന്നതിന്റെ അർഥം മസീഹ് മഊദിന്റെ ആത്മാവ് കൊണ്ട് അതായത് അദ്ദേഹത്തിന്റെ പരിശ്രമം കൊണ്ട് അവിശ്വാസികൾ നാശമടയുമെന്നാണ്.

കുളിപ്പുരയിൽ നിന്ന് പുറത്ത് വന്നത് പോലെയും മുത്തുമണിപോലെയും ശിരസ്സിൽ നിന്ന് ജലകണങ്ങൾ ഉതിരുന്നത് പോലെയും മസീഹ് മഊദിനെ കാണപ്പെടുമെന്ന് പറഞ്ഞിരിക്കുന്നതിന്റെ സാരം, അദ്ദേഹം അടിക്കടിയുള്ള തൗബയും വണക്കവും കൊണ്ട്, അല്ലാഹുവിനോട് തനിക്കുള്ള ബന്ധത്തെ പുതുക്കി കൊണ്ടിരിക്കുമെന്നാണ്. എല്ലായ്പോഴും കുളിക്കുന്നത് പോലെയും ആ കുളിയുടെ പരിശുദ്ധ ജലകണങ്ങൾ മുത്തുമണികളായി ശിരസ്സിൽ നിന്ന് ഉതിരുന്നത് പോലെയും എന്നല്ലാതെ മാനുഷിക പ്രകൃതിക്ക് വിരുദ്ധമായി അദ്ദേഹത്തിൽ വല്ലൊരു കാര്യവും കാണുമെന്നല്ല. ഈസാ നബിയുടെ മേൽ പ്രകൃതി വിരുദ്ധമായ കാര്യങ്ങൾ ആരോപിക്കപ്പെട്ടതിന്റെ ഫലം ജനങ്ങൾ ഇതിന് മുമ്പ് കണ്ട് കഴിഞ്ഞതാണല്ലോ. കോടിക്കണക്കിന് ജനങ്ങൾ അത് നരകാഗ്നിക്ക് വിറകാക്കി തീർത്തു. എന്നിട്ട് ഇനിയും മനുഷ്യ പ്രകൃതിക്ക് വിരുദ്ധമായ രീതിയിൽ ഈസാനബി ആകാശത്ത് നിന്ന് ഇറങ്ങുമെന്നും അദ്ദേഹത്തിന്റെ കൂടെ മലക്കുകൾ ഉണ്ടായിരിക്കുമെന്നും അദ്ദേഹം തന്റെ നിശ്വാസം കൊണ്ട് ജനങ്ങളെ നശിപ്പിക്കുമെന്നും അദ്ദേഹത്തിന്റെ ശരീരത്തിൽ നിന്ന് മുത്ത് മണികൾ പോലെ ജലകണങ്ങൾ ഉതിരുമെന്നും പ്രതീക്ഷിക്കുകയോ! ചുരുക്കത്തിൽ മസീഹ് മഊദിന്റെ ദേഹത്ത് നിന്ന് മുത്തുമണികൾ പോലെ ജലകണങ്ങൾ ഉതിരുമെന്നതിന് ഞാൻ എഴുതിയ അർഥമാണ് ശരിയയിട്ടുള്ളത്. നബി തിരുമേനി (സ) തന്റെ കരങ്ങളിൽ സ്വർണവളകൾ കണ്ടത് കൊണ്ട് വളകൾ തന്നെയായിരുന്നോ ഉദ്ദേശ്യം? ഒരുക്കലുമില്ല. അവകൊണ്ട് ഉദ്ദേശിക്കപ്പെട്ടത് ആന്തരികാർഥമായിരുന്നു. അതുപോലെ മസീഹ് മഊദിനെ കുളിച്ച് വരുന്നത് പോലെയും അദ്ദേഹത്തിന്റെ ശിരസ്സിൽ നിന്ന് മുത്തുകണക്കെ ജലബിന്ദുക്കൾ ഉതിരുന്നത് കണ്ടതിന്റെയും അർഥം അദ്ദേഹം ഒട്ടധികം തൗബാ ചെയ്യുകയും വണങ്ങുകയും ചെയ്യുന്ന ആളായിരിക്കുമെന്നും അല്ലാഹുവുമായുള്ള അദ്ദേഹത്തിന്റെ ബന്ധം എപ്പോഴും പുതുക്കിയ നിലയിലായിരിക്കുമെന്നുമാണ്. അതായത് അദ്ദേഹം എല്ലാ സമയത്തും കുളിക്കുന്നത് പോലെയും പരിശുദ്ധമായ വണക്കത്തിന്റെ പരിശുദ്ധ ബിന്ദുക്കൾ അദ്ദേഹത്തിന്റെ ശിരസ്സിൽ നിന്ന് ഉതിരുന്നത് പോലെയുമിരിക്കും. മറ്റൊരു ഹദീസിൽ അല്ലാഹുവിലേക്കുള്ള മടക്കത്തെ കുളിയോട് ഉപമിച്ചിട്ടുണ്ട്. അതായത് നബി തിരുമേനി (സ) സഹാബത്തിനോട് ചോദിച്ചു: ആരുടെയെങ്കിലും വീട്ടിൽ ഒരു നദിയുണ്ടാകുകയും അയാൾ ആ നദിയിൽ ദിവസവും അഞ്ചു നേരം കുളിക്കുകയും ചെയ്യുകയാണെങ്കിൽ അയാളുടെ ശരീരത്തിൽ അഴുക്കുണ്ടാകുമോ? സഹാബത്ത് ഇല്ലെന്ന് മറുപടി പറഞ്ഞു. അത്പ്രകാരം അഞ്ച് നേരം നമസ്ക്കരിക്കുന്നവന്റെ ആത്മാവിലും (നമസ്ക്കാരമാകട്ടെ തൗബ, പശ്ചാത്താപം, പ്രാർഥന, വണക്കം, വിനയം, തഹ്മീദ്, തസ്ബീഹ് എന്നിവയുടെ സമാഹാരമാണ്) പാപത്തിന്റെ അഴുക്ക് ഉണ്ടായിരിക്കുകയില്ല. അതായത് അവൻ അഞ്ച്നേരം കുളിക്കുന്നവനെ പോലെ ഇരിക്കുന്നതാണ്. മസീഹ് മഊദിന്റെ കുളിയുടെയും അർഥമിതാണെന്ന് ഈ ഹദീസ് കൊണ്ട് വ്യക്തമാകുന്നതാണ്. അങ്ങനെയെങ്കിൽ ശാരീരികമായ കുളിയിൽ എന്ത് പ്രത്യേകതയാണുള്ളത്? അമുസ്ലിംകളും നിത്യേന രാവിലെ കുളിക്കാറുണ്ടല്ലോ. അവരുടെ ശിരസ്സിൽ നിന്ന് കുളിയിൽ നിന്നുണ്ടാകുന്ന ജലബിന്ദുക്കൾ ഉതിരാറില്ലയോ? കഷ്ടം ശാരീരികമായി ചിന്തിക്കുന്ന ആളുകൾ എല്ലാ ആത്മീയ കാര്യങ്ങളും ശാരീരിക കാര്യങ്ങളിലേക്ക് വലിച്ചിഴച്ച് കൊണ്ടു പോകുന്നു! യഹൂദരെ പോലെ ഗഹനമായ തത്ത്വങ്ങളും ആന്തരാർഥങ്ങളും അവഗണിക്കുകയും ചെയ്യുന്നു.

മസീഹ് മഊദ് ദജ്ജാലിനോട് മത്സരിച്ച് കഅ്ബ പ്രദക്ഷിണം ചെയ്യുമെന്ന് പറഞ്ഞതിന്റെ അർഥം അതായത് മസീഹ് മഊദിനെ പോലെത്തന്നെ ദജ്ജാലും കഅ്ബ പ്രദക്ഷിണം ചെയ്യുമെന്നതിന്റെ അർഥം, ബാഹ്യമായ പ്രദക്ഷിണമല്ലെന്നുള്ളത് പ്രകടമാണ്. ബാഹ്യമായ പ്രദക്ഷിണമാണെങ്കിൽ ദജ്ജാൽ കഅ്ബയിൽ പ്രവേശിക്കുമെന്ന് സമ്മതിക്കേണ്ടിവരും. അല്ലെങ്കിൽ അവൻ മുസൽമാനാകുമെന്ന് സമ്മതിക്കേണ്ടി വരും. എന്നാൽ ഇത് രണ്ടും ഹദീസുകളുടെ വ്യക്തമായ പ്രസ്താവനക്ക് എതിരാണ്. അതിനാൽ ഈ ഹദീസ് വ്യാഖ്യാനമർഹിക്കുന്ന ഒന്നാണ്. ഈ

ഹദീസിന് അല്ലാഹു എനിക്ക് വെളിപ്പെടുത്തിതന്നിട്ടുള്ള വ്യാഖ്യാനമിതാകുന്നു. അവസാന കാലത്ത് ദജ്ജാൽ എന്ന് പേരുള്ള ഒരു കൂട്ടരുണ്ടാകും. അവർ ഇസ്‌ലാമിന്റെ ശത്രുക്കളായിരിക്കും. അവർ ഇസ്‌ലാമിനെ നശിപ്പിക്കുവാനായി അതിനെ ഭൂമിയിൽ നിന്നും വേരോടെ പിഴുതെറുയുവാനായി, കള്ളനെപോലെ കഅ്ബ (അതാണല്ലോ ഇസ്‌ലാമിന്റെ കേന്ദ്രം) പ്രദക്ഷിണം ചെയ്യുന്നതായിരിക്കും. അതിനെതിരെ മസീഹ് മഊദും (ഇസ്‌ലാമിന്റെ കേന്ദ്രം) പ്രദക്ഷിണം ചെയ്യും. ആ പ്രദക്ഷിണം കൊണ്ടുള്ള മസീഹ് മഊദിന്റെ ഉദ്ദേശ്യം ദജ്ജാൽ എന്ന് നാമകരണം ചെയ്യപ്പെട്ട ആ കള്ളനെ പിടിക്കുകയും അവന്റെ കയ്യേറ്റത്തിൽ നിന്ന് ഇസ്‌ലാമിക കേന്ദ്രത്തെ രക്ഷിക്കുകയുമാണ്. രാത്രി കാലങ്ങളിൽ കള്ളനും കാവൽക്കാരനും വീട് പ്രദക്ഷിണം ചെയ്യുന്നത് പ്രകടമായി സംഭവിക്കുന്ന കാര്യമാണല്ലോ. കള്ളന്റെ ഉദ്ദേശ്യം വീട്ടിന് തുരങ്കം വെക്കുകയും വീട്ടിലുള്ളവരെ നശിപ്പിക്കുകയുമാണ്. കാവൽക്കാരന്റെ ഉദ്ദേശ്യമാവട്ടെ, കള്ളനെ പിടിക്കുകയും. കാരാഗൃഹത്തിലടക്കുകയുമാണ്. മേൽപ്പറഞ്ഞ ഹദീസിൽ ഈ മത്സരത്തെപറ്റിയാണ് പറഞ്ഞിട്ടുള്ളത്. ആ കള്ളൻ ഇസ്‌ലാമിന്റെ കെട്ടിടം പൊളിക്കുന്നതിന് വേണ്ടി അങ്ങേയറ്റം പരിശ്രമിക്കും. മസീഹ് മഊദാകട്ടെ ഇസ്‌ലാമിനോടുള്ള അനുകമ്പയാൽ തന്റെ ശബ്ദം ആകാശം വരെ ഉയർത്തും. അവസാന സമയത്തിൽ അദ്ദേഹത്തിന് വിജയമുണ്ടാകുന്ന തിനായി എല്ലാ മലക്കുകളും അദ്ദേഹത്തിന്റെ കൂടെ ഉണ്ടായിരിക്കും. അദ്ദേഹം തളരുകയോ മടിയനാകുകയോ പിൻവാങ്ങുകയോ ചെയ്യാതെ ആ കള്ളനെ പിടിക്കാനായി അങ്ങേയറ്റം ശ്രമിക്കും. അദ്ദേഹത്തിന്റെ ശ്രമം പരമകാഷ്ഠയിലെത്തുമ്പോൾ, ഇസ്‌ലാമിന് വേണ്ടി അദ്ദേഹത്തിന്റെ ഹൃദയം എത്രത്തോളമാണ് ഉരുകിപോയിട്ടുള്ളതെന്ന് അല്ലാഹു കാണുന്നതാണ്. ലോകത്തിന് ചെയ്യാൻ കഴിഞ്ഞിട്ടില്ലാത്ത ആ പ്രവൃത്തി അദ്ദേഹം നിർവഹിക്കും. മനുഷ്യകരങ്ങളാൽ നേടാൻ കഴിഞ്ഞിട്ടില്ലാത്ത വിജയം മലക്കുകൾ മുഖാന്തിരം കൈവരിക്കുകയും ചെയ്യും.

മസീഹ് മഊദിന്റെ അവസാന ദിവസങ്ങളിൽ കഠിനമായ ആപത്തുകൾ ഇറങ്ങും. ഉഗ്രമായ ഭൂകമ്പങ്ങൾ ഉണ്ടാകും. മുഴുവൻ ലോകത്ത് നിന്നും സമാധാനം പോയിപോകും. അപ്പോൾ ഈ അടയാളങ്ങൾക്ക് ശേഷം അദ്ദേഹത്തിന് വിജയമുണ്ടാകും. മസീഹ് മഊദ് ചുമരിൽ കൈവെച്ച് കൊണ്ട് ഇറങ്ങുമെന്ന് ആലങ്കാരികമായി പറയപ്പെട്ടിട്ടുള്ള മലക്കുകൾ അതാണ്. ഈ ദജ്ജാലിയായ വിപത്ത് കൊണ്ട് ഉദ്ദേശിക്കപ്പെട്ടിട്ടുള്ളത് അവസാന കാലത്ത് വഴിപിഴച്ച പാതിരിമാരുടെ ഗൂഢാലോചനയാണ്.- മനുഷ്യ ശ്രമത്താൽ ഇല്ലാതാകുമെന്ന് ഇന്ന് ആർക്കും പറയാൻ സാധ്യമല്ലല്ലോ. എന്നാൽ അല്ലാഹു തന്നെ ഈ വിപത്തിനെ നിർമാർജനം ചെയ്യും. അവൻ മിന്നൽ പോലെ പതിക്കും. കോളുപോലെ വരും കൊടുങ്കാറ്റു പോലെ ലോകത്തെ കുലുക്കും എന്തെന്നാൽ അവന്റെ കോപാഗ്നിയുടെ കാലം വന്നു പക്ഷേ അവൻ നിരാശ്രയനാണ്. ഖുദ്‌റത്താകുന്ന കല്ലിന്റെ തീ ജ്വലിപ്പിക്കണമെങ്കിൽ മനുഷ്യന്റെ അർഥനയുടെ സമ്മർദം കൂടിയേ കഴിയൂ. ഹാ എത്ര പ്രയാസമുള്ള പ്രവർത്തിയാണിത്! നാമൊരു ത്യാഗം ചെയ്യേണ്ടിയിരിക്കുന്നു. നാം ആ ത്യാഗം ചെയ്യുന്നത് വരെ കുരിശ് ഖണ്ഡനം സാദ്ധ്യമാവുകയില്ല. അത്തരം ത്യാഗം ഏതെങ്കിലുമൊരു നബി ചെയ്യാതിരിക്കുന്നിടത്തോളം കാലം അദ്ദേഹത്തിന് വിജയമുണ്ടായിട്ടില്ല. ആ ത്യാഗത്തെ സംബന്ധിച്ചാണ് വിശുദ്ധ ഖുർആനിൽ പ്രവാചകന്മാർ തന്നെത്താൻ സമരാഗ്നിയിൽ പതിപ്പിച്ചു കൊണ്ട് വിജയം നേടി എന്ന വചനം സുചിപ്പിക്കുന്നത്.

കുരിശു മുറിക്കുമെന്നതിന് മരത്തിന്റെയോ സ്വർണത്തിന്റെയോ വെള്ളിയുടേയോ കുരിശ് മുറിയുമെന്ന് അർഥം കൽപ്പിക്കുന്നത് അങ്ങേയറ്റം അബദ്ധമാണ്. അത്തരം

കുരിശു മുറിക്കുമെന്നതിന് മരത്തിന്റെയോ സ്വർണത്തിന്റെയോ വെള്ളിയുടേയോ കുരിശ് മുറിയുമെന്ന് അർഥം കൽപ്പിക്കുന്നത് അങ്ങേയറ്റം അബദ്ധമാണ്. അത്തരം കുരിശുകൾ എപ്പോഴും ഇസ്‌ലാമിക യുദ്ധങ്ങളിൽ ഉടഞ്ഞു കൊണ്ടിരുന്നിട്ടുണ്ട്. അതിനാൽ അതിന്റെ അർഥം മസീഹ് മഊദ് കുരിശ് സിദ്ധാന്തത്തെ ഖണ്ഡിക്കുമെന്നും അതിന്ശേഷം ലോകത്ത് കുരിശ് സിദ്ധാന്തം അഭിവൃദ്ധിപ്പെടുകയില്ലെന്നുമാണ്. അവസാന കാലം വരെ മുളയെടുക്കാത്ത വിധം അത് മുറിഞ്ഞ് പോകും. മനുഷ്യന്റെ കരങ്ങളായിരിക്കില്ല അതിനെ മുറിക്കുന്നത്. എല്ലാ ശക്തികളുടെയും നാഥനായ അല്ലാഹുവായിരിക്കും അതിനെ മുറിക്കുന്നത്. ഏത്‌വിധം അവൻ ഈ വിപത്ത് ഉണ്ടാക്കിയോ അതേ വിധം അവൻ ഇതിനെ ഉന്മൂലനം ചെയ്യുന്നതാണ്.

കുരിശുകൾ എപ്പോഴും ഇസ്‌ലാമിക യുദ്ധങ്ങളിൽ ഉടഞ്ഞു കൊണ്ടിരുന്നിട്ടുണ്ട്. അതിനാൽ അതിന്റെ അർഥം മസീഹ് മഊദ് കുരിശ് സിദ്ധാന്തത്തെ ഖണ്ഡിക്കുമെന്നും അതിന്ശേഷം ലോകത്ത് കുരിശ് സിദ്ധാന്തം അഭിവൃദ്ധിപ്പെടുകയില്ലെന്നുമാണ്. അവസാന കാലം വരെ മുളയെടുക്കാത്ത വിധം അത് മുറിഞ്ഞ് പോകും. മനുഷ്യന്റെ കരങ്ങളായിരിക്കില്ല അതിനെ മുറിക്കുന്നത്. എല്ലാ ശക്തികളുടെയും നാഥനായ അല്ലാഹുവായിരിക്കും അതിനെ മുറിക്കുന്നത്. ഏത്‌വിധം അവൻ ഈ വിപത്ത് ഉണ്ടാക്കിയോ അതേ വിധം അവൻ ഇതിനെ ഉന്മൂലനം ചെയ്യുന്നതാണ്. അവൻ മറ്റുള്ളവർക്ക് ഈ ബഹുമതി നൽകുകയില്ല. പക്ഷേ അവന്റെ കരങ്ങളുടെ സൃഷ്ടിയായ മസീഹിന് ഈ ബഹുമതി ലഭിക്കുന്നതാണ്. അല്ലാഹു ബഹുമതി നൽകുന്നവനെ അപമാനിതനാക്കാൻ ആർക്കും കഴിയുന്നതല്ല. ആ മസീഹ് മഹത്തായ ഒരു കാര്യത്തിനു വേണ്ടി നിയോഗിതനായിരിക്കുന്നു. ആ കാര്യം അദ്ദേഹത്തിന്റെ കയ്യാൽ വിജയിക്കും. അദ്ദേഹത്തിന്റെ ആഗമനം കുരിശിന്റെ അധഃപതനത്തിന് കാരണമാകും. കുരിശ് സിദ്ധാന്തത്തി ന്റെ ആയുസ്സ് അദ്ദേഹത്തിന്റെ ആവിർഭാവത്തോടു കൂടി പൂർത്തിയാവും. ജനങ്ങളുടെ ചിന്താഗതി തന്നത്താൻ കുരിശ് സിദ്ധാന്തത്തിൽ നിന്നും മടുത്ത് പിന്തിരിഞ്ഞുകൊണ്ടിരിക്കും. യൂറോപ്പിൽ ഇപ്പോൾ ആ അവസ്ഥയാണ് പ്രത്യക്ഷപ്പെട്ടുകൊണ്ടിരിക്കുന്നത്. ഇന്ന് ശമ്പളക്കാരായവർ മാത്രമാണ് ക്രിസ്തുമതത്തിന് വേണ്ടി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. വിജ്ഞാനികൾ ആ സിദ്ധാന്തം കൈവെടിഞ്ഞുകൊണ്ടിരിക്കുന്നു. കുരിശ് സിദ്ധാന്തത്തിനെതിരായി യൂറോപ്പിൽ വീശാൻ തുടങ്ങിയ കാറ്റാണിത്. നിത്യേന അതിന്റെ ഊക്കും ആക്കവും കൂടിക്കൊണ്ടിരിക്കുന്നു. ഇതാണ് മസീഹ് മഊദിന്റെ ആവിർഭാവത്തിന്റെ ലക്ഷണം. എന്തെന്നാൽ മസീഹ് മഊദോടു കൂടി ഇറങ്ങേണ്ട ആ രണ്ട് മലക്കുകൾ കുരിശു സിദ്ധാന്തത്തിനെതിരായി പ്രവർത്തിച്ചു കൊണ്ടിരിക്കുകയാണ്. ലോകം അന്ധകാരത്തിൽ നിന്ന് പ്രകാശത്തിലേക്ക് നീങ്ങിക്കൊണ്ടിരിക്കുകയും ചെയ്യുന്നു. ദജ്ജാലിന്റെ തന്ത്രം പ്രത്യക്ഷമായ നിലയിൽ തകരുന്ന ആ സമയം അടുത്തിരിക്കുന്നു.

മസീഹ് മഊദ് പന്നിയെ കൊല്ലുമെന്ന പ്രവചനം നികൃഷ്ടനും ചീത്ത നാവുകാരനുമായ ഒരു ശത്രുവിനെ പരാജയപ്പെടുത്തുന്നതിനെയാണ് സൂചിപ്പിക്കുന്നത്. അങ്ങനെയുള്ള മസീഹ് മഊദിന്റെ പ്രാർഥന കൊണ്ട് നാശമടയുമെന്നും അത് സൂചിപ്പിക്കുന്നു.

മസീഹ് മഊദിന് മക്കളുണ്ടാകുമെന്ന പ്രവചനത്തിന്റെ സാരം, അല്ലാഹു അദ്ദേഹത്തിന്റെ വംശത്തിൽ നിന്ന് അദ്ദേഹത്തിന്റെ പ്രതിനിധിയാവുകയും ഇസ്‌ലാം മതത്തെ സഹായിക്കുകയും ചെയ്യുന്ന ഒരാളെ ജനിപ്പിക്കുമെന്നാണ്. എന്റെ ചില പ്രവചനങ്ങളിൽ ഈ സംഗതി വെളിവാക്കപ്പെട്ടിട്ടുണ്ട്.

മസീഹ് മഊദ് ദജ്ജാലിനെ കൊല്ലുമെന്ന പ്രവചനത്തിന്റെ അർഥം അദ്ദേഹത്തിന്റെ ആവിർഭാവത്താൽ ദജ്ജാലിന്റെ വിപത്ത് തനിയെ കുറഞ്ഞുപോകുമെന്നും ബുദ്ധി ജീവികളുടെ ഹൃദയം ഏകദൈവ വിശ്വാസത്തിലേക്ക് തിരിയുമെന്നുമാണ്. ദജ്ജാൽ എന്ന പദത്തിന് രണ്ട് വിധത്തിലുള്ള അർഥമാണ് കൽപ്പിക്ക പ്പെട്ടിരിക്കുന്നതെന്ന സംഗതി മനസ്സിലാക്കണം. അതായത് ദജ്ജാലിന്റെ ഒരർഥം നുണയെ സഹായിക്കുകയും വഞ്ചനയും ചതിയും കൊണ്ട് കാര്യം സാധിക്കുകയും ചെയ്യുന്ന ഒരു ജനസമൂഹമെന്നാണ്. മറ്റൊരർഥം എല്ലാ കളവിന്റെയും വിപത്തിന്റെയും പിതാവായിരിക്കുന്ന ശൈത്താൻ എന്നാണ്. തന്മൂലം അവനെ കൊല്ലുക എന്നതിനർഥം അവസാന കാലം വരെ വളർന്നു വരാത്തവിധം ഉന്മൂലനം ചെയ്യുമെന്നുമാണ്. അതായത് ഈ അവസാന യുദ്ധത്തിൽ ശൈത്താൻ വധിക്കപ്പെടും.

മസീഹ് മഊദിന്റെ വഫാത്തിന് ശേഷം നബി തിരുമേനി (സ) യുടെ ഖബറിൽ പ്രവേശിപ്പിക്കപ്പെടുമെന്നതിന് (നഊദു ബില്ലാഹ്) നബി തിരുമേനിയുടെ ഖബർ തുറക്കപ്പെടുമെന്ന് അർഥം കൽപ്പിക്കുന്നത് ബാഹ്യമായി മാത്രം ചിന്തിക്കുന്നവരുടെ അബദ്ധമാണ്. അത് നിർമര്യാദയും അനാദരവുമായ ഒരു ചിന്താഗതിയാണ്. അതിന്റെ നേരായ അർഥം മരണാനന്തരം മസീഹ് മഊദിന് നബി തിരുമേനി (സ) യുടെ സാമീപ്യം സിദ്ധിക്കുമെന്നും രണ്ട് ആത്മാക്കളും ഒരേ ഖബറിൽ അടക്കം ചെയ്യപ്പെട്ടത് പോലെ അദ്ദേഹത്തിന്റെ ആത്മാവ് നബി തിരുമേനി(സ)യുടേതുമായി അടുക്കുമെന്നുമാകുന്നു. ശരിയായ അർഥം ഇതാണ്. ഇഷ്ടമുള്ളവർ മറ്റർഥം കൽപ്പിച്ചുകൊള്ളട്ടെ. മരണാ നന്തരം ശാരീരികമായ ഒരു പ്രാധാന്യവുമില്ലെന്ന് ആദ്ധ്യാത്മിക പ്രബുദ്ധരായ ആളുകൾക്കറിയാം. നബിതിരുമേനി(സ)യുമായി അദ്ധ്യാത്മിക ബന്ധമുള്ള എല്ലാവരുടെയും ആത്മാവിന് നബി തിരുമേനി(സ)യുടെ ആത്മാവിന്റെ സാമീപ്യം സിദ്ധിക്കും. 'ഫദ്ഖുലീ ഫീ ഇബാദീ വദ്ഖുലീ ജന്നത്തീ' എന്റെ അടിയാരോട് കൂടി ചേർന്ന് എന്റെ സ്വർഗത്തിൽ പ്രവേശിക്കുക എന്ന് അല്ലാഹു പറഞ്ഞത് പോലെ.

മസീഹ് മഊദ് കൊല്ലപ്പെടുകയില്ല എന്ന പ്രവചനം സൂചിപ്പിക്കുന്നത് ഖാത്തമു ഖുലഫാഅ് കൊല്ലപ്പെടുക എന്നത് ഇസ്‌ലാമിന് അപമാനകരമാണെന്നാണ്. ഇതേ കാരണത്താൽ തന്നെയാണ് നബി തിരുമേനി (സ) യും വധശ്രമത്തിൽ നിന്ന് സംരക്ഷിക്കപ്പെട്ടത്. (ഹഖീഖത്തുൽ വഹ്‌യ്)

www.alislam.org

ലേഖനം

### മനുഷ്യഭാഷ: ഒരു നിഗൂഢ യാഥാർഥ്യം – 3

# ശിശുഭാഷയും ഭാഷാശാസ്ത്രവും

മനുഷ്യ സമൂഹം ഭാഷ എങ്ങനെ സ്വായത്തമാക്കി എന്ന് അറിയണമെങ്കിൽ മനുഷ്യശിശു എങ്ങനെ ഭാഷ ആർജിക്കുന്നു എന്ന് സൂക്ഷ്മമായി നിരീക്ഷിച്ചാൽ മതി എന്ന ഹദ്റത്ത് അഹ്മദി(അ) ന്റെ അഭിപ്രായത്തെ ആധുനിക ഭാഷാശാസ്ത്രം അംഗീകരിച്ചിരിക്കുകയാണ്.

## എ. എം. മുഹമ്മദ് സലീം

ചരിത്രാതീതകാലം മുതൽ തന്നെ മനുഷ്യൻ തന്റെ ചിന്തകളുടെയും ആശയങ്ങളുടേയും പ്രകാശനത്തിനും വിനിമയത്തിനും ഉപയോഗിച്ചുവരുന്ന ഉപകരണമാണ് ഭാഷ. മനുഷ്യന്റെ ഇതപര്യന്തമുള്ള എല്ലാ നിർമിതികളേയും ഭാഷ അതിജയിച്ചു നിൽക്കുന്നു. ആധുനിക മനുഷ്യൻ കണ്ടെത്തിയ കമ്പ്യൂട്ടറിനെക്കാളും സ്പെയിസ് ടെക്നോളജിയേക്കാളും ജെനിറ്റിക്ക് എഞ്ചീനിയറിങ്ങിനെക്കാളും ഭാഷയുടെ നിർമാണവും ഘടനയും പ്രവർത്തനശൈലിയും മികച്ചു നിൽക്കുന്നു എന്നകാര്യം വിസ്മയകരമാണ്. ആദിമ മനുഷ്യന്റെ ഭാഷക്ക് പോലും ഈദൃശ ഗുണങ്ങളുണ്ട്. കാട്ടു മൃഗങ്ങളോട് മത്സരിക്കുകയും ഉപജീവനത്തിനായി പ്രാകൃതോപകരണങ്ങൾ നിർമിക്കുകയും ചെയ്തിരുന്ന അക്കാലത്തെ മനുഷ്യൻ സങ്കീർണ ഘടനയുള്ള ഭാഷ കാലക്രമേണ സ്വയം നിർമിച്ച് ഉപയോഗിച്ചു എന്ന ഒരു സംഘം ഭാഷാ ശാസ്ത്രജ്ഞന്മാരുടെ വാദം യുക്തിക്ക് നിരക്കുന്നതല്ല.

വിശ്വപ്രശസ്തനായ ചരിത്രകാരൻ ജയിസ് എഡ്ഗാർ സ്വെയ്ൻ തന്റെ A History of World Civilisation എന്ന പുസ്തകത്തിൽ എഴുതിയത് ശ്രദ്ധേയമാണ്.

***പുരാതനകാലത്തെ ഭാഷകൾ വളരെ ലളിതമായിരുന്നു എന്ന് കരുതുന്നത് ശരിയല്ല. യൂറോപ്പിലെ ഒരു സാധാരണ കർഷകൻ ആയിരം വാക്കുകളിൽ കൂടുതൽ ഉപയോഗിക്കാറില്ല. എന്നാൽ ടീറാദെൽപ്യൂറോയിലെ പ്രാകൃത മനുഷ്യർക്ക് ഈ സംഖ്യയുടെ അനേകം ഇരട്ടി വരുന്ന ഒരു പദസമ്പത്തുണ്ട്. എസ്കീമോ വർഗക്കാരുടെ ഭാഷയാകട്ടെ വളരെ പ്രയാസമേറിയതാണ്. ലാപ്പാസ് എന്ന വർഗക്കാർക്ക് മഞ്ഞ് എന്ന പദത്തിന് 24 പര്യായ പദങ്ങളുണ്ട്. (A History of World Civilisation - James Edgar Swain p.14)***

എണ്ണമറ്റ ധാതുപദങ്ങളും ക്രിയാപദങ്ങളിൽ നിന്നും വ്യവസ്ഥാപിതമായി നിഷ്പന്നമാകുന്ന അനേകം നാമപദങ്ങളുള്ള അറബി പോലെയുള്ള അതി പ്രാചീന ഭാഷ പ്രാകൃത മനുഷ്യൻ നിർമിച്ചതാണെന്ന് പറയുന്നത് എങ്ങനെ അംഗീകരിക്കാൻ സാധിക്കും.? ശാസ്ത്രീയ പഠനങ്ങളിലൂടെ ഭാഷയുടെ രഹസ്യങ്ങളുടെ കുരുക്കഴിക്കാൻ ശ്രമിക്കുമ്പോഴെല്ലാം മുറുകി വരുന്ന ഊരാക്കുടുക്കായി ഭാഷാശാസ്ത്രം മാറുകയാണ്.

### ശിശു ഭാഷാർജനവും ഭാഷോൽപത്തി ഗവേഷണവും

മനുഷ്യ ശിശുവിന്റെ ഭാഷ സ്വായത്തമാക്കുന്നത് സൂക്ഷ്മമായി നിരീക്ഷിച്ചാൽ ഭാഷോൽപത്തിയെ സംബന്ധിച്ച് പല ഉൾക്കാഴ്ച്ചകളും നമുക്ക് ലഭിക്കുമെന്ന് വാഗ്ദത്ത മസീഹ് ഹദ്റത്ത് അഹ്മദ് (അ) പറയുന്നു. ഭാഷസ്വായത്തമാക്കുന്നതിന് ഭാഷാശാസ്ത്രം ഭാഷാപഠനം (Language Learning) ഭാഷാർജനം (Language Acquisition) എന്നീ രണ്ട് രീതിയിലുള്ള പദങ്ങൾ ഉപയോഗിക്കുന്നു. മനുഷ്യ ശിശു ഭാഷ സ്വായത്തമാക്കുന്നതിനെ ഭാഷാർജനമെന്നാണ് (Language Acquisition) ഭാഷാ ശാസ്ത്രം പറയുന്നത്. അത് ശിശുവിന്റെ വളർച്ചയോടൊപ്പം സംഭവിക്കുന്ന വളരെ സ്വാഭാവികയൊരു പ്രക്രിയ ആയത് കൊണ്ടാണ് അതിനെ ഭാഷാർജനം എന്ന് പറയുന്നത്. ബോധപൂർവം ശിശു ചെയ്യുന്ന ഒരു പ്രവർത്തനമല്ല അത്. പക്ഷേ നമ്മുടെ കണ്ണിന്റെ മുന്നിൽ അരങ്ങേറുകയും നാം



തന്നെ ഒരു ഘട്ടത്തിൽ കടന്നുവരികയും ചെയ്ത മനുഷ്യ ശിശുവിന്റെ അത്ഭുതകരമായ ഭാഷാർജന പ്രക്രിയയെ സംബന്ധിച്ച് പണ്ഡിതന്മാർവരെ അവധാന പൂർവം ചിന്തിക്കാറില്ല. ശിശു ഒന്നര വയസ്സ് മുതൽ അവന്റെ ഭാഷാ പ്രകടനം കാഴ്ച്ചവെച്ചു തുടങ്ങുന്നു. മാതാപിതാക്കൾ പറയുന്നത് കേട്ടാണ് ശിശു പ്രാഥമികമായി ഭാഷ അഭ്യസിക്കുന്നത് എന്ന കാര്യം ശ്രദ്ധേയമാണ്. ഇത് മാതാപിതാക്കന്മാരുടെ ഭാഗത്ത് നിന്നോ ശിശുവിന്റെ ഭാഗത്ത്നിന്നോ ഉള്ള ബോധപൂർവമായ പ്രവർത്തനംകൊണ്ടല്ല സംഭവിക്കുന്നത്. മാതാപിതാക്കൾ ഭാഷാദ്ധ്യാപനത്തെ സംബന്ധിച്ചോ ബോധന രീതിയെക്കുറിച്ചോ അതിന്റെ സാങ്കേതിക വശങ്ങളെ സംബന്ധിച്ചോ അറിയാത്തവരാണെങ്കിലും മനുഷ്യ ശിശുവിന് ഭാഷ ആർജിക്കാൻ മാതാപിതാക്കളോ സമൂഹമോ അനുപേക്ഷണീയമായ ഒരു ഉപാധിയാണ്. ഭാഷ സംസാരിക്കുന്ന മാതാപിതാക്കളുടെയോ മനുഷ്യസമൂഹത്തിന്റെയോ സാന്നിദ്ധ്യം ഇല്ലെങ്കിൽ ശിശുവിന് ഭാഷാർജനം അസാദ്ധ്യമാണ്.

മനുഷ്യ ശിശു മാതാപിതാക്കളെ അനുകരിച്ചാണ് ഭാഷ സംസാരിക്കാൻ തുടങ്ങുന്നതെങ്കിലും മുതിർന്നവരുടെ ഭാഷ ശിശു അതേപടി ആവർത്തിക്കുകയല്ല ചെയ്യുന്നത്. അനുകരണം അവരുടെ ഭാഷാപഠന പ്രക്രിയയുടെ ഭാഗം മാത്രമാണ്. ശിശുക്കളുടെയും മുതിർന്നവരുടെയും ഭാഷാ രീതിക്കും വ്യാകരണത്തിനും ഘടനക്കും വലിയ വ്യത്യാസങ്ങളുണ്ട്. ശിശു ഭാഷ ഒറ്റപദങ്ങളിൽ നിന്നാണ് ആരംഭിക്കുന്നത്. അതിന് മുമ്പുള്ള നിരർഥക ശബ്ദങ്ങൾ ഈ ഒറ്റപ്പദങ്ങളേക്കാൾ ദൈർഘ്യമുള്ളതാണെങ്കിലും ശിശു ഭാഷ ഒറ്റപ്പദങ്ങളിൽ തന്നെ ആദ്യഘട്ടത്തിൽ ഒതുങ്ങി നിൽക്കുന്നു. പിന്നീടാണ് അത് സാധാരണ രീതിയിലേക്ക് മാറുന്നത്.

ശിശു മാതാവിന്റെ ഗർഭപാത്രത്തിൽ വെച്ചു തന്നെ ശബ്ദങ്ങൾ പുറപ്പെടുവിച്ചു തുടങ്ങുകയും തിരിച്ചറിയുകയും ചെയ്യുന്നു എന്നാണ് ആധുനിക ശാസ്ത്രം പറയുന്നത്. ഗർഭകാലത്ത് ഭ്രൂണാവസ്ഥയിൽ കേട്ട ശബ്ദങ്ങൾ പ്രസവ ശേഷവും ശിശു തിരിച്ചറിയുന്നതായി പരീക്ഷണങ്ങളിലൂടെ തെളിയിക്കപ്പെട്ടിട്ടുണ്ട്. ഗർഭകാലത്ത് മാതാക്കൾ സദ്ചിന്തകളിലും സദ്വചനങ്ങളിലും വ്യാപൃതരാവണം എന്ന് പറയുന്നതിന്റെ പൊരുൾ ഇതായിരിക്കാം. ഗർഭകാലത്ത് ഭ്രൂണമായി നിൽക്കുന്ന ശിശുവിന്റെ ചെവിയിലൂടെ ശുദ്ധശൂന്യമായ മസ്തിഷ്ക്കത്തിൽ പതിയുന്ന ആദ്യശബ്ദങ്ങൾക്ക് ഭാവിയിലെ ചിന്തകളെ സ്വാധീനിക്കാൻ കഴിഞ്ഞേക്കാം. ഉച്ചാരണാവയവങ്ങൾ പ്രസവത്തിന് മുമ്പ് ഗർഭപാത്രത്തിൽ ഭ്രൂണാവസ്ഥയിൽ തന്നെ പൂർണ വളർച്ച പ്രാപിക്കുന്നു. വാവിട്ടു കരഞ്ഞു കൊണ്ടാണ് മനുഷ്യ ശിശു ജനിക്കുന്നത്. ദൈവം തന്റെ കൽപനയാൽ സംവിധാനം ചെയ്ത പ്രതിഭാസ

ശിശു മാതാവിന്റെ ഗർഭപാത്ര ത്തിൽ വെച്ചു തന്നെ ശബ്ദങ്ങൾ പുറപ്പെടുവിച്ചു തുടങ്ങുകയും തിരിച്ചറിയുകയും ചെയ്യുന്നു എന്നാണ് ആധുനിക ശാസ്ത്രം പറയുന്നത്. ഗർഭകാലത്ത് ഭ്രൂണാ വസ്ഥയിൽ കേട്ട ശബ്ദങ്ങൾ പ്രസവ ശേഷവും ശിശു തിരിച്ചറിയുന്നതായി പരീക്ഷണങ്ങളിലൂടെ തെളിയിക്കപ്പെട്ടിട്ടുണ്ട്. ഗർഭകാലത്ത് മാതാക്കൾ സദ്ചിന്തകളിലും സദ്വചനങ്ങളിലും വ്യാപൃതരാവണം എന്ന് പറയുന്നതിന്റെ പൊരുൾ ഇതായിരിക്കാം. ഗർഭകാലത്ത് ഭ്രൂണമായി നിൽക്കുന്ന ശിശുവിന്റെ ചെവിയിലൂടെ ശുദ്ധശൂന്യമായ മസ്തിഷ്ക്കത്തിൽ പതിയുന്ന ആദ്യശബ്ദങ്ങൾക്ക് ഭാവിയിലെ ചിന്തകളെ സ്വാധീനിക്കാൻ കഴി ഞ്ഞേക്കാം.

മാണ് നവജാത ശിശുവിന്റെ ഈ ജനനരോദനം. ശിശുവിന്റെ ഇച്ഛ കൊണ്ടല്ല ഈ നിലവിളി സംഭവിക്കുന്നത്. അതിന് അവൻ കുറച്ച് വേദന സഹിച്ചിരിക്കാം. അവന്റെ ഉച്ചാരണാവയവങ്ങളുടെ പ്രവർത്തനം, ശ്വാസോഛ്വാസം, രക്ത ചംക്രമണം മുതലായ ശാരീരിക പ്രവർത്തനങ്ങളെ പ്രാഥമികമായി ഉത്തേജിപ്പിച്ച് വിടാനാണ് ഈ കരച്ചിൽ ദൈവം സംവിധാനിച്ചത്.

പിന്നീട് ശിശു പിച്ചവെച്ച് നടക്കുന്നതിന് മുമ്പേ തന്നെ ഭാഷാ പഠനം മുളപൊട്ടാൻ തുടങ്ങുന്നു. മറ്റു ശാരീരിക വൃത്തിയേക്കാൾ വേഗത്തിലാണ് അത് ഭാഷ ആർജിക്കുന്നത്. ഭാഷ അടുക്കുകളുള്ളതും പല തലങ്ങളിലും വ്യാകരണ നിയമങ്ങളുള്ളതുമായ ഒരു സങ്കീർണ ഘടനയാണ്. മറ്റൊരു ഭാഷ ബോധപൂർവം പഠിക്കാൻ ശ്രമിക്കുമ്പോൾ നമുക്കിത് മനസ്സിലാക്കാവുന്നതാണ്. അങ്ങനെയുള്ള ഭാഷയിലെ പദങ്ങൾ തിരഞ്ഞെടുത്ത് വ്യാകരണ സാധുതയുള്ള വാക്യങ്ങളാക്കി മനുഷ്യ ശിശു അനായാസം ഏളുപ്പത്തിൽ ഉപയോഗിക്കുന്നതാണ് പിന്നീട് നാം കാണുന്നത്. പ്രധാനമായിട്ടുള്ള കാര്യം ശിശുവിന് പഠിക്കണമെങ്കിൽ മറ്റൊരാളുടെ ഭാഷാവ്യവഹാരം കേൾക്കുകയോ അനുകരിക്കുകയോ വേണം. ഭാഷഭ്യാസനത്തെക്കുറിച്ച് ചിന്തിക്കുമ്പോൾ വെളിപ്പെടുന്ന മറ്റൊരു കാര്യം തനിക്ക് ആവശ്യമുള്ള ഒരു ഉപാധി എന്ന നിലക്കാണോ മനുഷ്യ ശിശു ഭാഷാപഠനത്തിൽ ഏർപ്പെടുന്നത് എന്നതാണ്. ഒരിക്കലുമല്ല. കാരണം ശിശുവിന് വേദന, വിശപ്പ് എന്നീ ജൈവ വികാരങ്ങളുടെ നിവർത്തിപ്പല്ലാതെ മറ്റൊരാവശ്യത്തെ പറ്റിയും അറിയില്ല. വേദനയും വിശപ്പും മാതാവിനെ അറിയിക്കാൻ അതിന് കരച്ചിൽ തന്നെ ധാരാളം. ബധിര ശിശുക്കൾക്ക് അവന്റെ മുഖ ഭാവങ്ങളിലൂടെയും അംഗചലനത്തിലൂടെയും ഇക്കാര്യങ്ങൾ അറിയിക്കാൻ സാധിക്കും. പിന്നെയെങ്ങനെ മനുഷ്യശിശു മാതാപിതാക്കന്മാരുടെ സഹായത്താൽ സങ്കീർണമായ ഭാഷപഠിക്കാൻ ആ പ്രായത്തിൽ ഇറങ്ങി തിരിക്കുന്നു!!?. ഇവിടെയാണ് ഖുർആൻ വാക്യം വീണ്ടും പ്രസക്തമാവുന്നത്. ഓരോ മനുഷ്യ ശിശുവിനും മാതാപിതാക്കളെ വെച്ച് ദൈവം തന്നെയാണ് ഭാഷയഭ്യസിപ്പിക്കുന്നത്. ഖുർആൻ പറയുന്നു:

***നിരുപാധികം കരുണ ചെയ്യുന്ന ദൈവം. (അർ റഹ്മാൻ) അവൻ ഖുർആൻ പഠിപ്പിച്ചു. സാമൂഹിക ജീവിയായ മനുഷ്യനെ (ഇൻസാൻ) സൃഷ്ടിക്കുകയും അവന് ഭാഷണ സിദ്ധിയോടു കൂടിയ ആശയ പ്രകടന രീതി (ബയാൻ) പഠിപ്പിച്ചു കൊടുക്കുകയും ചെയ്തു. (വി. ഖുർആൻ സൂറ: റഹ്മാൻ)***

ശിശു ഭാഷ പഠിക്കുന്ന രീതി സൂക്ഷ്മമായി നിരീക്ഷിച്ചാൽ ആദി മനുഷ്യൻ എങ്ങനെയാണ് ഭാഷ പഠിച്ചതെന്ന് മനസ്സിലാക്കാം. മറ്റൊരാൾ പഠിപ്പിച്ചു കൊടുക്കാനില്ലെങ്കിൽ മനുഷ്യശിശു ഭാഷപഠിക്കില്ല എന്ന കാര്യം തെളിയിക്കപ്പെട്ട ഒരു യാഥാർഥ്യമാണ്. ചെന്നായ്ക്കൾ തട്ടി കൊണ്ട് പോയി കാട്ടിൽ പാലു കൊടുത്ത് വളർത്തിയ ഒരു മനുഷ്യ ശിശുവിനെ കണ്ടെടുക്കപ്പെട്ടിട്ടുണ്ട്. ചെന്നായ പുറപ്പെടുവിക്കുന്ന ശബ്ദം മാത്രമെ ആ മനുഷ്യശിശുവിന് ഉദ്പാദിപ്പിക്കാൻ കഴിഞ്ഞുള്ളൂ. പിന്നീട് വളരെ കാലത്തെ പരിശീലനം കൊണ്ടാണ് മനുഷ്യ ഭാഷ അതിന് സ്വായത്തമാക്കാൻ കഴിഞ്ഞത്. കൂടാതെ ജനിച്ച ഉടനെ മറ്റാരുടെയും സമ്പർക്കമില്ലാതെ ബധിരരും മൂകരുമായ മാതാപിതാക്കളുടെ അടുക്കൽ വെച്ച് വളർന്ന ശിശുവിന്റെ ഭാഷാ ശേഷിയെ നിരീക്ഷിച്ച് കൊണ്ട് നടത്തിയ പഠനങ്ങളും ഭാഷ ഒരു അഭ്യസ്ത വൃത്തിയാണെന്നാണ് തെളിയിക്കുന്നത്. ആയതിനാൽ ആദി മനുഷ്യന് ഭാഷ മറ്റാരെങ്കിലും പഠിപ്പിക്കേണ്ടിയിരിക്കുന്നു എന്ന വസ്തുതയിലേക്കാണ് ഇത് വിരൽ ചൂണ്ടുന്നത്. അത് പ്രാകൃത മനുഷ്യൻ സ്വയം ഉണ്ടാക്കിയതല്ല. ആ പ്രാഥമിക അദ്ധ്യാപകനും ബോധകനും ദൈവം തന്നെയാണ്. അതായത് ദൈവികമായ ഉപകരണങ്ങളിലൂടെയാണ് ഇത് സംഭവിച്ചത്. ഈ യാഥാർഥ്യത്തെ നിഷേധിക്കുന്നവരെ അഭിസംബോധന ചെയ്തു കൊണ്ട് വാഗ്ദത്ത മസീഹ് ഹദ്റത്ത് അഹ്മദ് (അ) പറയുന്നു:

***മനുഷ്യൻ ജന്മനാ തന്നെ***

ശിശു ഭാഷ പഠിക്കുന്ന രീതി സൂക്ഷ്മമായി നിരീക്ഷിച്ചാൽ ആദി മനുഷ്യൻ എങ്ങനെയാണ് ഭാഷ പഠിച്ചതെന്ന് മനസ്സിലാക്കാം. മറ്റൊരാൾ പഠിപ്പിച്ചു കൊടുക്കാനി ല്ലെങ്കിൽ മനുഷ്യശിശു ഭാഷപഠി ക്കില്ല എന്ന കാര്യം തെളിയിക്കപ്പെട്ട ഒരു യാഥാർഥ്യമാണ്. ചെന്നായ്ക്ക ൾ തട്ടി കൊണ്ട് പോയി കാട്ടിൽ പാലു കൊടുത്ത് വളർത്തിയ ഒരു മനുഷ്യ ശിശുവിനെ കണ്ടെടുക്ക പ്പെട്ടിട്ടുണ്ട്. ചെന്നായ പുറപ്പെടുവിക്കുന്ന ശബ്ദം മാത്രമെ ആ മനുഷ്യശിശുവിന് ഉദ്പാദിപ്പിക്കാൻ കഴിഞ്ഞുള്ളൂ. പിന്നീട് വളരെ കാലത്തെ പരിശീലനം കൊണ്ടാണ് മനുഷ്യ ഭാഷ അതിന് സ്വായത്ത മാക്കാൻ കഴിഞ്ഞത്.

സംസാരിക്കാനോ ആശയ വിനിമയം നടത്താനോ പ്രാപ്തനല്ല. എന്നത് കൊണ്ട് ആശങ്കാകുലനാകേണ്ടതില്ല. എന്നാൽ പ്രായേണ ആ കഴിവ് അഭ്യസനത്തിലൂടെ ആർജിക്കുകയാണ് ചെയ്യുന്നത് എന്ന് തീർച്ചയായും നമുക്കറിയാം. ഈ വസ്തുത ഒരു എതിർ വാദമായി ഉയർത്തുവാൻ അവർക്ക് സുഷുപ്തിയിലാണ്ടവനെപോലെ മാനസികമായി നിഷ്ക്രിയനാകാൻ പാടില്ല. അഭ്യസനത്തിലൂടെയാണ് ഭാഷ ആർജിക്കുന്നതെന്ന് സമ്മതിക്കുമ്പോൾ മറ്റാരുടെയെങ്കിലും സഹായം കൂടാതെ പ്രഥമ മനുഷ്യന് ഭാഷ പഠിക്കുവാൻ സാദ്ധ്യമല്ല എന്ന് കൂടി അവർക്ക് സമ്മതിക്കേണ്ടിവരും. അങ്ങനെ ഏതൊന്നിനെയാണോ അവർ നിഷേധിക്കുന്നത് അതിനെ അവർ അംഗീകരിക്കേണ്ടതായി വരും. അവർ ഗാഢമായി ചിന്തിക്കുകയും മനനം ചെയ്യുകയും ചെയ്തെങ്കിൽ ഈ സത്യം ബോദ്ധ്യമാകും. നവജാത ശിശുക്കളെ ഭാഷ പഠിച്ചു മനസ്സിലാക്കാൻ മറ്റൊരാളില്ലാതെ ഒറ്റക്ക് വിട്ടാൽ ഭാഷ അഭ്യസിപ്പിക്കാൻ സാധ്യമല്ല എന്ന കാര്യം പരീക്ഷണ നിരീക്ഷണത്തിലൂടെയും വസ്തുതകളുടെ വിശകലനങ്ങളിലൂടെയും സ്ഥാപിക്കപ്പെട്ടതാണ്. സത്യാന്വേഷകനും സത്യവിശ്വാസിക്കും ഇതിനേക്കാൾ ശക്തമായ വാദം സമർപ്പിക്കാനുണ്ടോ? (മിനനുർ റഹ്മാൻ ***Favours o The Beneficient p.88***)

വാഗ്ദത്ത മസീഹ് ഹദ്റത്ത് അഹ്മദ് (അ) വീണ്ടും എഴുതുന്നു:

ഭാഷ മനുഷ്യന്റെ കണ്ടുപിടുത്തമാണെന്ന് പറയുന്നത് ശരിയല്ല. സമ്പൂർണമായ തന്റെ ശക്തികളാൽ മനുഷ്യനെ സൃഷ്ടിക്കുകയും അവന് സംസാരിക്കാൻ കഴിയുമാറ് ഒരു നാവ് നൽകുകയും ചെയ്ത സർവ ശക്തനായ ദൈവമാണ് ഭാഷകളുടെ സ്രഷ്ടാവും ഉപജ്ഞാതാവും. ഭാഷ മനുഷ്യന്റെ കണ്ടുപിടുത്തമായിരുന്നുവെങ്കിൽ ഒരു കുഞ്ഞിനെ സംസാരിക്കാൻ പഠിപ്പിക്കേണ്ടി വരുമായിരുന്നില്ല. ശിശു പക്വതയിലേക്ക് വളർന്നെത്തുന്നതിനോടൊപ്പം അതിന്റെ സ്വന്തമായ സംസാര രീതി അത് സ്വയം കണ്ടെത്തിയിരിക്കും. എന്നാൽ കുഞ്ഞിനെ സംസാര രീതി പഠിപ്പിക്കാത്ത പക്ഷം അതിന് സംസാരിക്കാൻ കഴിയുകയില്ലെന്ന കാര്യം സ്പഷ്ടമാണ്. ശിശു ഗ്രീക്ക് വനാന്തരങ്ങളിലോ ബ്രിട്ടീഷ് ദ്വീപുകളിലോ ഭൂമദ്ധ്യ രേഖാ പ്രദേശങ്ങളിലോ എന്ന് വേണ്ട ഭൂമുഖത്ത് എവിടെ വളർത്തപ്പെട്ടാലും ശരി സംസാര കല അതിനെ അഭ്യസിപ്പിച്ചിരിക്കണം. അല്ലാത്ത പക്ഷം ശിശുവിന് സംസാരിക്കാൻ കഴിവുണ്ടായിരിക്കയില്ല.



മനുഷ്യന്റെ സ്വാധീനത്താൽ ഭാഷകൾ മാറ്റങ്ങൾക്ക് വിധേയമാകുന്നുവെന്ന ധാരണ മിഥ്യയാണ്. ബോധപൂർവ്വമായ മാനുഷിക യത്നത്തിന്റെ ഫലമല്ല ഭാഷയിൽ ഉളവാകുന്ന മാറ്റങ്ങൾ. ചില പ്രത്യേക ഘട്ടങ്ങളിൽ ഭാഷയിൽ മാറ്റങ്ങൾ ഉളവാക്കുന്നതിന്ന് മനുഷ്യ മനസ്സിനെ സജ്ജമാക്കാമെന്ന് കരുതാവുന്ന അംഗീകൃത നിയമങ്ങളോ തത്വങ്ങളോ ഇല്ല. ഭൗമികവും അഭൗമികവുമായ എല്ലാ മാറ്റങ്ങളിലുമെന്ന പോലെ ഭാഷകളിലുണ്ടാവുന്ന മാറ്റങ്ങളിലും ദൈവേച്ഛയുടെ പ്രതിഫലനം ആഴത്തിൽ ദൃശ്യമാണ്.

ലോകത്ത് സംസാരിക്കപ്പെട്ടു വരുന്ന വിവിധ ഭാഷകൾ ഒരു പ്രത്യേക ഘട്ടത്തിൽ മനുഷ്യരാശി ഒന്നിച്ചോ, വിവിധ വിഭാഗക്കാർ വെവ്വേറയോ കണ്ടുപിടിക്കാമെന്ന് തെളിയിക്കാനോ സ്ഥാപിക്കാനോ സാധ്യമല്ല. ഭാഷകളിൽ നിരന്തരം മാറ്റങ്ങൾ ഉണ്ടാക്കുന്ന ദൈവത്തിന് ഒരു വെളിപാടിന്റെ ആവശ്യമില്ലാതെ തന്നെ ഭാഷയെ ഉത്ഭവിപ്പിച്ചു കൂടെ? ഈ ചോദ്യത്തിനുള്ള ഉത്തരമിതാണ്. ആരംഭത്തിൽ തന്റെ ശക്തിയിലൂടെ എല്ലാം ലളിതമായി സൃഷ്ടിക്കുക എന്നത് ദൈവത്തിന്റെ രീതിയാണ്. ആകാശം, ഭൂമി, ചന്ദ്രൻ, മനുഷ്യ പ്രകൃതി എന്നിവയുടെയും മറ്റെല്ലാത്തിന്റെയും പ്രാരംഭ സൃഷ്ടിപ്പും തുടക്കവും ഭൗതികമായ സ്വാധീനങ്ങളൊന്നുമില്ലാതെ തികച്ചും പരിശുദ്ധമായ ദൈവിക ശക്തിയിലൂടെയാണ് ഉണ്ടായതെന്ന് വ്യക്തമാക്കുന്ന ദൈവം എന്തെല്ലാം സൃഷ്ടിച്ചുവോ അതെല്ലാം മനുഷ്യ സങ്കൽപ്പങ്ങൾക്കതീതമായ ഒരു ആത്യന്തിക ശക്തിയുടെ പ്രകടന രൂപങ്ങളാണ്.

ഇന്നത്തെ ഉപാധികൾ സൃഷ്ടിയുടെ ആരംഭത്തിനോ ഉത്ഭവത്തിനോ കാരണമായിത്തീരാൻ ന്യായമില്ല. ഉദാഹരണമായി ഇന്ന് അച്ഛനോ അമ്മയോ ഇല്ലാതെ ഒരു

ഇവിടെ ആദമിന് നാമങ്ങൾ പഠിപ്പിച്ചു കൊടുത്തു എന്നതിൽ പലവിധ സൂചനകളുമുണ്ട്. അതിൽ പ്രധാനപ്പെട്ട ഒരു സൂചന ആദിമനുഷ്യന്റെ പ്രതിനിധിയായ ആദമിന് ദൈവം വെളിപാടിലൂടെ ഭാഷ അഭ്യസിപ്പിച്ചു എന്നതാണ്. ദൈവത്താൽ വെളിപ്പെട്ട ആ പ്രഥമ ഭാഷ ദിവ്യാത്ഭുതങ്ങൾ നിറഞ്ഞ തികവുറ്റ അറബി ഭാഷയാണ്. അതുകൊണ്ടാണ് എല്ലാ ഭാഷകളു ടെയും മാതാവായി അറബി ഭാഷാ വർത്തിക്കുന്നത്. ഈ യാഥാർഥ്യം അനിഷേധ്യമായ യുക്തിയുടേയും ന്യായ വാദങ്ങളുടേയും പിൻബല ത്തോടെ വാഗ്ദത്ത മസീഹ് ഹദ്റത്ത് അഹ്മദ് (അ) *മിനനുർ റഹ്മാൻ* എന്ന ഗ്രന്ഥത്തിൽ തെളിയിച്ചു കാട്ടുകയുണ്ടായി.

***ശിശുവിന് ജന്മം കൊള്ളാൻ സാധ്യമല്ല. എന്നാൽ സൃഷ്ടിയുടെ തുടക്കത്തിൽ മാതാപിതാക്കന്മാർ അനിവാര്യമായിരുന്നു എന്ന സ്ഥിതിവിശേഷം നിലനിന്നിരുന്നുവെങ്കിൽ മനുഷ്യ വംശത്തിന്റെ അവിർഭാവം തന്നെ അസാധ്യമായേനെ. ഭാഷകളിൽ യഥാകാലങ്ങളിൽ സ്വാഭാവികമായുണ്ടാകുന്ന മാറ്റങ്ങളും ആദിയിൽ ജനനം കൊണ്ട ഭാഷക്കും തമ്മിൽ ഇരുലോകങ്ങൾ തമ്മിലുള്ള വ്യത്യാസമുണ്ട്. ഇവ രണ്ടും തികച്ചും ഭിന്നമാണ്. (ബറാഹീനെ അഹ്മദിയ്യാ. പേജ് 336 346)*** ഭാഷയുടെ ഉദ്ഭവത്തെ സംബന്ധിച്ച് ആഴത്തിലുള്ള പഠനങ്ങൾ നടത്തുന്തോറും തെളിഞ്ഞു വരുന്ന സമസ്യ ഭാഷാ ഗവേഷകരെ പോലും അമ്പരപ്പിക്കുന്നു. ലോക പ്രശസ്ത ഭാഷാപണ്ഡിതനും നിരീശ്വരവാദിയും മാർക്സിസ്റ്റുമായ ഡോ. നോം ചോസ്കിയുടെ പ്രസ്താവന നോക്കൂ.

### ഭാഷ വെളിപാടിലൂടെ

ഭാഷയുടെ ഉദ്ഭവത്തെക്കുറിച്ച് ആധുനിക ശാസ്ത്ര സമൂഹം എത്തിച്ചേർന്ന ഉത്കണ്ഠയുടെയും സന്ദിഗ്ദ്ധതകളുടെയും നിദർശനമാണ് ആധികാരിക വിജ്ഞാന കോശമായ എൻസൈക്ലോപീഡിയാ ബ്രിട്ടാനിക്കയുടെ താഴെക്കാണുന്ന ഉദ്ധരണി.

***ഭാഷയുടെ ഉത്ഭവത്തെ സംബന്ധിച്ച് ആത്യന്തിക വസ്തുതകളെക്കുറിച്ച് പലവിധ അഭ്യൂഹങ്ങളും പ്രചാരത്തിലുണ്ട്. ഭാഷാശാസ്ത്രജ്ഞരെക്കാൾ കൂടുതൽ ദാർശനികന്മാർ ക്കിടയിലാണ് ഇത് കണ്ടുവരുന്നത്. ഡബ്ലിയു. ഷിഡ്മിഡ്ത് അടക്കം ചില പണ്ഡിതന്മാർ പൊതുവെ പ്രചാരത്തിലിരിക്കുന്ന സിദ്ധാന്തങ്ങളെക്കുറിച്ച് ബോധവാന്മാരാണ്. വിശദീകരണങ്ങളെല്ലാം ഉപേക്ഷിച്ച് അവർ ഇക്കാര്യത്തിൽ മതപരമായ വിശ്വാസത്തിലേക്ക് സ്വാഭാവികമായി നീങ്ങിക്കൊണ്ടിരിക്കയാണ്. ആ വിശ്വാസമെന്തെന്നാണെന്നോ? ആദ്യ ഭാഷ ദൈവം നേരിട്ട് ആദമിന് നൽകുകയാണുണ്ടായത് എന്നതാകുന്നു. (എൻസൈക്ലോപീഡിയ ബ്രിട്ടാനിക്ക. പേ. 702)***

അല്ലാഹു വെളിപാടിലൂടെ ആദമിന് എല്ലാ നാമപദങ്ങളും പഠിപ്പിച്ചു കൊടുത്തു എന്ന സൂചന വിശുദ്ധ ഖുർആനിലുണ്ട്. ഖുർആൻ പറയുന്നു:

***അവൻ ആദമിന് എല്ലാ നാമങ്ങളും പഠിപ്പിച്ചു കൊടുത്തു. അനന്തരം അവൻ അവയെ മലക്കുകളുടെ മുമ്പിൽ വെച്ചു കാട്ടി. എന്നിട്ട് അവൻ പറഞ്ഞു: നിങ്ങൾ സത്യം പറയുന്നവരാണെങ്കിൽ ഇവയുടെ നാമങ്ങൾ എന്നോട് പറയുക. അവർ പറഞ്ഞു: നീ പരിശുദ്ധനാണ്. നീ പഠിപ്പിച്ചു തന്നതല്ലാതെ ഞങ്ങൾക്ക് യാതൊരറിവുമില്ല. നിശ്ചയമായും സർവജ്ഞനും യുക്തിജ്ഞനും നീ തന്നെയാകുന്നു. അപ്പോൾ അവൻ (അല്ലാഹു) പറഞ്ഞു: ആദം! നീ ഇവയുടെ നാമങ്ങൾ അവർക്ക് അറിയിച്ചു കൊടുക്കുക. അപ്രകാരം അദ്ദേഹം അവയുടെ നാമങ്ങൾ അവർക്ക് അറിയിച്ചു കൊടുത്തപ്പോൾ അവൻ (അല്ലാഹു) പറഞ്ഞു: നിശ്ചയമായും ആകാശങ്ങളിലേയും ഭൂമിയിലേയും അദൃശ്യ കാര്യങ്ങൾ എനിക്കറിയാമെന്നും നിങ്ങൾ വെളിപ്പെടുത്തുന്നതും മറച്ചു വെക്കുന്നതും ഞാനറിയുന്നുവെന്നും നിങ്ങളോട് ഞാൻ പറഞ്ഞിരുന്നില്ലേ? (2: 32 34)***

ഇവിടെ ആദമിന് നാമങ്ങൾ പഠിപ്പിച്ചു കൊടുത്തു എന്നതിൽ പലവിധ സൂചനകളുമുണ്ട്. അതിൽ പ്രധാനപ്പെട്ട ഒരു സൂചന ആദിമനുഷ്യന്റെ പ്രതിനിധിയായ ആദമിന് ദൈവം വെളിപാടിലൂടെ ഭാഷ അഭ്യസിപ്പിച്ചു എന്നതാണ്. ദൈവത്താൽ വെളിപ്പെട്ട ആ പ്രഥമ ഭാഷ ദിവ്യാത്ഭുതങ്ങൾ നിറഞ്ഞ തികവുറ്റ അറബി ഭാഷയാണ്. അതുകൊണ്ടാണ് എല്ലാ ഭാഷകളുടെയും മാതാവായി അറബി ഭാഷാ വർത്തിക്കുന്നത്. ഈ യാഥാർഥ്യം അനിഷേധ്യമായ യുക്തിയുടേയും ന്യായ വാദങ്ങളുടേയും പിൻബലത്തോടെ വാഗ്ദത്ത മസീഹ് ഹദ്റത്ത് അഹ്മദ് (അ) *മിനനുർ റഹ്മാൻ* എന്ന ഗ്രന്ഥത്തിൽ തെളിയിച്ചു കാട്ടുകയുണ്ടായി. വാസ്തവത്തിൽ അറബി ഭാഷയോട് അളവറ്റ ആദരം പുലർത്തുന്ന അറബി ഭാഷാ പണ്ഡിതന്മാർ

പോലും ഹദ്റത്ത് അഹ്മദ് (അ) ഉയർത്തിയ ഈ പ്രമേയത്തെ വേണ്ടത്ര ഗൗരവത്തോടെ വിലയിരുത്തിയിട്ടില്ല. ഹദ്റത്ത് അഹ്മദ് ( അ) എഴുതുന്നു:

***ദൈവം മനുഷ്യനെ സമീ: (ശ്രോതാവ്) എന്നാണ് വിളിച്ചത്. സമീ: എന്ന വാക്കിന്റെ വിവക്ഷ ആദ്യകാലത്ത് മനുഷ്യനെ ദൈവം ശ്രദ്ധിച്ചു കേൾക്കുന്ന ശ്രോതാവായിട്ടാണ് സൃഷ്ടിച്ചിട്ടുള്ളത് എന്നാണ്. ദൈവം അവനെ ആശയക്കുഴപ്പത്തിലാക്കുന്ന അവസ്ഥയിൽ വിട്ടിരുന്നില്ല. സൂറ: ബക്കറയിൽ ഈയൊരാശയം കൂടുതൽ വിശദമാക്കുന്നു.***

***സൂറ ബക്കറയിൽ ദൈവം മനുഷ്യനെ നാമങ്ങൾ പഠിപ്പിച്ചു എന്ന് പറയുന്നു. ഇത് ഒരുപാട് കാര്യങ്ങൾ സൂചിപ്പിക്കുന്നു. അതിലൊന്ന് ദൈവം മുസമ്മിയത്തിലൂടെ ഭാഷാ പദങ്ങൾ പഠിപ്പിച്ചുവെന്നാണ്. മുസമ്മിയത്ത് എന്നാൽ അടയാളങ്ങളിലൂടെ വിവരിക്കപ്പെടുന്ന വസ്തുതകൾ എന്നാണ്. പഠിപ്പിക്കപ്പെട്ട ഈ കാര്യങ്ങൾ ക്രിയകളോ, നാമങ്ങളോ സൃഷ്ടവസ്തുക്കളെ പറ്റിയോ ആകാം. മറ്റൊന്ന് വസ്തുതകളുടെ യഥാർഥ സത്തയും അവയിൽ അന്തർഹിതമായ ഗുണങ്ങളും തമ്മിലുള്ള ബന്ധം അറബി ഭാഷയിൽ പഠിപ്പിക്കപ്പെട്ടു എന്നതാണ്. (മിനനുർ റഹമാൻ (Favours of The Beneficient p. 96)***

ഭാഷയുടെ ദൈവികോത്ഭവത്തെക്കുറിച്ചുള്ള ഈ ആശയം ബൈബിളിലും കാണാം.

***കർത്താവായ ദൈവം നിലത്ത് എല്ലാ കാട്ടു മൃഗങ്ങളെയും ആകാശത്ത് എല്ലാ പറവകളെയും സൃഷ്ടിച്ചു. ആദം അവയെ എന്ത് പേർ ചൊല്ലി വിളിക്കുന്നു വെന്ന് കാണുന്നതിന്ന് അവയെ അയാളുടെ മുന്നിൽ വരുത്തി. ആദം ഒരോ ജീവിയേയും വിളിച്ചത് അതിന്റെ പേര് ആയി. എല്ലാ കന്നുകാലികൾക്കും ആകാശത്തിലെ പക്ഷികൾക്കും വയലിലെ എല്ലാ മൃഗങ്ങൾക്കും ആദം പേരിട്ടു. (ഉൽപ്പത്തി 2: 18 20 )***

ഭാഷ ദൈവത്തിൽ നിന്ന് മനുഷ്യന് ഉത്ഭൂതമായ വരദാനമാണ് എന്നതിന് നിരവധി തെളിവുകളുണ്ടായിരിക്കെ അത് മൃഗങ്ങളുടേയും പക്ഷികളുടേയും ശബ്ദങ്ങൾ അനുകരിച്ച് പ്രാകൃത മനുഷ്യൻ സ്വയം ഉണ്ടാക്കിയതാണെന്ന നിരർഥകവും അയുക്തികവുമായ വാദങ്ങൾ ശാസ്ത്രം എന്ന് പേരിട്ട് ഉയർത്തുന്നത് പരിഹാസ്യമാണ്. വെളിപാടിലൂടെ മനുഷ്യന് ജ്ഞാനങ്ങൾ ലബ്ധമാണ്. മനുഷ്യസമൂഹത്തിൽ അനിഷേധ്യമായ സ്വാധീനം ചെലുത്തുന്ന മതങ്ങളുടെയെല്ലാം മൂല പ്രമാണം വെളിപാട് എന്ന പ്രതിഭാസം മൂഖേനയായിരിക്കേ ഭാഷ ദൈവത്തിൽ നിന്ന് വെളിപ്പെട്ടതാണെന്ന് അംഗീകരിക്കുന്നതിന് ബുദ്ധിമാനായ മനുഷ്യന് എന്താണ് തടസ്സം? (തുടരും)

## അയൽക്കാരനോടുള്ള കടപ്പാട്

അംറുബ്നു ശുഐബ് (റ) ൽ നിന്നും നിവേദനം: നബി (സ) പറഞ്ഞു: തന്റെ കുടുംബത്തിനും സമ്പത്തിനുമുണ്ടാകുന്ന നഷ്ടം ഭയന്ന് അയൽക്കാരന്ന് നേരെ വാതിൽ കൊട്ടിയടക്കുന്നവൻ സത്യവിശ്വാസിയല്ല. ഏതൊരുവന്റെ ഉപദ്രവത്തിൽ നിന്ന് അയൽക്കാരൻ നിർഭയനല്ലയോ അവനും വിശ്വാസിയല്ല. അയൽക്കാരനോടുള ബാദ്ധ്യതകൾ എന്തൊക്കെയാന്നെന്ന് അറിയുമോ? അവൻ നിന്നോട് സഹായമഭ്യർത്ഥിച്ചാൽ അവനെ സഹായിക്കണം. കടം ചോദിച്ചാൽ കൊടുക്കണം. അവൻ ആവശ്യക്കാരനെങ്കിൽ അത് അവന് തന്നെ തിരിച്ച് നൽകണം. രോഗിയായാൽ സന്ദർശിക്കുക. അവന് വല്ല നന്മയും കൈവന്നാൽ ആശംസിക്കുക. ബുദ്ധിമുട്ടുകൾ നേരിടുമ്പോൾ ആശ്വസിപ്പിക്കുക. മരണപ്പെട്ടാൽ ജനാസയെ അനുഗമിക്കുക. അവന്റെ അനുവാദം കൂടാതെ കെട്ടിടമുയർത്തി നീ അവന്റെ വീട്ടിലേക്കുള്ള വായു സഞ്ചാരം തടസ്സപ്പെടുത്തരുത്. തന്റെ കറിയിൽ നിന്നും അവന് ഒന്നും നൽകാതെ അതിന്റെ മണം മാത്രം പരത്തിക്കൊണ്ട് നീ അവനെ ഉപദ്രവിക്കരുത്. നീ പഴം വാങ്ങിയാൽ അതിന്റെ ഒരു വിഹിതം അവന് നൽകുക. അതിന് സാദ്ധ്യമല്ലെങ്കിൽ വീട്ടിൽ അത് സ്വകാര്യമായി വെക്കുക. അതുമായി നിന്റെ മകൻ പുറത്ത് പോയി, അത് കണ്ട അയാൽവാസിയുടെ മകൻ പ്രയാസപ്പെടാൻ ഇടവരരുത് (ഇമാം തബറാനി)

# മതലോകത്തുണ്ടായ നാല് ആത്മീയ വിപ്ലവങ്ങൾ

മനുഷ്യ സമൂഹത്തെ പ്രാകൃതാവസ്ഥയിൽ നിന്ന് അദ്ധ്യാത്മികതയുടെ ഉന്നത സോപാനത്തിലേക്ക് വഴികാട്ടിയ നാല് ആത്മീയ വിപ്ലവങ്ങളെക്കുറിച്ചുള്ള വിവരണം.

## മുഹമ്മദ് ഉമർ എച്ച്. എ

സ്ഥലകാലാനുസൃതമായി മനുഷ്യർക്ക് മാർഗദർശനങ്ങൾ നൽകിക്കൊണ്ടിരിക്കുന്ന ഒരു അത്ഭുതഗ്രന്ഥമാണ് വിശുദ്ധ ഖുർആൻ. ഒരിക്കൽ ചില സഹാബാക്കൾ റസൂൽ തിരുമേനി (സ) യുടെ സന്നിധിയിൽ ഹാജരായി എന്തെങ്കിലും ഒരു മഹാത്ഭുതം കാണിക്കണമെന്ന് അപേക്ഷിക്കുകയും അതിന് മറുപടിയായി വിശുദ്ധ ഖുർആന്റെ അവതരണം (നുസൂലുൽ ഖുർആൻ) തന്നെ ഒരു വമ്പിച്ച മുഅ്ജിസ ആണെന്ന് അരുളുകയുമുണ്ടായി. അതേ, ഭൂതം, വർത്തമാനം, ഭാവി എന്നീകാലങ്ങളുടേയും സംഭവിച്ചതും സംഭവിക്കാനിരിക്കുന്നതുമായ യാഥാർഥ്യങ്ങൾ ആ ഗ്രന്ഥത്തിൽ അടങ്ങിയിരിക്കുന്നു. വിശുദ്ധ ഖുർആൻ ***കിത്താബുൻ മുനീർ*** അതായത് വ്യക്തമായ അധ്യാപനങ്ങൾ അടങ്ങിയ ഗ്രന്ഥമാണെന്ന് പറയുന്നു. അതേപോലെ മറ്റൊരിടത്ത് ***'കി താബുൻ മക്നൂൻ'*** അതായത് മറഞ്ഞു കിടക്കുന്ന ഗ്രന്ഥമെന്നും പറയുന്നു. ബാഹ്യമായി നോക്കുമ്പോൾ ഈ പ്രതിപാദനങ്ങളിൽ വൈരുദ്ധ്യം കാണുമെങ്കിലും ഭാവിയിൽ ഉണ്ടാകാനിടയുള്ള പല പരോക്ഷ കാര്യങ്ങളും പുലർന്നതിന് ശേഷം കിത്താബുൻ മുബീൻ അതായത് പ്രത്യക്ഷമായ അദ്ധ്യാപനങ്ങളും വിജ്ഞാനങ്ങളും അടങ്ങിയ ആത്മീയ ഗ്രന്ഥമായി തീരുകയും ചെയ്യുന്നു. അർറഹ്മാൻ, അത്തക്വീർ, അൽ ഇൻഫിത്താർ, അൽ ഫലഖ് മുതലായ അധ്യായങ്ങളിൽ പല അത്ഭുത പ്രതിഭാസങ്ങളേയും സംഭവ വികാസങ്ങളേയും സംബന്ധിച്ച് പ്രതിപാദിക്കുന്നു. അവയെല്ലാം തന്നെ ഈ കാലഘട്ടത്തിൽ പൂർത്തിയായതായി കാണപ്പെടുന്നു. ഈ അടയാളങ്ങളെക്കുറിച്ച് വിശദീകരിക്കുകയാണ് ഈ ലേഖനം കൊണ്ട് ഉദ്ദേശിക്കുന്നത്.

മതലോകത്ത് ഹദ്റത്ത് ആദം (അ) മുതൽ ഹദ്റത്ത് നബി കരീം (സ) വരെ വന്ന പ്രവാചകന്മാരിൽ വ്യത്യസ്ത കാലഘട്ടങ്ങളിൽ അവതീർണരായ നാല് പ്രവാചകന്മാർ വരുത്തിയ അതി മഹത്തായ നാല് വിപ്ലവങ്ങളെക്കുറിച്ച് **'വത്തീൻ'** എന്ന വിശുദ്ധ ഖുർആനിലെ അദ്ധ്യായത്തിൽ വിവരിക്കുന്നുണ്ട്. അത് ഇപ്രകാരമാണ്.

വത്തീനു വസ്സയ്ത്തൂൻ വത്തൂരി സീനിന വഹാദൽ ബലദിൽ അമീൻ

ഇവിടെ നാല് കാര്യങ്ങളെക്കുറിച്ചാണ് പ്രതിപാദിച്ചിരിക്കുന്നത്.

1. വത്തീൻ അതായത് = അത്തി മരം

2. വസ്സയ്ത്തൂൻ = ഒലിവ് മരം

3. വത്തൂരി സീനീന = സീനാ മല

4. വഹാദൽ ബലദിൽ അമീൻ = ഈ നിർഭയമാക്കപ്പെട്ട പട്ടണം. അതായത് മക്ക.

ഇവിടെ പറയപ്പെട്ട നാല് പരാമർശങ്ങളും നാലു വ്യത്യസ്ത കാലങ്ങളിൽ വന്ന നാല് പ്രവാചകന്മാരെ സംബന്ധിച്ചുള്ളതാണ്.

**ഹദ്റത്ത് ആദം(അ)**

**ഹദ്റത്ത് നൂഹ്(അ)**

**ഹദ്റത്ത് മൂസ(അ)**

**ഹദ്റത്ത് മുഹമ്മദ് (സ)**

1. ആദം(അ) മുഖേന നാഗരിക ജീവിതത്തിന്റെ ആരംഭം കുറിക്കുകയുണ്ടായി. = The dawn of civilisation.

2. ഹദ്റത്ത് നൂഹ് (അ) മുഖേന ആത്മീയ നിയമാവലിയുടെ സമാരംഭം. = The begning of the divine law.

3. ഹദ്റത്ത് മൂസ (അ) മുഖേന ആത്മീയ നിയമാവലിയുടെ വിശദീകരണത്തിന്റെ ആരംഭം = The begning of the explanation the divine law.

4. ഹദ്റത്ത് മുഹമ്മദ് മുസ്തഫ (സ) ശരീഅത്തിന്റെ പരിപൂർണതയുടെ തുടക്കം. = Perfection of the divine law

വിശുദ്ധ ഖുർആനിലെ പ്രസ്തുത നാല് പരാമർശങ്ങളെ കുറിച്ച്

നമുക്ക് പരിചിന്തനം ചെയ്യാം.

ഒന്ന് നാഗരികതയുടെ ആരംഭം ഹദ്റത്ത് ആദം മുഖേന ഉണ്ടാവുന്നു. ഇതിനെ സംബന്ധിച്ച് വിശുദ്ധ ഖുർആൻ ഇപ്രകാരം അരുൾ ചെയ്യുന്നു:

*' ഇന്ന ലക്ക അല്ലാ തജൂഅ ഫീഹാ വലാ തഅ്റാ വഅന്നക്ക ലാ തള്മഊ ഫീഹാ വലാ തള്ഹാ = തീർച്ചയായും നിനക്ക് ഇതിൽ വിശക്കേണ്ടതില്ല, നഗ്നനാകേണ്ട തുമില്ല, തീർച്ചയായും നിനക്കതിൽ ദാഹമുണ്ടാകുകയില്ല. വെയിലിന്റെ ഉഷ്ണമേൽക്കേണ്ടിവരികയുമില്ല.' (20: 119 ; 120)*

ഇവിടെ മനുഷ്യന്റെ നാല് മൗലികാവകാശങ്ങളെക്കുറിച്ച് പ്രതിപാദിക്കുന്നു. നാഗരികതയുടെ തുടക്കം ഇവിടെ നിന്ന് തുടങ്ങുന്നു. എല്ലാവർക്കും ഭക്ഷണം, എല്ലാവർക്കും വസ്ത്രം, എല്ലാവർക്കും പാർപ്പിടം. ഇന്ന് കാണുന്ന സാമൂഹികവും രാഷ്ട്രീയവുമായ പ്രകോപനങ്ങൾക്കും പ്രക്ഷോഭങ്ങൾക്കും കാരണം മനുഷ്യന്റെ പ്രസ്തുത അടിസ്ഥാനാവകാശങ്ങളുടെ നിവർത്തനത്തിന് വേണ്ടിയായിരുന്നു. ഇതിനെ സംബന്ധിച്ചാണ് അല്ലാഹുവിൽ നിന്ന് ആദം നബി (അ) ക്ക് നിർദേശം നൽകപ്പെട്ടത്. തനിക്ക് അനുവദിച്ച വാസസ്ഥത്ത് അല്ലാഹു നിർദേശിച്ച ജീവിതക്രമം അനുസരിച്ച് ജീവിച്ചാൽ വസ്ത്രം, ഭക്ഷണം, പാർപ്പിടം എന്നീ മനുഷ്യന്റെ അടിസ്ഥാന ആവശ്യങ്ങൾക്ക് യാതൊരു ക്ഷാമവുമുണ്ടാകില്ല എന്ന് അല്ലാഹു ആദമിന് ബോധനം നൽകിയതായാണ് പ്രസ്തുത ഖുർആൻ വചനം സൂചിപ്പിക്കുന്നത്. മേൽ പ്രസ്താവിക്കപ്പെട്ട ***വത്തീൻ*** അഥവാ അത്തിമരം എന്നത്കൊണ്ട് ഹദ്റത്ത് ആദം(അ) തന്റെ നഗ്നതയെ അത്തിമരത്തിന്റെ വലിയ ഇലകൾ കൊണ്ട് മറക്കുകയുണ്ടായി എന്നാണ് സൂചന. ഇതിന്റെ കൂടുതൽ വിശദീകരണത്തിലേക്ക് ഇപ്പോൾ കടക്കുന്നില്ല.

2. വസ്സയ്ത്തൂനി എന്നത് കൊണ്ടുള്ള വിവക്ഷ ഹദ്റത്ത് നൂഹ് (അ) ആണ്. ആദ്യത്തെ ശരീഅത്ത് നിയമം ഇറങ്ങിയത്. ഹിന്ദുക്കളുടെ നിയമ ഗ്രന്ഥമായ മനുസ്മൃതി ഹദ്റത്ത് നൂഹ് (അ) ന്ന് ഇറങ്ങിയ ശരീഅത്താകുന്നു. നൂഹ് നബി (അ) കാലത്തുണ്ടായിരുന്ന പ്രളയത്തെക്കുറിച്ച് പറയുന്നു. വെള്ളപ്പൊക്കവും കൊടുങ്കാറ്റും അവസനിച്ചപ്പോൾ നൂഹ് നബി(അ) തന്റെ പേടകത്തിലുള്ള ഒരു പ്രാവിനെ പുറത്തേക്ക് വിട്ടു. ആ പ്രാവ് വൈകുന്നേരം തന്റെ കൊക്കിൽ ഒരു ഒലീവ് മരത്തിന്റെ പുതിയ ശാഖയുമായി ഹദ്റത്ത് നൂഹ് (അ) ന്റെ അടുത്ത് വന്നു. അപ്പോൾ അദ്ദേഹത്തിന് ഭൂമിയിൽ വെള്ളം വറ്റി തുടങ്ങിയെന്നു മനസ്സിലായി. അതിന് ശേഷം ഏഴു ദിവസങ്ങൾ കഴിഞ്ഞു. കപ്പൽ നങ്കൂരമിട്ടു. മേൽപറഞ്ഞ ആയത്തിൽ ***'സെയ്ത്തൂൻ'*** എന്നത് കൊണ്ട് ഹദ്റത്ത് നൂഹ് (അ) ആണ് വിവക്ഷിക്കുന്നത്.

3. ***തൂരി സീനീന:*** ഞാൻ ത്വൂർ മലയെ സാക്ഷ്യപ്പെടുത്തി പറയുന്നു. ഇവിടെ തൂർസിനായി എന്നത് കൊണ്ട് ഹദ്റത്ത് മൂസാ (അ) ആണ് ഉദ്ദേശ്യം. അദ്ദേഹത്തി ന് ഇറങ്ങിയ ശരീഅത്തായ തൗറാത്ത് (ബൈബിൾ പഴയ നിയമം) മുഖേന തന്റെ ജനതയെ വഴി നടത്തി. തൗറാത്തിലെ പുറപ്പാട് എന്ന അദ്ധ്യായത്തിലെ പത്ത് നിയമങ്ങൾ ഇതിന് ഉദാഹരണമാണ്.

4. ***വഹാദൽ ബലദിൽ അമീൻ***

ഞാൻ നിർഭയ പട്ടണത്തെ കൊണ്ട് സാക്ഷ്യപ്പെടുത്തുന്നു. ഇവിടെ അറേബ്യയിലെ മക്കാ നഗരത്തിൽ ജനിച്ച ശാന്തിയുടെയും സമാധാനത്തിന്റെയും വാഹകനായ ഹദ്റത്ത് മുഹമ്മദ് നബി (സ) ആണ് വിവക്ഷ. നബി (സ) തിരുമേനി മുഖേന ശരീഅത്ത് പരിപൂർണത പ്രാപിച്ചു. ഈ പരിപൂർണ ശരീഅത്തിന്റെ സാന്നിദ്ധ്യത്തിൽ ഇനി മറ്റൊരു ശരീഅത്തിന്റെ ആവശ്യം വരുന്നില്ല. ഒരു വള്ളിക്കോ പുളിക്കോ വ്യത്യാസമില്ലാത്ത ഈ ശരീഅത്ത് അവസാന കാലം വരെ നിലനിൽക്കുന്നതാണ്. അല്ലാഹു വിശുദ്ധ ഖുർആനിൽ പറയുന്നു.

***'അൽ യൗമു അക്മൽത്തു ദീനക്കും വഅത്മംതു അലൈക്കും നിഅ്മത്തിൻ വറളീത്തുലക്ക ഇസ്ലാമ ദീന. = ഇന്നത്തെ ദിവസം നിങ്ങൾക്കായി ഞാൻ നിങ്ങളുടെ ദീനിനെ പരിപൂർണമാക്കിത്തന്നിരിക്കുന്നു. നിങ്ങളുടെ മേൽ എന്റെ അനുഗ്രഹത്തെ പൂർത്തീകരിച്ചിരിക്കുന്നു. നിങ്ങൾക്കായി ഞാൻ ഇസ്ലാം മതത്തെ തൃപ്തിപ്പെട്ടിരിക്കുന്നു.'***

പ്രസ്തുത നാലു പ്രവാചകന്മാർ മുഖേന മതലോകത്ത് സംഭവിച്ച നാലു പരിവർത്തനങ്ങളുടെ ഉദ്ദേശ്യമെന്താണെന്നതിനെക്കുറിച്ച് പ്രസ്തുത അദ്ധ്യായത്തിൽ തുടർന്ന് അല്ലാഹു പറയുന്നു:

***'ലഖദ് ഖലക്ക്നൽ ഇൻസാന അഹ്സന തഖ്വീം.'***

നാം മനുഷ്യനെ ഏറ്റവും അനുയോജ്യമായ സ്ഥിതിയിൽ സൃഷ്ടിച്ചിരിക്കുന്നു. അതായത് മനുഷ്യകുലത്തിന്റെ നന്മക്കായും ഭൗതികവും ആത്മീയവുമായ പുരോഗതിക്കായും ആണ് നാം ഹദ്റത്ത് ആദം (അ) മുതൽ ഹദ്റത്ത് മുഹമ്മദ് നബി (സ) പ്രവാചകന്മാരെ അയച്ചത്. അവർ മത ലോകത്ത് വരുത്തിയ ധാർമികവും ആത്മീയവുമായ പരിവർത്തനം ഈ യാഥാർഥ്യത്തെ വിളിച്ചോതുന്നു. അപ്രകാരം ഈ ഭുമുഖത്ത് നബിതിരുമേനി (സ) യെ പിന്തുടർന്ന് ഖൈറെ ഉമ്മത്ത് അഥവാ ശ്രേഷ്ഠ സമുദായം ഉടലെടുത്തു. പ്രസ്തുത അദ്ധ്യായത്തിൽ തുടർന്ന് അരുൾ ചെയ്യുന്നു:

***സുമ്മ റദദ്നാഹു അസ്ഫല സാഫിലീൻ***

അതിന് ശേഷം നാം മനുഷ്യരെ അതായത് ശ്രേഷ്ഠ സമുദായമെന്ന് വിശേഷിപ്പിക്കപ്പെട്ട മുഹമ്മദീ സമുദായത്തെ അധമരിൽ അധമരായി രൂപാന്തരപ്പെടുത്തി. ഇവിടെ മുസ്ലിം സമുദായത്തെ അല്ലാഹു അധഃപതിപ്പിച്ച അവസ്ഥയിൽ ആ

ക്കി തീർത്തു എന്നു വിവക്ഷിതം. മുസ്ലിം സമുദായം തങ്ങളുടെ ദുഷ്ക്കർമങ്ങളുടെയും അനിസ്ലാമിക ജീവിത രീതികളുടേയും ഫലമായി സ്വയം അസ്ഫലുസാഫിലീൻ ആയി തീരുകയായിരുന്നു. ഉദാഹരണമായി ഹദ്റത്ത് മൂസാ നബി (അ) യുടെ സമുദായത്തെപറ്റി അല്ലാഹു പറയുന്നു.

*'അവർ വക്രത കൈക്കൊണ്ടപ്പോൾ അല്ലാഹു അവരുടെ ഹൃദയങ്ങളെ വക്രതയുള്ളവരാക്കി തീർത്തു.' (61: 6)*

ഇവിടെ അല്ലാഹു അവരുടെ ഹൃദയങ്ങളെ വക്രതയുള്ളതാക്കി തീർത്തു എന്ന് പറഞ്ഞത് അവർ ആദ്യമായി വക്രത കൈകൊണ്ടതിന് ശേഷമാണ്. അതിന്റെ സ്വാഭാവിക പ്രതികരണ മെന്നോണമാണ് അല്ലാഹു അവരുടെ ഹൃദയങ്ങളെ വക്രതയുള്ളവരാക്കിത്തീർത്തത്. അതേ പ്രകാരം സുമ്മ റദദ്നാഹും അസ്ഫല സാഫിലീൻഇവിടെ അല്ലാഹു അവരുടെ ഹൃദയങ്ങളെ വക്രതയുള്ളതാക്കി തീർത്തു എന്ന് പറഞ്ഞത് അവർ ആദ്യമായി വക്രത കൈകൊണ്ടതിന് ശേഷമാണ്. അതിന്റെ പ്രതികരണമെന്നോണം അല്ലാഹു അവരുടെ ഹൃദയങ്ങളെ വക്രതയുള്ളതാക്കിത്തീർത്തത്. അതേപ്രകാരം സുമ്മ റദദ്നാഹും അസ്ഫല സാഫിലീൻ നാം അവരെ അധമരിൽ അധമരാക്കി തീർത്തു. എന്നത് കൊണ്ട് മുസ്ലിംകൾ ദുഷ്ക്കർമികളും ഇസ്ലാമിന്റെ അദ്ധ്യാപനങ്ങൾക്ക് എതിരായി ദുഷിച്ചമാർഗം സ്വായത്തമാക്കിയപ്പോൾ അതിന്റെ പ്രതികരണമെന്നോണം അല്ലാഹു അവരെ അധപതിച്ച സമുദായമാക്കി എന്നു പറഞ്ഞിരിക്കുന്നു. അവസാന കാലത്തുള്ള തന്റെ ഉമ്മത്തിന്റെ ശോചനീയാവസ്ഥയെക്കുറിച്ച് ഹദ്റത്ത് മുഹമ്മ് നബി(സ) മുന്നറിയിപ്പ് നൽകുകയുണ്ടായി.

അതായത് ഒരു കാലം വരും. അപ്പോൾ ഇസ്ലാമിൽ അതിന്റെ നാമവും വിശുദ്ധ ഖുർആനിൽ അതിന്റെ ലിപിയും മാത്രം അവശേഷിക്കും. അവരുടെ ഉലമാക്കന്മാർ ആകാശത്തിന് കീഴിൽ ഏറ്റവും നികൃഷ്ട ജന്തുക്കളായി തീരും. അവരുടെ പള്ളികൾ ജനബാഹുല്യമുള്ളതാണെങ്കിലും സന്മാർഗം നഷ്ടപ്പെട്ടവരായി തീരുന്നതാണ്. തന്റെ സമുദായം യഹൂദി നസാറാക്കളെ പോലെ ചാണിന് ചാണായും മുഴത്തിന് മുഴമായും അനുകരിക്കുന്നതാണെന്നും നബി കരീം (സ) പ്രവചിക്കുകയുണ്ടായി.

ഇവിടെ സ്വാഭാവികമായും ഒരു പ്രശ്നം ഉത്ഭവിക്കുന്നു. ഹദ്റത്ത് ആദം നബി (അ) മുതൽ നബിതിരുമേനി (സ) വരെ വന്ന പ്രവാചകന്മാരുടെ നാലു തരം ആത്മീയ വിപ്ലവങ്ങൾ കാണാം.

*'കുൻതും ഖൈറ ഉമ്മത്തിൽ ഉഖ്രിജത്തൻ ലിന്നാസ്'*

അതായത് ***നിങ്ങൾ ജനങ്ങളുടെ നന്മക്കായി ഉത്ഭൂതമായ സമുദായമാണെന്ന്*** വന്നിരിക്കുന്നു. അതിന് ശേഷമാണ് അവർക്ക് അധമാവസ്ഥ നേരിട്ടത്. ഇതിൽ നിന്ന് അല്ലാഹുവിന് തന്റെ ഉദ്ദേശ്യനിർവഹണത്തിൽ പരാജയം വന്നില്ലേ എന്നല്ലേ കരുതേണ്ടത്?. ഇതിനുള്ള മറുപടി പ്രസ്തുത അദ്ധ്യായത്തിൽ തന്നെ അല്ലാഹു പറയുന്നത് കാണുക.

*'ഇല്ലല്ലദീന ആമനൂ വഅമിലുസ്സാലിഹാത്തി'* അവരിൽ സത്യവിശ്വാസികളുടെയും സൽക്കർമികളുടെയും ജമാഅത്ത് ഉണ്ടായിരിക്കും. ആ ജമാഅത്തിന്റെ ഒരു അടയാള മായി അല്ലാഹു പറയുന്നു. *വഅദല്ലാഹു അല്ലദീന ആമനൂ മിൻകും വ അമിലുസ്സാലിഹാത്തി ലയസ്തഖിലിഫന്നഹും ഫിൽ അർളി കമ സ്തഹ്ലിഫന്ന മിൻ ഖബിലിഹിം* അതായത് നിങ്ങൾക്ക് മുമ്പുള്ളവരിൽ നിന്ന് ഖിലാഫത്ത് സ്ഥാപിതമായത് പോലെ അവസാനകാല മുസ്ലിംകളിലും ഖിലാഫത്ത് സ്ഥാപിതമാകുന്നതാണ്.

ഈ ദൈവിക വാഗ്ദാനമനുസരിച്ച് ഇന്ന് ലോകത്തുള്ള കോടിക്കണക്കിന് മുസ്ലിംകളിൽ വെച്ച് അഹ്മദിയ്യാ ജമാഅത്തിന് മാത്രമാണ് ഖിലാഫത്ത് എന്ന ദൈവിക പ്രസ്ഥാനം കാണപ്പെടുന്നത്. തങ്ങളിൽ ഒരു ഖിലാഫത്ത് ഉണ്ടാകണമെന്ന ഉദ്ദേശ്യത്തോട് കൂടി പല മുസ്ലിം സംഘടനകളും അവരുടെ ഭരണ കുടങ്ങളും തങ്ങളുടെ എല്ലാ ഉപായങ്ങളേയും പ്രയോജനപ്പെടുത്തി പ്രവർത്തിച്ചു. എന്നാൽ എല്ലാവരും തന്നെ പരാജയമടഞ്ഞ കാഴ്ച്ചയാണ് ലോകത്തിന് കാണാൻ കഴിഞ്ഞത്.

ഈ പ്രസ്ഥാനം അന്ത്യനാൾ വരെ നിലനിൽക്കുന്നതാണ് എന്നും പ്രസ്തുത അദ്ധ്യായത്തിൽ തുടർന്നു അല്ലാഹു അരുൾ ചെയ്യുന്നു.: **'ഫലഹും അജറും ഖൈറു മംനൂൻ'** ഇവർക്ക് അവസാനിക്കാത്ത പ്രതിഫലം ഉണ്ട്. അവസാന കാലത്ത് മുസ്ലിം സമുദായത്തിൽ സ്ഥാപിതമായ ഖിലാഫത്ത് അഹ്മദിയ്യാ ജമാഅത്ത് അവസാന കാലം വരെ നിലനിൽക്കുന്നതാണ്. എന്നാണ് ഇതിന്റെ വിവക്ഷ. തുടർന്ന് പ്രസ്തുത അദ്ധ്യായത്തിൽ പറയുന്നു:

***'ഫമാ യുക്കദ്ദിബുക്ക ബഅദ ബിദ്ദീൻ'*** അപ്പോൾ അതിന് ശേഷം ഇസ്ലാം മതത്തെക്കുറിച്ച് നിഷേധിക്കാൻ എന്തുണ്ട്?

***' അതായത് ഖിലാഫത്ത് എന്ന അനുഗ്രഹമുള്ള പ്രസ്തുത ജമാഅത്തിനെ സംബന്ധിച്ച് അവർ ഇസ്ലാമിൽ നിന്നും പുറം തള്ളപ്പെട്ടവരാണെന്നും അവർക്ക് ഇസ്ലാമുമായി യാതൊരു ബന്ധവുമില്ല എന്നും പറയുന്നതിന്റെ അർഥമെന്താണ്?***

***അഹ്മദിയ്യാ ജമാഅത്തിന്റെ പുണ്യസ്ഥാപകൻ ഹദ്റത്ത് മഹ്ദീ മസീഹ്(അ) തന്റെ ജമാഅത്തിന്റെ വിശ്വാസാദർശങ്ങളെക്കുറിച്ച് ഇപ്രകാരം പ്രസ്താവിക്കുന്നു.***

***അല്ലാഹുവല്ലാതെ മറ്റൊരാരാധകനില്ലെന്നും സയ്യിദുനാ ഹദ്റത്ത് മുഹമ്മദ് മുസ്തഫ (സ) തിരുമേനി അവന്റെ തിരുദൂദുതരും ഖാത്തമുൽ അംബിയാഅ് ആണെന്നും***

*ഞങ്ങൾ ഇമാൻ കൊള്ളുന്നു. മലക്കുകൾ, മരണാനന്തര ജീവിതം, വിധിനാൾ, സ്വർഗ നരകങ്ങൾ ഇവയെല്ലാം സത്യമാണെന്നും ഞങ്ങൾ വിശ്വസിക്കുന്നു. വിശുദ്ധ ഖുർആനിൽ അല്ലാഹു പറഞ്ഞിട്ടുള്ളതെല്ലാം തന്നെയും നമ്മുടെ നബി നായകൻ(സ) അരുളിയിട്ടുള്ളതും മേൽ പറഞ്ഞതെല്ലാം സത്യമാണെന്നും ഞങ്ങൾ വിശ്വസിക്കുന്നു.*

*ഇസ്‌ലാമിക ശരീഅത്തിൽ അണുഅളവ് കുറക്കുന്നവനും അണുഅളവു കൂട്ടുന്നവനും നിർബന്ധ കാര്യങ്ങൾ ഉപേക്ഷിക്കുന്നവനും ഈമാനില്ലാത്ത ആളും ഇസ്‌ലാമിക വൃത്തത്തിൽ നിന്ന് പുറത്തു പോയ ആളുമാണെന്നും ഞങ്ങൾ വിശ്വസിക്കുന്നു.*

*നാം നമ്മുടെ ജമാഅത്തിനെ ഉപദേശിക്കുന്നു. അവർ സത്യ ഹൃദയത്തോടുകൂടി ലാഇലാഹാ ഇല്ലല്ലാ മുഹമ്മദുർറസൂലുല്ലാഹ് എന്ന പരിശുദ്ധ കലിമയിൽ വിശ്വാസം കൊള്ളുകയും മരണം വരെ ആ വിശ്വാസത്തിൽ ഉറച്ചു നിൽക്കുകയും ചെയ്യുന്നു. വിശുദ്ധ ഖുർആൻ അനുസരിച്ചുള്ള സത്യവാന്മാരായ എല്ലാ നബിമാരിലും എല്ലാ ദൈവിക സത്യഗ്രന്ഥങ്ങളിലും വിശ്വസിക്കുകയും നോമ്പ്, നമസ്കാരം, സക്കാത്ത്, ഹജ്ജ് തുടങ്ങിയ അല്ലാഹുവും അവന്റെ റസൂലും നിർബന്ധമാക്കിയിട്ടുള്ള നിർബന്ധ കാര്യങ്ങളും (ഫറളു) നിർബന്ധമാണെന്ന വിശ്വാസത്തോടെ അനുഷ്ഠിക്കുകയും എല്ലാ വിരോധിക്കപ്പെട്ട കാര്യങ്ങളിൽ നിന്നും ഒഴിഞ്ഞു മാറുകയും ചെയ്തു കൊണ്ട് കണിശമായും ഇസ്‌ലാം അനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യുന്നതാണ്.*

*ചുരുക്കത്തിൽ സലഫുസ്സാലിഹങ്ങളിൽ ഏകാഭിപ്രായത്തോടുകൂടി സ്വീകരിച്ചിട്ടുള്ള വിശ്വാസാചാരങ്ങളും പ്രവർത്തിപരവുമായ എല്ലാ കാര്യങ്ങളിലും വിശ്വസിക്കൽ നിർബന്ധമാകുന്നു. അഹ്‌ലുസ്സുന്നത്തിന്റെ ഇജ്മാഅ് പ്രകാരം ആധികാരികമായി സ്ഥാപിതമായതും ഇസ്‌ലാം എന്ന് അറിയപ്പെടുന്നതുമായ എല്ലാ കാര്യങ്ങളും വിശ്വസിക്കൽ നിർബന്ധമാകുന്നു. ഇത് തന്നെയാണ് ഞങ്ങളുടെ വിശ്വാസമെന്ന് ആകാശ ഭൂമികളെ സാക്ഷിനിർത്തിക്കൊണ്ട് ഞങ്ങൾ പ്രഖ്യാപിക്കുന്നു. (അയ്യാമെ സുൽഹ്)*

അഹ്മദിയ്യാ ജമാഅത്തിന്റെ തികച്ചും ഇസ്‌ലാമികമായ ഈ വിശ്വാസദാർശങ്ങൾ വ്യക്തമായ രീതിയിൽ പ്രകടമാക്കിയിട്ടും അതിന്റെ എതിരാളികൾ വീണ്ടും വീണ്ടും അഹ്മദികൾ ഇസ്‌ലാമിക വൃത്തത്തിൽ നിന്നും പുറത്ത്പോയവരാണെന്ന് ആക്രോശിച്ചു കൊണ്ടിരിക്കുന്നു.

ഇത് സംബന്ധിച്ച് പ്രസ്തുത വചനത്തിൽ പറയുന്നു. **ഫമായുക്കദ്ദിബുക്ക ബഅ്ദ ബിദ്ദീൻ** തങ്ങളുടെ മത വിശ്വാസങ്ങൾ ഇവയാണെന്ന് വ്യക്തമാക്കിയതിന് ശേഷവും എന്തിനാണ് ഇവർ നിന്നെ വ്യാജപ്പെടുത്തുന്നത്?

അഹ്മദിയ്യാ ജമാഅത്തിന്റെ തികച്ചും ഇസ്‌ലാമികമായ വിശ്വാസങ്ങളെ തുറന്ന് പ്രഖ്യാപിച്ചതിന് ശേഷവും അതിനെ എതിർക്കുവാൻ ഇവരുടെ പക്കൽ എന്ത് ന്യായമാണുള്ളത്? എന്ത് തെളിവാണുള്ളത്? ഭൗതികമായ ശക്തിയിലും ആൾബലത്തിലും അർഥബലത്തിലും ഊറ്റം കൊള്ളുന്ന ഇവർ അഹ്മദിയ്യാ ജമാഅത്തിനെ എതിർത്തു കൊണ്ടിരിക്കുന്നു. ഒരു അഭിനവ ഫിർഔൻ അന റബ്ബുക്കുമുൽ അഅ്ലാ എന്ന് ഫിർഔൻ ആക്രോശിച്ചിരുന്നത് പോലെ താൻ അഹ്ക്കമുൽ ഹാക്കിമീനാണെന്ന് ഭാവിച്ച് അഹ്മദിയ്യത്ത് എന്ന കാൻസർ നശിപ്പിക്കാതെ അടങ്ങിയിരിക്കുന്നതല്ല എന്ന് വീരവാദം മുഴക്കി. ഇത്തരം വീരവാദങ്ങളെ സംബന്ധിച്ച് പ്രസ്തുത അദ്ധ്യായത്തിൽ അല്ലാഹു പറയുന്നു: **അലൈസല്ലാഹു ബി അഹ്ക്കമിൽ ഹാക്കിമീൻ** = ഞാൻ അല്ലാഹു വിധികർത്താക്കളുടെ വിധികർത്താവും രാജാധിരാജനുമല്ലേ എന്ന് ചോദിക്കുന്നു. അതിന് പ്രത്യുത്തരമായി അഹ്മദികൾ പറയുന്നു. ***ബലാ വ അന ദാലിക്ക മിന ശാഹി ദീൻ. എന്തു കൊണ്ടില്ല ഞാൻ അതിന് സാക്ഷികളിൽപ്പെട്ട ഒരുവനാകുന്നു.*** അതായത് കഴിഞ്ഞ 125 വർഷങ്ങളോളമായി ഈ മഹത്തായ പ്രതിഭാസം ഈ മഹാത്ഭുതം ലോകം ദർശിച്ചു കൊണ്ടിരിക്കുകയാണ്. ശത്രുവിന്റെ ഓരോ പതനത്തിനും ***അലൈസല്ലാഹു ബി അഹ്ക്കമിൽ ഹാക്കിമീൻ*** എന്ന ദൈവിക ആഹ്വാനത്തിന് അഹ്മദികൾ ***ബലാ വഅന അലാദാലിക് മിന ശാഹിദീൻ*** എന്ന് സാക്ഷ്യപ്പെടുത്തിക്കൊണ്ടിരിക്കയാണ്.

വാഗ്ദത്ത മസീഹിന്റെ നാലാം ഖലീഫ ഇപ്രകാരം പ്രഖ്യാപിക്കുന്നു

അഹ്മദിയ്യത്തിന്റെ നാശത്തെ നോക്കി കാണാൻ ആഗ്രഹിക്കുന്ന കണ്ണുകൾ പരാജയത്തിന്റെ ഞെരിപ്പോടിൽ കത്തിയെരിഞ്ഞ് നശിച്ചു പോകുന്നതാണ്. അവരുടെ ഹൃദയങ്ങളിൽ അസൂയാഗ്നി ആളിക്കത്തുമെന്നാലും അഹ്മദിയ്യാ ജമാഅത്ത് തോൽവി പൂണ്ട് അന്ത്യമടഞ്ഞതായി സ്വന്തം കണ്ണുകളാൽ കണ്ടു തൃപ്തി അടയുവാൻ അവർക്ക് ഒരിക്കലും സാധിക്കുന്നതല്ല. നേരെമറിച്ച് അഹ്മദികളും അവരുടെ തലമുറകളും ഏറ്റവും ഭയാനകമായ സന്ദർഭങ്ങളിൽ പോലും അല്ലാഹുവിന്റെ അതിമഹത്തായ അനുഗ്രഹങ്ങൾക്ക് പൂർവാധികം പാത്രമാകുന്നതാണ്. ആത്മീയമായി മുന്നേറിക്കൊണ്ടിരിക്കുന്ന നിലയിൽ അവരെ കാണുന്നതുമാണ്. ഇവ വിശുദ്ധ ഖുർആനിൽ രേഖപ്പെട്ടു കിടക്കുന്ന വാഗ്ദാനങ്ങളാണ്. ഇവക്ക് ഒരു മാറ്റവും സംഭവിക്കുന്നില്ല. ഈ വാഗ്ദാനങ്ങൾ തെറ്റായി പുലർന്നതായി ആർക്കും തെളിയിച്ചു കാട്ടുവാൻ സാധ്യവുമല്ല. അഹ്മദിയ്യത്തിന് പരാജയം എന്നൊന്നില്ല തന്നെ. ഒരുരംഗത്തും അതിന് പരാജയം അടയേണ്ടിവരുന്നതല്ല. അതെന്നെന്നും വിജയിച്ചു കൊണ്ടേയിരിക്കും.

# അവിശ്വാസികളെ കൊല്ലണമെന്ന് ഖുർആൻ കൽപ്പിക്കുന്നുവോ?!

വിശ്വാസ സ്വാതന്ത്ര്യത്തിന്റെ സുവർണ സൂക്തങ്ങൾ അടങ്ങിയ ഖുർആനിൽ അവിശ്വാസികളെ വകതിരിവില്ലാതെ കൊന്നൊടുക്കണമെന്ന സൂക്തമുണ്ട് എന്ന് പറഞ്ഞു കൊണ്ട് ഇസ്‌ലാം വിരോധികൾ വിമർശനമുന്നയിക്കുന്നു. ഈ വിമർശനം തികച്ചും അടിസ്ഥാനരഹിതമാണെന്ന് തൊട്ടടുത്ത വചനങ്ങൾ തന്നെ വ്യക്തമാക്കുന്നു.

**എം. എസ്.**

***അങ്ങനെ ആ നിരോധിക്കപ്പെട്ട മാസങ്ങൾ (അശ്ഹുറുൽ ഹുർമ) കഴിഞ്ഞാൽ ബഹുദൈവ വിശ്വാസികളെ നിങ്ങൾ കണ്ടുമുട്ടുന്നിടത്ത് വെച്ച് വധിക്കുക. അവരെ പിടികൂടുകയും അവരെ തടഞ്ഞു നിർത്തുകയും എല്ലാവിധ പതിത സ്ഥലങ്ങളിലും അവരെ നോക്കി തക്കം പാർത്തിരിക്കുകയും ചെയ്യുക. ഇനി അവർ പശ്ചാത്തപിച്ചു മടങ്ങുകയും നമസ്ക്കാരം മുറപ്രകാരം അനുഷ്ഠിക്കുകയും സക്കാത്തു കൊടുക്കുകയും ചെയ്യുന്നതായാൽ അവരെ അവരുടെ വഴിക്ക് വിട്ടേക്കുക. തീർച്ചയായും അല്ലാഹു സർവഥാ പൊറുത്തുകൊടുക്കുന്നവനും കരുണാമയനുമാകുന്നു. (വിശുദ്ധ ഖുർആൻ 9:5)***

വിശുദ്ധ ഖുർആനിലെ 'അത്തൗബ്' (പശ്ചാത്താപം) എന്ന അദ്ധ്യായത്തിലെ 5ാം വചനമാണ് മേൽ കൊടുത്തിരിക്കുന്നത്. ഈ ഖുർആൻ വചനമാണ് ഇസ്‌ലാമിനെ വിമർശിക്കാനും അപകീർത്തിപ്പെടുത്താനും എതിരാളികൾ ഉപയോഗിക്കുന്നത്. അവിശ്വാസികളെ കൊല്ലാൻ ഖുർആൻ മുസ്‌ലിംകൾക്ക് അനുമതി നൽകുന്നു എന്നാണ് വിമർശനം. ഈ ഖുർആൻ വചനം അതിന്റെ സന്ദർഭത്തിൽ നിന്ന് അടർത്തിയെടുത്ത് അതിന് പിന്നിലെ ചരിത്രവും പശ്ചാത്തലവും കരുതികൂട്ടി മറച്ചു വെച്ചു കൊണ്ടാണ് വിമർശകന്മാർ തങ്ങളുടെ വാദങ്ങൾ ഉന്നയിക്കുന്നത്.

മുഹമ്മദ് നബി(സ) മക്കയിൽ തന്റെ ദിവ്യദൗത്യ പ്രഖ്യാപനത്തിന് ശേഷം ഏകദൈവ വിശ്വാസം പ്രബോധിക്കാനാരംഭിച്ചപ്പോൾ 13 വർഷക്കാലം അബ്രഹാമി(അ)നെ പോലെയും യേശു (അ)വിനെ പോലെയും കടുത്ത പീഢനങ്ങൾക്ക് അവിടുന്ന് വിധേയനായി. സ്വദേശത്ത് തന്റെ ജനതയാൽ പീഢിതനായി അരക്ഷിതാവസ്ഥയിൽ ജീവിക്കുന്നതിനേക്കാൾ നല്ലത് സുരക്ഷിതമായ സ്ഥലത്തേക്ക് പലായനം ചെയ്ത് സമാധാനപൂർവം തനിക്ക് വെളിപ്പെട്ട സത്യം പ്രബോധനം ചെയ്യാൻ മുഹമ്മദ് നബി(സ)തീരുമാനിച്ചു. അങ്ങനെ അനുയായികൾ ആദ്യവും റസൂൽ തിരുമേനി(സ) അവസാനവുമായി മദീനയിലേക്ക് മുസ്‌ലിംകൾ പലായനം ചെയ്യുകയും അവിടെ ശാന്തസുന്ദരവും അതുല്യവുമായ ഒരു ലോകക്രമം കെട്ടിപ്പടുക്കുകയും ചെയ്തു. അത്യധികം ആഹ്ളാദത്തോടെയാണ് റസൂൽ തിരുമേനി(സ) യുടെ വരവ് മദീനാ നിവാസികൾ ആഘോഷിച്ചത്. തിരുമേനി(സ)യോടുള്ള അടങ്ങാത്ത അഭിനിവേശവും നിലക്കാത്ത സ്നേഹവും കാരണം യത്‌റിബ് നിവാസികൾ തങ്ങളുടെ നഗരത്തെ മദീനത്തുന്നബി (നബിയുടെ പട്ടണം) എന്ന് പേരുമാറ്റിയിടുകയായിരുന്നു. അന്ന് മുതലാണ് ആ നഗരം മദീന എന്നറിയപ്പെടാൻ തുടങ്ങിയത്. പക്ഷേ മദീനത്തേക്ക് മാറിതാമസിച്ചിട്ടും മക്കത്തെ സത്യത്തിന്റെ വിരോധികൾ റസൂൽ തിരുമേനി(സ)ക്ക് അവിടെയും സ്വൈര ജീവിതം അനുവദിച്ചില്ല. മക്കക്കാർ മദീനയിൽ ചെന്ന് ഇടക്കിടെ മുസ്‌ലിംകളെ ആക്രമിക്കുകയും മുസ്‌ലിംകളുടെ കന്നുകാലികളും വസ്തുവകകളും കൊള്ളയടിച്ചു കൊണ്ടു പോകുകയും യുദ്ധഭീഷണി മുഴക്കി ജീവിതം ദുസ്സഹമാക്കുകയും ചെയ്തു. സഹനത്തിന്റെയും സഹിഷ്ണുതയുടെയും അവസാനത്തിൽ അവിടുന്ന് സ്വയം പ്രതിരോധി

ക്കാനായി യുദ്ധത്തിലേക്ക് വലിച്ചിഴക്കപ്പെടുകയാണുണ്ടായത്. അവസാനം തന്നെ ദ്രോഹിച്ചവർക്കെല്ലാം മാപ്പ് നൽകി വിജയശ്രീലാളിതനായി മക്കയിലേക്ക് സമാധാനപൂർവം ജേതാവായി തിരിച്ചു വരികയുമുണ്ടായി. ആളുകൾ വിഷമിക്കുന്നത് കണ്ടാൽ അസ്വസ്ഥനാകുകയും മറ്റുള്ളവർ ദുഃഖിക്കുമ്പോൾ കരയുകയും ചെയ്യുന്ന കാരുണ്യത്തിന്റെ മഹാസാഗരമായിരുന്ന റസൂൽ തിരുമേനി (സ) ഒരിക്കലും യുദ്ധം ആഗ്രഹിക്കുകയോ സംഘർഷം ഇഷ്ടപ്പെടുകയോ ചെയ്തിട്ടില്ല. അദ്ദേഹത്തിന്റെ ആശയ സമ്പുഷ്ടവും സംവാദാത്മകവുമായ പുതിയ ദൗത്യം പ്രചരിപ്പിക്കാൻ ഏറ്റവും ആവശ്യമായി വേണ്ടിയിരുന്നത് സമാധാനമായിരുന്നു. അത് സ്ഥാപിക്കാനായിരുന്നു അദ്ദേഹം സദാ ശ്രമിച്ചുകൊണ്ടിരുന്നത്.

ഒന്നാമതായി ഈ ഖുർആൻ വചനത്തിൽ പരാമർശിക്കുന്നത് അവിശ്വാസികളെ (Infidel) വധിക്കുന്ന കാര്യമല്ല. മറിച്ച് കരാർ ലംഘിച്ചത് മൂലം യുദ്ധത്തിലേർപ്പെട്ട ഒരു പ്രത്യേക വിഭാഗം ബഹുദൈവ വിശ്വാസികളെ (മുശ്രിക്കുകൾ) പറ്റിയാണെന്ന് നാം ഓർക്കണം. കുറേകൂടി വ്യക്തമായി പറഞ്ഞാൽ ബനൂ കുസാഅ:, ബനൂ മുദിലിജ്, ബനൂ ദംറ:, ബനൂ ബക്കർ, ബനൂ സുലൈമാൻ എന്നീ കരാർ ലംഘകരും ആക്രമണകാരികളുമായ അഞ്ചു ഗോത്രങ്ങളെക്കുറിച്ചാണ്. മുസ്‌ലിംകളുമായുണ്ടാക്കിയ കരാർ ലംഘിച്ച് യുദ്ധത്തിലേർപ്പെട്ട ഒരു വിഭാഗമായിരുന്നു അവർ. പ്രതിരോധ യുദ്ധത്തിന്റെ ഭാഗമായി യുദ്ധം പ്രഖ്യാപിക്കപ്പെട്ട ആക്രമണകാരികളോട് സ്വീകരിക്കേണ്ട നിലപാടുകളെ സംബന്ധിച്ചാണ് ഇവിടെ ഖുർആൻ പറയുന്നത്. അതും മുസ്‌ലിംകൾ കർശനമായി പാലിക്കാൻ ബാദ്ധ്യതപ്പെട്ട പവിത്ര മാസത്തിലെ സംയമനഘട്ടം കഴിഞ്ഞതിന് ശേഷം മാത്രമേ അതിന്റെ നടപടികളിലേക്ക് പോകാവൂ എന്ന നിബന്ധനയോടെയാണ് ഖുർആന്റെ ഈ പ്രഖ്യാപനം. യുദ്ധമുഖത്ത് പ്രതിയോഗിയെ വധിക്കാമെന്നത് സാർവത്രികമായി സ്വീകരിക്കപ്പെട്ട ഒരു തത്ത്വവുമാണ്. തൗബ സൂറത്തി ലെ 5-ാം വചനത്തിന് തൊട്ട് മുമ്പിലുള്ള വചനങ്ങൾ കൂടി ചേർത്ത് വായിക്കാം. ***ബഹുദൈവവിശ്വാസികളിൽ പെട്ട ആരുമായാണോ നിങ്ങൾ ഉടമ്പടി ചെയ്തിട്ടുള്ളത് (അവർ ഉടമ്പടി ലംഘിച്ച കാരണത്താൽ ) മേലിൽ അവരോട് ഒരു ബാദ്ധ്യതയുമില്ലെന്ന് അല്ലാഹുവിൽ നിന്നും അവന്റെ ദൂതനിൽ നിന്നുമുള്ള ഒരു വിടുതൽ പ്രഖ്യാപനമാണിത്. അതിനാൽ നിങ്ങൾ നാട്ടിൽ നാലു മാസം സഞ്ചരിച്ചുകൊള്ളുക. നിങ്ങൾക്ക് അല്ലാഹുവിനെ പരാജയപ്പെടുത്തുവാൻ സാധ്യമല്ലെന്നും അവിശ്വാസികളെ അല്ലാഹു അപമാനിതനാക്കുന്നതാണെന്നും നിങ്ങൾ അറിഞ്ഞുകൊള്ളുക. മഹത്തായ ഹജ്ജ് നാളിൽ അല്ലാഹുവിന്റെയും അവന്റെ ദൂതന്റെയും ഭാഗത്ത് നിന്നുള്ള സകല ജനങ്ങൾക്കുമുള്ള ഒരു പ്രഖ്യാപനമാണിത്. തീർച്ചയായും അല്ലാഹുവും അവന്റെ റസൂലും ബഹുദൈവവിശ്വാസികളിൽ നിന്നും( അവരുമായുള്ള ഉടമ്പടി ബാദ്ധ്യതകളിൽനിന്ന്) വിമുക്തരാണ്. എന്നാൽ നിങ്ങൾ പശ്ചാത്തപിച്ചു മടങ്ങുന്ന പക്ഷം നിങ്ങൾക്ക് അത് ഗുണകരമായിരിക്കും. നിങ്ങൾ അത് ചെയ്യാതെ പിന്മാറുന്നതായാൽ തീർച്ചയായും നിങ്ങൾക്ക് അല്ലാഹുവിനെ പരാജയപ്പെടുത്താനാവില്ലെന്നും അറിഞ്ഞുകൊള്ളുക. അവിശ്വാസികൾക്ക് വേദനാജനകമായ ശിക്ഷയുണ്ടായിരിക്കുമെന്ന മുന്നറിയിപ്പ് നൽകുകയും ചെയ്യുക. ബഹുദൈവ വിശ്വാസികളിൽ നിന്നും കരാർ ചെയ്യുകയും (എന്നിട്ട് അതിൽ ) നിങ്ങൾക്ക് ഒരു കുറവും വരുത്താതിരിക്കുകയും നിങ്ങൾക്കെതിരെ ഒരാളേയും സഹായിക്കാതിരിക്കുകയും ചെയ്തവരൊഴികെ. അപ്പോൾ അവരുടെ കരാർ അവരുടെ (കരാറിന്റെ കാലപരിധി വരെ) നിങ്ങൾ തികച്ചും പൂർത്തിയാക്കുക. നിശ്ചയമായും അല്ലാഹു സൂക്ഷ്മത പാലിക്കുന്നവരെ സ്നേഹിക്കുന്നു. (9:1-4)*** പക്ഷേ വിമർശകന്മാർ ആദ്യത്തെ വചനങ്ങൾ വിട്ടുകൊണ്ട് ഖുർആൻ അവിശ്വാസികളെ കൊന്നൊടുക്കാനുള്ള ആഹ്വാനമാണ് നൽകുന്നതെന്ന് പ്രചരിപ്പിക്കുകയാണ് ചെയ്യാറ്. ഈ വചനത്തിൽ പറയുന്ന 'ആദരണീയ മാസങ്ങൾ' (അൽ അശ്ഹുറുൽ ഹുറും) എന്നത് ശവ്വാൽ, ദുൽഖഅ്ദ്, ദുൽഹജ്ജ്, റജബ് എന്നീ നാലു മാസങ്ങളാണ്. ഇവിടെ ബഹുവചനമായും മറ്റു അഞ്ചു സ്ഥലങ്ങളിൽ ഏകവചനത്തിലും 'ആദരണീയ മാസം അഥവാ പരിശുദ്ധ മാസം' (അശ്ശഹറുൽ ഹറാം) എന്നും ഖുർആൻ പ്രതിപാദിക്കുന്നു. നിരോധിക്കപ്പെട്ട മാസങ്ങൾ എന്നും ഇതിനർഥമുണ്ട്. ഇതിൽ ആദ്യത്തെ മൂന്ന് മാസം ഹജ്ജിനുള്ള തീർഥാടന കാലവുമായി ബന്ധപ്പെട്ടതാണ്. റജബ് മാസം പൊതുവേ ഉംറ നിർവഹിക്കാനുമുള്ള മാസമാണ്. അതുകൊണ്ട് ഈ മാസങ്ങളിൽ യുദ്ധം നിരോധിക്കപ്പെട്ടിരുന്നു. ഇസ്‌ലാം ആവിർഭവിക്കുന്നതിന് മുമ്പ് തന്നെ ഇബ്രാഹിം നബി(അ)യുടെ കാലത്തോ അതിന് മുമ്പോ ആചരിച്ചു വരുന്ന സാർവത്രികമായ ഒരു സമ്പ്രദായമാണിത്. അതിന്റെ പൗരാണികതയിലേക്ക് താഴെ പറയുന്ന ഖുർആൻ വചനം വിരൽ ചൂണ്ടുന്നു. ***ആകാശവും ഭൂമിയും സൃഷ്ടിച്ച നാൾ മുതൽ അല്ലാഹുവിന്റെ നിയമമനുസരിച്ച് മാസങ്ങളുടെ എണ്ണം പന്ത്രണ്ടാകുന്നു. അവയിൽ നാലെണ്ണം ആദരണീയ മാസങ്ങളാകുന്നു. (9:36).*** യുദ്ധപ്രിയരായ അറബികൾ ഈ പൗരാണിക ചട്ടം ചിലപ്പോൾ ലംഘിക്കാറുണ്ടായിരുന്നു. അതിന് 'നസീഅ:' എന്നാണ് പറയുക. ഈ വചനത്തിന് തുടർന്നുള്ള വചനത്തിൽ 9:37 ൽ അത് സംബന്ധിച്ച് പരാമർശമുണ്ട്. ഈ ലംഘനം (നസീഅ:) അവിശ്വാസം(കുഫ്ർ) ആണെന്നാണ് ഖുർആൻ പറയുന്നത്. അതായത് യാതൊരു

കാരണവശാലും സമാധാനത്തിന്റെയും ആദരവിന്റെയും യുദ്ധനിരോധനത്തിന്റെയും ഈ നാലു മാസങ്ങളുടെ പവിത്രത ലംഘിക്കരുതെന്ന തത്ത്വം വളരെ കർശനമായി പാലിക്കണമെന്നാണ് ഖുർആന്റെ നിർദേശം. യുദ്ധം നിർത്തിവെച്ച് വിശ്രമിക്കുന്ന അഥവാ ഇരിക്കുന്ന മാസമായതിനാലാണ് 'ദുൽഖഅദ്:' (ഇരുത്തത്തിന്റെ മാസം)എന്ന പേർ പോലും ഹജ്ജിന് മുമ്പുള്ള മാസത്തിന് വന്നത്. പൗരാണികമായ ഈ സമ്പ്രദായം അറബികൾ പൊതുവേ പാലിച്ചിരുന്നു.

മുസ്‌ലിംകൾ വളരെ പ്രതിബദ്ധതയോടെ പവിത്രത കാത്തുസൂക്ഷിക്കുന്ന യുദ്ധനിരോധന മാസങ്ങളിൽ മേൽപറഞ്ഞ ബഹുദൈവവിശ്വാസികളായ അഞ്ച് ഗോത്രങ്ങൾ നിരന്തരം മുസ്‌ലിംകളെ ആക്രമിക്കുകയും യുദ്ധം ചെയ്യുകയും മുസ്‌ലിംകളെ ബഹിഷ്ക്കരിക്കാൻ ഗൂഢാലോചന നടത്തുകയും ചെയ്തുകൊണ്ടിരുന്നു. മക്കാവിജയത്തിന് ശേഷം പോലും അവർ മുസ്‌ലിംകളുമായി കരാർചെയ്യാൻ ഒരുക്കമല്ലായിരുന്നു. ഈ യുദ്ധ നിരോധന മാസം കഴിഞ്ഞാൽ സമാധാന കരാർ ലംഘിച്ച ഗോത്രങ്ങൾക്കെതിരെ യുദ്ധം തുടരാമെന്നാണ് ഈ പ്രഖ്യാപനം പറയുന്നത്. അല്ലാതെ എല്ലാ ബഹുദൈവ വിശ്വാസികൾക്കും എതിരെയുള്ള യുദ്ധപ്രഖ്യാപനമോ അവരെ മുഴുവൻ കൊന്നൊടുക്കാനുള്ള ആഹ്വാനമോ അല്ല. മുസ്‌ലിംകളല്ലാത്ത എല്ലാവരേയും കണ്ടുമുട്ടുന്നിടത്ത് വെച്ച് വധിക്കാൻ ഖുർആൻ ആഹ്വാനം ചെയ്തു എന്ന ദുരുപധിഷ്ഠിതമായ ആരോപണമാണ് വിമർശകർ ഉന്നയിക്കുന്നത്. വിമർശകർ ഒഴിവാക്കുന്ന തൊട്ടുമുമ്പത്തെ വചനങ്ങളിൽ അക്കാര്യം വ്യക്തമായി പ്രതിപാദിച്ചിട്ടുണ്ട്. ***ബഹുദൈവ വിശ്വാസികളിൽ നിന്നും കരാർ ചെയ്യുകയും (എന്നിട്ട് അതിൽ)നിങ്ങൾക്ക് ഒരു കുറവും വരുത്താതിരിക്കുകയും നിങ്ങൾക്കെതിരെ ഒരാളേയും അശ്രയിക്കാതിരിക്കുകയും ചെയ്തവരൊഴികെ. അപ്പോൾ അവരുടെ കരാർ അവരുടെ (കരാറിന്റെ കാലപരിധി വരെ) നിങ്ങൾ തികച്ചും പൂർത്തിയാക്കുക. നിശ്ചയമായും അല്ലാഹു സൂക്ഷ്മത പാലിക്കുന്നവരെ സ്നേഹിക്കുന്നു.*** (9:4) കരാർ പാലിച്ച ബഹുദൈവാരാധകരോട് നിശ്ചയമായും കരാർ പാലിക്കാൻ മുസ്‌ലിംകൾ ബാദ്ധ്യസ്ഥരാണ്. മാത്രമല്ല പൗരാണികമായ കീഴ്‌വഴക്കങ്ങളോ നീതിതത്ത്വങ്ങളോ ദൈവിക നിയമങ്ങളോ പാലിക്കാതെ മുസ്‌ലിംകളെ നിരന്തരം ഉപദ്രവിക്കുകയും മുസ്‌ലിംകളെ നശിപ്പിക്കാൻ തക്കം പാർത്തിരിക്കുകയും വഞ്ചന യുടെ കരുക്കൾ എപ്പോഴും നീക്കിക്കൊണ്ടിരിക്കുകയും ചെയ്യുന്ന പ്രസ്തുത ബഹുദൈവ വിശ്വാസികൾക്കെതിരെ പോലും യുദ്ധനിരോധന മാസങ്ങൾ കഴിഞ്ഞ് മാത്രമേ പ്രതികരിക്കാൻ പാടുള്ളൂ എന്ന ആജ്ഞകൂടി ഖുർആൻ ഇവിടെ നൽകുന്നു. യുദ്ധം ചെയ്യാൻ കരുക്കൾ നീക്കിക്കൊണ്ടിരിക്കുന്ന ബഹുദൈവ വിശ്വാസികളിൽ പെട്ട ഒരു വിഭാഗത്തിന് മുന്നിലും ഈ നാല് മാസം യുദ്ധനിരോധനവും ആത്മസംയമനവും പാലിക്കണമെന്നും ആ സമയം കഴിഞ്ഞാൽ മാത്രമേ പ്രതിരോധവും പ്രത്യാക്രമണവും നടത്താവൂ എന്നാണ് ഈ വചനങ്ങളിലൂടെ ഖുർആൻ വ്യക്തമാക്കുന്നത്. വിമർശകന്മാർ ***'ബഹുദൈ വിശ്വാസി കളെ നിങ്ങൾ കണ്ടുമുട്ടുന്നിടത്ത് വെച്ച് വധിക്കുക.'*** എന്ന വചനം മാത്രം സന്ദർഭത്തിൽനിന്ന് അടർത്തിയെടുത്ത് ദുഷ്പ്രചരണം നടത്തുകയാണ്. അമുസ്‌ലിംകൾ എല്ലാവരെയും അല്ലെങ്കിൽ ബഹുദൈവ വിശ്വാസികളെയെല്ലാവരെയും വധിക്കാനുള്ള ആഹ്വാനമല്ല ഖുർആൻ നടത്തിയത് എന്നതിന് മറ്റൊരു പ്രകടമായ തെളിവ് തൊട്ട് പിറകെയുള്ള 6ാം വചനത്തിലും കാണാം. ***'ബഹു ദൈവവിശ്വാസികളിൽപെട്ട ആരെങ്കിലും നിന്നോട് അഭയം തേടുന്നതായാൽ അയാൾക്ക് അഭയം നൽകുക. കാരണം അയാൾ അല്ലാഹുവിന്റെ വചനങ്ങൾ ശ്രവിച്ചേക്കം. പിന്നെ അവന്റെ രക്ഷാസ്ഥാനത്ത് അവനെ എത്തിച്ചു കൊടുക്കുക. ഇത് അവർ കാര്യം ഗ്രഹിക്കാത്ത ജനങ്ങളായത് കൊണ്ടാണ്. (9:6)*** ഈ വചനം അഭയം തേടുന്ന ബഹുദൈവ വിശ്വാസികൾക്ക് അഭയം നൽകണമെന്നും പിന്നീട് അവർ സന്മാർഗം പ്രാപിച്ചേക്കാൻ സാദ്ധ്യതയുണ്ടെന്നും ബഹു ദൈവവിശ്വാസിയായിരിക്കെതന്നെ അഭയം തേടിയ ആ അഭയാർഥിയെ സുരക്ഷിത സ്ഥാനത്ത് എത്തിച്ചു കൊടുക്കണമെന്നും ഖുർആൻ നിർദേശിച്ചിക്കെ യാതൊരു വകതിരിവുമില്ലാതെ അവിശ്വാസികളെ വധിക്കണമെന്നാണ് ഖുർആൻ കൽപ്പനയെന്ന വാദം ഇസ്‌ലാം വിരോധികളുടെ വ്യാജാരോപണമല്ലാതെ മറ്റൊന്നുമല്ല. ചുരുക്കത്തിൽ ഒരോ അക്ഷരത്തിലും വചനത്തിലും സത്യവും നീതിയും ജ്വലിച്ചു നിൽക്കുന്ന പ്രകാശപൂർണമായ ഖുർആനെ വിദ്വേഷത്തിന്റെയും പകയുടെയും പ്രചോദനം കൊണ്ട് മാത്രം അയുക്തികവും വ്യാജവുമായ വിമർശനം നടത്തി തോൽപ്പിക്കാൻ സാദ്ധ്യമല്ല. ●

അഭയം തേടുന്ന ബഹുദൈവ വിശ്വാസികൾക്ക് അഭയം നൽകണമെന്നും പിന്നീട് അവർ സന്മാർഗം പ്രാപിച്ചേക്കാൻ സാദ്ധ്യതയുണ്ടെന്നും ബഹുദൈവവിശ്വാസിയായി രിക്കെതന്നെ അഭയം തേടിയ ആ അഭയാർഥിയെ സുരക്ഷിത സ്ഥാനത്ത് എത്തിച്ചു കൊടുക്കണമെന്നും ഖുർആൻ നിർദേശിച്ചിക്കെ യാതൊരു വകതിരിവുമില്ലാതെ അവിശ്വാസികളെ വധിക്കണമെന്നാണ് ഖുർആൻ കൽപ്പനയെന്ന വാദം ഇസ്‌ലാം വിരോധികളുടെ വ്യാജാരോപണമല്ലാതെ മറ്റൊന്നുമല്ല.

കുറിപ്പുകൾ

# സെൻസസ് റിപ്പോർട്ട്: ജമാഅത്തെ ഇസ്‌ലാമിയുടെ വെപ്രാളങ്ങൾ

മുസാഫിർ

പത്ത് വർഷത്തിലൊരിക്കൽ നടക്കുന്നതാണ് ഇന്ത്യയിൽ സെൻസസ്. 2011 ലെ സെൻസസ് റിപ്പോർട്ടിൽ അഹ്മദികളെ മുസ്‌ലിം വിഭാഗമായി ക്ലാസിഫൈ ചെയ്തു കൊണ്ട് ഇന്ത്യാ ഗവൺമെന്റ് വിജ്ഞാപനമിറക്കിയിരിക്കുന്നു. ഇന്ത്യയിൽ 5 മുഖ്യ ന്യൂനപക്ഷങ്ങളാണുള്ളത്. മുസ്‌ലിംകൾ, ക്രിസ്ത്യാനികൾ, സിക്കുകാർ, ജൈനന്മാർ, ബുദ്ധന്മാർ എന്നീ മതങ്ങളെയാണ് ന്യൂനപക്ഷമായി കണക്കാക്കിയിരിക്കുന്നത്. അതിൽ മുസ്‌ലിംകളിലെ സുന്നികൾ, ശിയാക്കൾ, ബോറാസ്, ആഗാഖാനികൾ എന്നിവരെ ഉപവിഭാഗങ്ങളായിട്ടാണ് ഇത്വരെ കണക്കാക്കിയിരുന്നത്. 2011 ലെ സെൻസസ് റിപ്പോർട്ട് ഗവൺമെന്റ് പുറത്തിറക്കിയപ്പോൾ അതിൽ അഹ്മദികളെ മുസ്‌ലിംകളിൽ ഒരു വിഭാഗമായി ക്ലാസി ഫൈ ചെയ്തിരിക്കുകയാണ്. 1971 ൽ പ്രഗല്ഭനായ നിയമ പണ്ഡിതൻ ജസ്റ്റീസ് കൃഷ്ണയ്യരുടെ അനിഷേധ്യവും സൂക്ഷ്മവുമായ ഹൈക്കോടതി വിധി പരാമർശിച്ചു കൊണ്ടാണ് സെൻസസ് വകുപ്പ് അഹ്മദികളെ മുസ്‌ലിംകളായി പ്രഖ്യാപിച്ചു സെൻസസിൽ ഉൾപ്പെടുത്തിയത്. ഈ ഹൈക്കോടതി വിധിയിൽ പരാതിക്കാരന്റെയും അഹ്മദികളുടെയും ഇസ്‌ലാമിക പ്രമാണങ്ങളുടെ അടിസ്ഥാനത്തിലുള്ള വാദങ്ങൾ സൂക്ഷ്മവും സമഗ്രവുമായി പരിശോധിച്ചാണ് കോടതി അഹ്മദികൾ മുസ്‌ലിംകളാണെന്ന് വിധിപറഞ്ഞത്. ആ കോടതി വിധി ആധാരമാക്കിയാണ് സെൻസസ് വകുപ്പ് അഹ്മദികളെയും മുസ്‌ലിംകളായി സെൻസസ് പട്ടികയിൽ ഉൾപ്പെടുത്തിയത്. ഇതിനെതിരെ ജമാഅത്തെ ഇസ്‌ലാമി അഖിലേന്ത്യ ജനറൽ സെക്രട്ടറി എഞ്ചിനിയർ മുഹമ്മദ് സലീം അതിരൂക്ഷമായി ഇന്ത്യാ ഗവൺമെന്റിനെ വിമർശിക്കുകയും ഗൂഢാലോചനകുറ്റം ചുമത്തി അപലപിക്കുകയും ചെയ്തിരിക്കുന്നു. പാകിസ്താനിലെ അഹ്മദിയ്യാ വിരുദ്ധ നിയമം ഇവിടെയും നടപ്പാക്കണമെന്ന് അവർ ആവശ്യം ഉന്നയിച്ചിരിക്കയാണ്. ജമാഅത്തെ ഇസ്‌ലാമിയുടെ ജനറൽ സെക്രട്ടറിയുടെ പ്രസ്താവന ഇപ്രകാരമാണ്. ***'ഖാദിയാനികളെ മുസ്‌ലിംകളിൽ ഉൾപ്പെടുത്തിയത് ദുരുദ്ദേശ പ്രേരിതവും തെറ്റിദ്ധാരണകൾക്ക് ഇടം നൽകുന്നതുമാണ് ഈ നടപടിയെന്നും ദുഷ്ടലാക്കോടെയുള്ള ഈ നടപടിക്കു പിന്നിൽ ഗൂഢാലോചനയുണ്ടെങ്കിൽ ഏറെ പ്രതിഷേധാർഹമാണ്. അബദ്ധത്തിൽ സംഭവിച്ചതാണെങ്കിൽ ഗുരുതര വീഴ്ചയുമാണ്. തെറ്റ് തിരുത്തി ഖാദിയാനികളെ വേറെ ഗ്രൂപ്പാക്കി കണക്കാക്കുകയും മുസ്‌ലിം എന്ന കാറ്റഗറിയിൽ നിന്ന് ഒഴിവാക്കുകയും വേണം........ 1974ൽ പാകിസ്താൻ ഖാദിയാനികളെ മുസ്‌ലിംകളിൽ നിന്ന് വേർപെടുത്തി നിയമം കൊണ്ട് വന്നതാണ്. (പ്രബോധനം 2016 സെപ്തംബർ 2)***

ജിഹാദ് നടത്തി ഇസ്‌ലാമിക രാഷ്ട്രം സ്ഥാപിക്കലാണ് ജമാഅത്തെ ഇസ്‌ലാമിയുടെ പ്രഖ്യാപിത നയം. അവരുടെ പല ലക്ഷ്യങ്ങളും മാർഗങ്ങളും നേരെ ചൊവ്വേ പറയാൻ പറ്റിയതല്ല. അത്കൊണ്ട് കപട ജനാധിപത്യ വേഷം കെട്ടി, പറയേണ്ട കാര്യങ്ങൾ വളച്ചുകെട്ടിപറഞ്ഞും ചില ലക്ഷ്യങ്ങൾ ദീർഘകാലമായി മറച്ചു വെച്ചും ചിലവ മയപ്പെടുത്തി മാറ്റിപ്പറഞ്ഞും ഒളിഞ്ഞും തെളിഞ്ഞും പ്രവർത്തിക്കുന്ന പാർട്ടിയാണ് ജമാഅത്തെ ഇസ്‌ലാമി. ഇന്ത്യാ ഗവൺമെന്റിന്റെ പ്രസ്തുത സെൻസസ് വിജ്ഞാപനം ഒരു ഗൂഢാലോചനയാണെന്നും, അഹ്മദികളെ മുസ്‌ലിം കാറ്റഗറിയിൽ നിന്ന് ഒഴിവാക്കണമെന്നുമാണ് ജമാഅത്തെ ഇസ്‌ലാമിയുടെ ആവശ്യം. കളവ് പ്രചരിപ്പിച്ച് മറ്റൊരാളുടെ മതവിശ്വാസം മാറ്റാനും തിരുത്താനുമുള്ള ജമാഅത്തെ ഇസ്‌ലാമിയുടെ ഈ ശ്രമം അവരുടെ സ്വതസിദ്ധമായ ഫാസിസ്റ്റ് പ്രവണതയുടെ അടയാളമാണ്. ഈ ആവശ്യം അർഹിക്കുന്ന അവജ്ഞയോടെ

അഹ്മദികൾ തള്ളിക്കളയുന്നു. ഇത്തരം ആവശ്യങ്ങൾക്ക് പിന്നിലുള്ള ജമാഅത്തെ ഇസ്‌ലാമിയുടെ ചില രാഷ്ട്രീയ താൽപര്യങ്ങൾ നാം തിരിച്ചറിയേണ്ടതുമുണ്ട്.

അഹ്മദികളെ അമുസ്‌ലിംകളാക്കണം എന്ന ആവശ്യം ഇതര മുസ്‌ലിം കക്ഷികളിൽ പ്രചരിപ്പിച്ച് അതൊരു മതപ്രക്ഷോഭമായി വളർത്തിയെടുത്ത് അട്ടിമറി വിപ്ലവത്തിലൂടെ ഭരണ കൂടം പിടിച്ചെടുക്കാനാണ് ജമാഅത്ത് സ്ഥാപക നേതാവായ മൗലാനാ മൗദൂദി പാകിസ്താനിൽ ശ്രമിച്ചത്. അതോടനുബന്ധിച്ചാണ് ലോക പ്രശസ്തമായ മുനീർ കമ്മീഷനെ പാകിസ്താൻ പട്ടാള ഭരണകൂടം നിയമിച്ചത്. മുനീർ കമ്മീഷനോട് ഇന്ത്യൻ മുസ്‌ലിംകളെ ആകമാനം ഇവിടുത്തെ ഭൂരിപക്ഷ സമുദായത്തിന് മുമ്പിൽ അപമാനിക്കുന്ന രീതിയിൽ മൗദൂദി നടത്തിയ പ്രസ്താവനയിലേക്കൊന്നും ഇപ്പോൾ കടക്കുന്നില്ല. അഹ്മദിയ്യാ വിരുദ്ധ കലാപം നടത്തി ഭരണകൂടത്തെ അട്ടിമറിക്കാൻ ശ്രമിച്ചതിന്റെ പേരിൽ രാജ്യദ്രോഹ കുറ്റം ചുമത്തി കോടതി അദ്ദേഹത്തിന് വധശിക്ഷ വിധിക്കുകയുണ്ടായി. പിന്നീട് അത് ഇളവ് ചെയ്യുകയാണുണ്ടായത്. ഭരണകൂടം അട്ടിമറിച്ച് ഇസ്‌ലാമിക രാഷ്ട്രം (ഹുകൂമത്തെ ഇലാഹി) സ്ഥാപിക്കാൻ ഇവിടെ സ്കോപ്പില്ലെങ്കിലും കേരളത്തിൽ തിരഞ്ഞെടുപ്പ് കാലത്ത് മുസ്‌ലിം കളെ അഹ്മദിയ്യാ വിരുദ്ധ മുദ്രാവാക്യങ്ങളിൽ മതപരമായി ഏകീകരിച്ച് നാല് വോട്ട് കിട്ടാൻ ജമാഅത്തുകാർ ശ്രമം നടത്താറുണ്ട്. പക്ഷേ കേരളത്തിലെ ജനാധിപത്യ ബോധമുള്ള ജനങ്ങൾ നാമമാത്രമായ ജമാഅത്തുകാർ രാഷ്ട്രീയ ലക്ഷ്യത്തോടെ നടത്തു ന്ന ഇത്തരം വർഗീയ കുതന്ത്രങ്ങൾ അവഗണിച്ചു തള്ളുകയാണ് ചെയ്യാറ്.

ആരാണ് മുസ്‌ലിം എന്ന് നിശ്ചയിക്കാനുള്ള അധികാരം ഏറ്റെടുക്കൽ ജമാഅത്തെ ഇസ്‌ലാമിയുടെ മത രാഷ്ട്രീയ പരിപാടിയിൽ പെട്ടതാണ്. 'ഹുകൂമത്തെ ഇലാഹി' എന്ന അല്ലാഹുവിന്റെ ഭരണമാണല്ലോ അവർ നടത്താൻ പോവുന്നത്, അതുകൊണ്ട് വിശ്വാസ പരമായ കാര്യങ്ങളിൽ അല്ലാഹുവിന് വേണ്ടി തങ്ങൾ ഇഹലോകത്ത് വെച്ച് തന്നെ മുസ്‌ലിമിനെയും കാഫിറിനേയും വേർതിരിച്ച് തീരുമാനിക്കണമെന്ന് ജമാഅത്തെ ഇസ്‌ലാമിക്ക് നിർബന്ധമുണ്ട്. ജമാഅത്ത് സങ്കൽപ്പ പ്രകാരം ഇസ്‌ലാം സാധാരണ അർഥത്തിലുള്ള ഒരു മതം (ദീൻ) അല്ല. ഒരു രാഷ്ട്രമാണ്. രാഷ്ട്രമാവുന്നത് വരെ രാഷ്ട്ര സ്ഥാപന ത്തിനുള്ള പാർട്ടിയുമാണ് അവർ. ഹുകൂമത്തെ ഇലാഹി വന്നാൽ മുസ്‌ലിംകൾ ഒന്നാംകിട പൗരന്മാരും ദിമ്മികളായ കാഫിറുകൾക്ക് രണ്ടാം കിട പൗരത്വവുമാണ്. രാഷ്ട്രഭരണത്തിന്റെ കുഞ്ചികസ്ഥാനങ്ങളിൽ കാഫിറുകളെ ഇരുത്തില്ല. അതാണ് ഭൂമിയിൽ വെച്ച് തന്നെ മുസ്‌ലിം, കാഫിർ വേർതിരിവ് നടത്താൻ ജമാഅത്തെ ഇസ്‌ലാമിക്ക് ഇത്ര തിടുക്കം.

ഒരു മുസ്‌ലിം എന്ന് അവകാശപ്പെടുന്ന ഒരാളെ അമുസ്‌ലിമായും കാഫിറായും പ്രഖ്യാപിക്കാൻ അർക്കും അല്ലാഹു അധികാരം കൊടുക്കുന്നില്ലെങ്കിലും ദൈവം ചമയുന്ന പുരോഹിതന്മാർ നിരന്തരം നടത്തി വരുന്ന പരിപാടിയാണ് മുസ്‌ലിമിനെ കാഫിറാക്കൽ. പരസ്പരം കാഫിറാക്കാത്തതോ കുഫ്റ് തീണ്ടാത്തതോ ആയ ഒരു മുസ്‌ലിം കക്ഷി പോലും ഇവിടെയില്ല. ശ്രദ്ധേയമായ കാര്യം ജമാഅത്തെ ഇസ്‌ലാമി ദിമ്മിയോ മുർത്തദോ ആയി ഒരാളെ പ്രഖ്യാപിച്ചാൽ അതിന്റെ വിവക്ഷ മറ്റുള്ളവർ കാഫിറാക്കുന്നത് പോലെയല്ല. ഇസ്‌ലാം വിട്ടുപോകുക എന്നാൽ ജമാഅത്തുകാർക്ക് രാഷ്ട്രം വിട്ടുപോകുന്ന കുറ്റകൃത്യമാണ്. അഥവാ രാജ്യ ദ്രോഹമാണ്. അത്കൊണ്ട് ജമാഅത്ത് സിദ്ധാന്ത പ്രകാരം സംഗതി അൽപ്പം ഭീകരമാണ്. മതപരിത്യാഗം രാജ്യദ്രോഹമായി കണക്കാക്കി അയാളെ വധിച്ചുകളയണമെന്നാണ് ജമാഅത്ത് ഗുരു മൗലാനാ മൗദൂദി എഴുതി വെച്ചത്. മറ്റു മതക്കാരിൽ നിന്ന് ഇങ്ങോട്ട് ആരെങ്കിലും ഇസ്‌ലാം മതത്തിലേക്ക് വന്നാൽ അയാളെ ഇസ്‌ലാമിലേക്ക് ഇരുകൈകളും നീട്ടി സ്വീകരിക്കും. പക്ഷേ ഇസ്‌ലാമിൽ നിന്ന് മറ്റ് മതത്തിലേക്ക് ആരെങ്കിലും പോയാൽ അയാൾക്ക് ജമാഅത്തത്തെ ഇസ്‌ലാമി വിധിച്ചിരിക്കുന്നത് വധശിക്ഷയാണ്. എങ്ങനെയുണ്ട് ജമാഅത്തെ ഇസ്‌ലാമിയുടെ മതസ്വാതന്ത്ര്യം !!!!. ഈ ആശയം വെറുതെയങ്ങ് പറഞ്ഞു പോകുക മാത്രമല്ല ജമാഅത്ത് സ്ഥാപകൻ ചെയ്തത്. ബുദ്ധിയും വിവേകവുമുള്ള മനുഷ്യൻ ഞെട്ടിപ്പോവുന്ന ഈ ഫാസിസ്റ്റ് ഭീകരവാദം സ്ഥാപിക്കാൻ അദ്ദേഹം 'മുർത്തദ് കി സസാ ഇസ്‌ലാമീ കാനൂൻ മെ' എന്ന ഒരു പുസ്തകവും എഴുതിയിട്ടുണ്ട്. ജമാഅത്തെ ഇസ്‌ലാമിക്ക് കേരളത്തിൽ ഏറ്റവും ബൃഹത്തായ ഒരു പ്രസിദ്ധീകരണ ശൃംഗലയുണ്ടായിട്ടും സ്ഥാപക നേതാവിന്റെ ഈ പുസ്തകവും ഇത്പോലെയുള്ള സായുധ ജിഹാദിന് ആഹ്വാനം ചെയ്തു കൊണ്ടുള്ള കൃതികളും മലയാളത്തിൽ തീരെ പ്രസിദ്ധീകരിക്കുകയോ പിന്നീട് പുനഃപ്രസിദ്ധീകരിക്കുകയോ ചെയ്തിട്ടില്ല. എങ്കിലും ഈ ഭീകരവാദം കേരളത്തിലും അവർ ഒളിഞ്ഞും തെളിഞ്ഞും പ്രകാശിപ്പിച്ചിട്ടുണ്ട്. ജമാഅത്തെ ഇസ്‌ലാമി നേതാവ് ഒ. അബ്ദുർറഹ്മാൻ സാഹിബ് തന്നെ തന്റെ ഒരു പുസ്തകത്തിൽ ഈ ആശയം പ്രചരിപ്പിക്കാൻ ശ്രമിച്ചത് കാണുക. ***'ഇപ്രകാരം ഇസ്‌ലാം മതം സ്വീകരിക്കാതിരിക്കാനും പൂർണ സ്വാതന്ത്ര്യമുണ്ടായിരിക്കേ അത് സത്യമാണെന്ന് മനസ്സിലാക്കി സ്വമേധയാ അതിൽ പ്രവേശിച്ചവൻ പിന്നീടത് ഉപേക്ഷിച്ച് പോകുന്നുവെങ്കിൽ തികഞ്ഞ വഞ്ചനയും മുസ്‌ലിം സൊസൈറ്റിയെ ശിഥിലമാക്കാനുള്ള കപട തന്ത്രവുമായി***

***ട്ടാണ് ഇസ്ലാം ആ നടപടിയെ വീക്ഷിക്കുന്നത്. അവരെ പിടികൂടാനോ ശിക്ഷിക്കാനോ വ്യക്തികൾക്ക് അധികാരമില്ലെങ്കിലും ഇസ്ലാമിക സ്റ്റേറ്റിന്റെ ഭദ്രത നിലനിർത്താൻ ദ്രോഹകാരികളായ ഇത്തരം ആളുകളെ ഇസ്ലാമിക കോടതി വിചാരണ ചെയ്യും. കുറ്റം തെളിഞ്ഞാൽ തെറ്റു തിരുത്താൻ അവസരം നൽകും. തിരുത്താനും തയ്യാറില്ലെങ്കിൽ മാത്രം വധശിക്ഷക്ക് വിധിക്കും. (ഇസ്ലാമും യുക്തി വാദികളും പേജ് 163)***

**'മതത്തിൽ യാതൊരു ബലാൽക്കാരവുമില്ല'** എന്ന് പ്രഖ്യാപിച്ച പാവനമായ ഇസ്ലാം മതത്തിന്റെ പേരിലാണ് ഗ്രന്ഥകർത്താവ് ഇസ്ലാം മതത്തിൽ നിന്ന് വിട്ടുപോകുന്നവനെ കൊല്ലണമെന്ന ഈ ഫാസിസ്റ്റ് ഭീകരവാദം മുഴക്കുന്നത്. ദീൻ എന്നാൽ രാഷ്ട്രമാണ് എന്ന തല തിരിഞ്ഞ വ്യാഖ്യാനത്തിന്റെ ഫലമാണ് ഈ വ്യാഖ്യാന വൈകൃതങ്ങളെല്ലാം. ഈ ജമാഅത്ത് നേതാവാകട്ടെ കേരളത്തിലെ ഏറ്റവും വലിയ മനുഷ്യാവകാശ സംഘടനയുടെ ജനറൽ സെക്രട്ടറി കൂടിയാണ് എന്ന് കൂടി നാമോർക്കണം. അത്കൊണ്ടാണ് ഇന്ത്യയിൽ സെൻസസ് ബോർഡ് അഹ്മദികളെ മുസ്ലിമായി പ്രഖ്യാപിച്ചത് ഗുരുതരമായ വീഴ്ച്ചയാണെന്ന് പറഞ്ഞ് ജമാഅത്തെ ഇസ്ലാമി ജനറൽ സെക്രട്ടറി ഞെരിപൊരി കൊള്ളുകയും അഹ്മദികളെ സംബന്ധിച്ച പാകിസ്താൻ നിയമം ഇന്ത്യയിലും നടപ്പാക്കാൻ ഇന്ത്യാ ഗവൺമെന്റിനെ ഉപദേശിക്കുകയും ചെയ്യുന്നത്.

ഇറാഖിലെ ഭീകര സംഘടനയായ ഐ എസിന്റെ ഇസ്ലാമിക രാഷ്ട്ര പ്രഖ്യാപനവും അനന്തരമുള്ള സായുധ ജിഹാദും കൂട്ടക്കൊലകളും കണ്ട് ഇസ്ലാമിക രാഷ്ട്രവാദത്തോട് ലോകം ഭയപ്പാടോടെ നിൽക്കുമ്പോൾ, തങ്ങളുടെ സായുധ ജിഹാദും ഹുഖൂമത്തെ ഇലാഹിയും നാട്ടുകാരറിയുമോ എന്ന ആശങ്ക കൊണ്ട് മതരാഷ്ട്ര വാദം പ്രബുദ്ധ കേരളത്തിൽ ജമാഅത്തെ ഇസ്ലാമി പറയാറില്ല. പകരം കേരള ജനതയെ എന്റർടെയിൻമെന്റിലൂടെ പരമാവധി സുഖിപ്പിച്ചും രസിപ്പിച്ചും കൊണ്ടുമാണ് ഈ ഇസ്ലാമിക വിപ്ലവ പ്രസ്ഥാനം ഇപ്പോൾ മുന്നോട്ട് നീങ്ങുന്നത്. ഗൾഫ് പണം ഉപയോഗിച്ച് മനുഷ്യാവകാശം, പരിസ്ഥിതിവാദം, ദലിത് പീഢനം, റോഡ് വികസന വിരുദ്ധ പ്രചാരണം എന്നീ പരിപാടികളും നാടകവും ഗാനമേളയുമൊക്കെയായിട്ടാണ് ജമാഅത്തെ ഇസ്ലാമിയും പരിവാര സംഘടനകളും കഴിയുന്നത്. മത രാഷ്ട്രവാദികളായ അവർ മതേതരത്വത്തിന്റെ കപട വേഷം കെട്ടാനും യാതൊരു മടിയും കാണിക്കാറില്ല. ഒരു പക്ഷേ ദീൻ പ്രചരിപ്പിക്കാൻ കളവ് പറയാമെന്ന് മാത്രമല്ല ചിലപ്പോൾ നിർബന്ധം കൂടിയാണ് എന്ന് മൗദൂദി സാഹിബ് പറഞ്ഞത് (തർജുമാനുൽ ഖുർആൻ 1958 മെയ് ലക്കം) കൊണ്ടായിരിക്കാം ജമാഅത്തുകാർക്ക് ഇതിലൊന്നും വലിയ മനസ്സാക്ഷിക്കുത്തോ പ്രശ്നമോ തോന്നാറില്ല. ദയനീയ മായിട്ടുള്ളത് കമ്യൂണിസ്റ്റ് പാർട്ടികളിലെ അടവുകളും തന്ത്രങ്ങളും എന്ന പോലെ ഇടക്കിടെ തങ്ങളുടെ സ്ഥാപക നേതാവിന്റെ കറകളഞ്ഞ മതരാഷ്ട്രവാദത്തെയും സായുധ ജിഹാദിനേയും അവർ യുക്തം പോലെ തള്ളിപറയുന്നു എന്നതാണ്.

അഹ്മദികളെ കാഫിറാക്കുന്നത് മറ്റുള്ള മതസംഘടനകൾക്ക് കേവലം മതപരമായ വിവക്ഷയുടെയും വ്യാഖ്യാനത്തിന്റേയും പ്രശ്നമാണെങ്കിൽ ജമാഅത്തെ ഇസ്ലാമിയെ സംബന്ധിച്ചിടത്തോളം അത് രാഷ്ട്രീയ സാദ്ധ്യതകളുള്ള ഒരു വിഷയമാണ്. പാകിസ്താനിൽ അത് അവർ പരീക്ഷിച്ചതാണെന്ന് പറഞ്ഞുവല്ലോ. അതായത് ജമാഅത്തെ ഇസ്ലാമി ഒരു രാഷ്ട്രീയ സംഘടനയായതിനാൽ ജനപിന്തുണ ആവശ്യമാണ്. രാഷ്ട്രീയ താൽപര്യം മുൻനിർത്തി കർമപരവും വിശ്വാസപരവുമായ വിയോജിപ്പുകൾ സുന്നി മുജാഹിദ് തർക്കങ്ങൾ പോലെ അവർ പൊലിപ്പിച്ചു നിർത്താറില്ല. അധികാരം ലഭിച്ചാൽ എല്ലാ ശിർക്കും ശക്തി ഉപയോഗിച്ച് ശരിപ്പെടുത്താം എന്നായിരിക്കാം ഹിഡൻ അജണ്ട. ഈ അയഞ്ഞ നിലപാടുണ്ടായിട്ടും ഇസ്ലാമിക രാഷ്ട്രസ്ഥാപനം എന്ന പിന്തിരിപ്പൻ മുദ്രാവാക്യമുയർത്തുന്ന ജമാഅത്തെ ഇസ്ലാമിയുടെ പിന്നിൽ അണിനിരക്കാൻ മറ്റു മുസ്ലിം മതസംഘടനകളെ കിട്ടിയിട്ടില്ല. പ്രത്യേകിച്ചും ഐ എസ് അത് വേണ്ടുവോളം നിർവഹിക്കുന്ന ഇക്കാലത്ത് ആ മുദ്രാവാക്യം മുസ്ലിം ജനസാമാന്യം വെറുക്കുകയും ഭയക്കുകയും ചെയ്യുന്നു. അപ്പോൾ തങ്ങളുടെ മുഖം മറക്കാനും മിക്ക മുസ്ലിം കക്ഷികൾക്കും യോജിക്കാനും പറ്റിയ ഒരു മുദ്രാവാക്യം തേടി നടക്കുകയാണ് ജമാഅത്തെ ഇസ്ലാമി. അഹ്മദികളെ കാഫിറാക്കുന്ന വിഷയം ഏറെക്കുറെ അതിന് പറ്റിയതാണ് എന്ന് അവർ കരുതുന്നു. ഈ വിഷയത്തിലുള്ള രാഷ്ട്രീയ സാദ്ധ്യതകളാണ് ജമാഅത്തെ ഇസ്ലാമിയെ ജാഗരൂകരാക്കുന്നത്. അത് വഴി എന്തെങ്കിലും രാഷ്ട്രീയ ലാഭം ലഭിക്കുമെന്ന് കുറുക്കന്റെ ബുദ്ധിയോടെ അവർ കണക്ക് കൂട്ടുന്നു. സർക്കാർ രേഖകളിൽ ഏതെങ്കിലുമൊന്നിൽ അഹ്മദികളെ മുസ്ലിംകളായി പ്രഖ്യാപിച്ചുകണ്ടാൽ പാകിസ്താനിൽ ചെയ്തത് പോലെ മറ്റു മുസ്ലിംകളെയും കൂട്ടി എതിർപ്പും പ്രക്ഷോഭവും നടത്തി അത് സ്വന്തം രാഷ്ട്രീയ ലാഭത്തിനുള്ള മൂലധനമാക്കി മാറ്റാനുള്ള വ്യഗ്രതയാണ് അവർക്ക്.

ജമാഅത്ത് കാർക്ക് തെറ്റിപ്പോയി. ഇസ്ലാമിന്റെ അടിസ്ഥാന പ്രമാണമായ വിശുദ്ധ ഖുർആൻ, തിരുസുന്നത്ത്, ഹദീസ് എന്നിവയിൽ അടിയുറച്ച് വിശ്വസിക്കുകയും റസൂൽ തിരു മേനി (സ) യെ സ്വന്തം ജീവനേക്കാൾ സ്നേഹിക്കുകയും ഇസ്ലാമിന്റെ ഈ മൂലപ്രമാണ

ങ്ങളുമായി യോജിക്കുന്ന എല്ലാ ഇജ്മാഉകളും, ഖിയാസും മഹാന്മാരായ പൂർവിക മുഫസ്സിരിങ്ങളുടെയും സലഫ്ഫു സാലിഹീങ്ങളായ എല്ലാ മുൻകാല പണ്ഡിതന്മാരുടെ അഭിപ്രായങ്ങളും സുന്നി, മുജാഹിദ്, ജമാഅത്ത്, തബ്ലീഗാദി മറ്റെല്ലാ മുസ്ലിം കക്ഷികളെയും പോലെ അംഗീകരിക്കുകയും ആദരിക്കുകയും ചെയ്യുന്നവരാണ് അഹ്മദികൾ. ഇതല്ലാതെ മറ്റൊരു പ്രമാണവും വിശ്വാസവും അഹ്ദികൾക്കില്ല. എന്നിരിക്കെ ആർക്കാണ് അഹ്മദികളെ അമുസ്ലിമാക്കാൻ കഴിയുക? പാകിസ്താനിലെ ജാഹിലിയ്യ മുല്ലാ കോടതിയല്ല നീതിമാന്മാരുള്ള മറ്റു ലോകത്തെ കോടതികൾ എന്ന് മൗദൂദികൾ മനസ്സിലാക്കണം. അഹ്മദികളും അനഹ്മദികളും സമർപ്പിച്ച എല്ലാ ഇസ്ലാമിക പ്രമാണ രേഖകളും വാദങ്ങളും കൂലങ്കശമായി പരിശോധിച്ചു കൊണ്ട് അഹ്മദികളെ മുസ്ലിമായി പ്രഖ്യാപിച്ച കേരളാ ഹൈക്കോടതി വിധി മാത്രം വായിച്ചാൽ നിങ്ങൾക്കത് ബോധ്യമാവും.

ഇസ്ലാമിന്റെ പരമ പ്രധാന തത്ത്വമായ തൗഹീദടക്കമുള്ള വിഷയങ്ങളിൽ പോലും മുസ്ലിം സംഘടനകൾ ഒന്നിക്കുന്ന പ്രശ്നമില്ല. ഐക്യപ്പെടുന്ന ഒരു മുദ്രാവാക്യവും മുസ്ലിംകൾക്കിടയിലില്ല. ലോകത്തെല്ലായിടത്തും ഇതാണ് സ്ഥിതി. ഓരോ മുസ്ലിം കക്ഷിയും രംഗപ്രവേശനം ചെയ്യുന്നത് അപര മുസ്ലിം കക്ഷികൾക്കെതിരെ കുഫ്ർ ഫത്വ പുറപ്പെടുവിച്ചു കൊണ്ടാണ്. സമുദായത്തിലെ ഓരോ മുസ്ലിം കക്ഷിയുടെയും തൊട്ടടുത്ത പ്രധാന പ്രതിയോഗി ആരാണെന്ന് ചോദിച്ചാൽ മറ്റാരുമായിരിക്കില്ല മറ്റൊരു മുസ്ലിം കക്ഷി തന്നെയാണ്. അവരാകട്ടെ അപര കക്ഷികളാൽ കാഫിറാക്കപ്പെട്ടവരോ ഇസ്ലാമിക വൃത്തത്തിൽ നിന്ന് പുറത്താക്കപ്പെട്ടവരോ ആണുതാനും. പിന്നെ അഹ്മദികൾക്കെതിരെയുള്ള മൗദൂദികളുടെ കുഫ്റ് ഫത്വകൾക്ക് എന്ത് വില?!!

ഇസ്ലാമിന്റെ പരമ പ്രധാന തത്ത്വമായ തൗഹീദടക്കമുള്ള വിഷയങ്ങളിൽ പോലും മുസ്ലിം സംഘടനകൾ ഒന്നിക്കുന്ന പ്രശ്നമി ല്ല. ഐക്യപ്പെടുന്ന ഒരു മുദ്രാവാക്യ വും മുസ്ലിംകൾക്കിടയിലില്ല. ലോകത്തെല്ലായിടത്തും ഇതാണ് സ്ഥിതി. ഓരോ മുസ്ലിം കക്ഷിയും രംഗപ്രവേശനം ചെയ്യുന്നത് അപര മുസ്ലിം കക്ഷികൾക്കെതിരെ കുഫ്ർ ഫത്വ പുറപ്പെടുവിച്ചു കൊണ്ടാണ്. സമുദായത്തിലെ ഓരോ മുസ്ലിം കക്ഷിയുടെയും തൊട്ടടുത്ത പ്രധാന പ്രതിയോഗി ആരാണെന്ന് ചോദിച്ചാൽ മറ്റാരുമായിരിക്കില്ല മറ്റൊരു മുസ്ലിം കക്ഷി തന്നെയാണ്. അവരാകട്ടെ അപര കക്ഷികളാൽ കാഫിറാക്ക പ്പെട്ടവരോ ഇസ്ലാമിക വൃത്ത ത്തിൽ നിന്ന് പുറത്താക്കപ്പെട്ടവരോ ആണുതാനും. പിന്നെ അഹ്മദികൾ ക്കെതിരെയുള്ള മൗദൂദികളുടെ കുഫ്റ് ഫത്വകൾക്ക് എന്ത് വില?!!

സമുദായത്തിലെ അഴുക്കുകൂനയിൽ നിക്ഷേപിക്കപ്പെട്ട കാക്കത്തൊള്ളായിരം കുഫ്ർ ഫത്വകളുടെ കൂട്ടത്തിൽ ഒരു ഫത്വ എന്നേ അതിനെ കരുതാനാവൂ.

മുസ്ലിംകളാണെന്ന് സ്വയം പറയുന്നവരെയെല്ലാം കാഫിറാക്കി കാഫിറാക്കി ഹൃദയം ശുഷ്കിച്ചുപോയ സങ്കുചിതമനസ്ക്കരായ ഉലമാക്കന്മാർ ഔദാര്യവാന്മാരിൽ ഔദാര്യവാനായ ഹദ്റത്ത് റസൂൽ കരീം (സ) മുസ്ലിമിന് നൽകിയ അതിവിശാലമായ നിർവചനം നോക്കൂ. മദീനയിലെ സെൻസസ് വേളയിലാണ് അവിടുന്ന് ഇപ്രകാരം നിർവചനങ്ങൾ നൽകിയത്.

***'സ്വയം മുസ്ലിമാണെന്ന് പറയുന്ന ഏവരുടെയും പേര് എനിക്ക് വേണ്ടി എഴുതുക.' (സഹീഹുൽ ബുഖാരി, ബാബ് കിത്താബത്ത് അൽ ഈമാൻ അന്നാസ്)***

മറ്റൊരവസരത്തിൽ റസൂൽ തിരുമേനി (സ) അരുളി.

***' നാം നമസ്ക്കരിക്കുന്നത് പോലെ നമസ്ക്കരിക്കുകയും നമ്മുടെ ഖിബ്ലയുടെ നേരെതിരിയുകയും നാം അറുത്തത് ഭക്ഷിക്കുകയും ചെയ്യുന്നവരാരോ അയാൾ മുസ്ലി മാകുന്നു.' (സഹീഹുൽ ബുഖാരി, കിത്താബു സ്സലാത്ത്, ബാബ് ഫദ്ൽ ഇസ്ത്തിക്ബാൽ അൽ ഖിബ്ല)***

അല്ലാഹുവിന്റെ റസൂൽ(സ) വിശാലമാക്കിയ അദ്ധ്യാത്മിക സുരഭിലവും ആശയ സമ്പുഷ്ഠവുമായ മതമാണ് ഇസ്ലാം. അബുൽ അഅ്ലാ മൗദൂദി ചിന്തിച്ചു തുടങ്ങിയ കാലത്ത് ലോകത്തെ കിടിലം കൊള്ളിച്ച ഫാസിസം, കമ്മ്യൂണിസം മുതലായ പ്രത്യയ ശാസ്ത്രങ്ങളുടെ രാഷ്ട്രീയ തത്ത്വങ്ങളിൽ ആകൃഷ്ടനായ ആളാണ് മൗലാനാ മൗദൂദി എന്ന് വ്യക്തമാണ്. രാഷ്ട്രീയ പ്രബുദ്ധമായ മനസ്സുള്ള മൗദൂദി അലകും പിടിയും മാറ്റി ജമാഅത്തെ ഇസ്ലാമി എന്ന ഭൗതിക രാഷ്ട്രീയ

പാർട്ടിക്ക് ഇസ്‌ലാമിക വസ്ത്ര ങ്ങളുടുപ്പിക്കുകയാണ് അദ്ദേഹം ചെയ്തത്. മതത്തിന്റെ പേരിൽ രക്തരൂഷിതമായ സായുധ ജിഹാദ് നടത്താനും അധികാരം കൈയേൽക്കാനും ഇത്തരം പ്രത്യയ ശാസ്ത്രങ്ങൾ നടത്തുന്ന ആഹ്വാന ങ്ങൾ ഇസ്‌ലാം മതത്തിനും മുസ്‌ലിം ലോകത്തിനും വരുത്തി വെച്ച ഭയാനകമായ നാശങ്ങൾക്ക് കയ്യും കണക്കുമില്ല. മുസ്‌ലിം ലോകത്തിന് അക്കാര്യം ബോദ്ധ്യപ്പെട്ടു വരികയാണ്. ലോകത്തിന് ശാന്തി പകരുകയും മനുഷ്യ ഹൃദയങ്ങളെ ജയിച്ചടക്കുകയും ചെയ്ത ഇസ്‌ലാം ഒരിക്കലും ശക്തിയും സായുധസമര വും കൊണ്ടല്ല വിജയിച്ചത്. ഇസ്‌ലാമിനെ വലയം ചെയ്തിരിക്കു ന്ന ശത്രുക്കൾക്ക് ഇവരുടെ വിനാശകരമായ ആദർശങ്ങളും ആഹ്വാനങ്ങളും മുസ്‌ലിംകളെ അക്രമിക്കാനുള്ള അവസരം നൽകുകയാണ് ചെയ്യുന്നത്. ലോകം മുഴുക്കേ സംസ്കാരവും വിജ്ഞാനവും പുരോഗതിയും നൽകിയ ഒരേയൊരു മതമാണ് ഇസ്‌ലാം. ആ മത ത്തെയാണ് ഒരു സായുധ സമര കലാപമായി അവതരിപ്പിക്കുന്നത്. കഴിഞ്ഞ പതിനാല് നൂറ്റാണ്ടുകൾ പരിശോധി ച്ചു നോക്കൂ, ഇക്കാലത്തേത് പോലെ മുസ്‌ലിംകൾ ഇത്രമാത്രം ദാരുണ മായ ഒരു പതനത്തിൽ എത്തിച്ചേർ ന്ന ഒരു കാലഘട്ടമുണ്ടോ? മുസ്‌ലിം ദൈന്യതയുടെയും പീഢിതാവസ്ഥ യുടെയും പരസ്പര യുദ്ധങ്ങളു ടെയും അനൈക്യത്തിന്റേയും കരളലിയിക്കുന്ന ചിത്രങ്ങളാണ് എവിടെയും. ഈ അവസ്ഥയിൽ നിന്ന് മുസ്‌ലിംകളെ രക്ഷിക്കാനാണ് അല്ലാഹു റസൂൽ തിരുമേനി(സ) യുടെ വാഗ്ദാന പ്രകാരം മഹ്ദിയും മസീഹുമായി ഹദ്റത്ത് അഹ്മദ് (അ) നെ യഥാകാലം നിയോഗിച്ചത്. അദ്ദേഹത്തിന്റെ പ്രവർത്തന സമ്പ്രദായം പ്രവാചകന്മാരുടെ പ്രവർത്തന സമ്പ്രദായമാണ്. ഭൗതിക വീക്ഷണ കോണിൽ കൂടി മാത്രം നോക്കുന്നവർ അല്ലാഹു നിയോഗിക്കുന്ന ഇത്തരം മതപുരുഷന്മാരെയും അവരുടെ ആത്മീയ സരണിയേയും എക്കാല വും പുച്ഛിച്ച് തള്ളുകയും പുറ ത്താക്കുകയും ബഹിഷ്ക്കരിക്കുക യും പീഡിപ്പിക്കുകയും ചെയ്തിട്ടു ണ്ട്. വിശുദ്ധ ഖുർആനും മറ്റ് ഇസ്‌ലാമിക പ്രമാണങ്ങളും പഠിച്ച് മുസ്‌ലിം സഹോദരന്മാർ ഈ സമീപനം തിരുത്തുക എന്ന് മാത്രമേ പറയാനുള്ളൂ. സത്യം വിജയിപ്പിക്കേണ്ട വഴി അല്ലാഹു വിനറിയാം.

അഹ്മദികളെ സെൻസസ് റിപ്പോർട്ടിലെ മുസ്‌ലിം പട്ടികയിൽ

# കാനേഷുമാരിയും ഹദ്റത്ത് അഹ്മദും (അ)

## 1901 ൽ സർക്കാർ നടത്തിയ സെൻസസിന് മുമ്പായി ഹദ്റത്ത് അഹ്മദ്(അ) പുറപ്പെടുവിച്ച ഒരു വിളംബരത്തിൽ നിന്ന്

കാനേഷുമാരിയോടനുബന്ധിച്ച് തങ്ങളുടെ മതവിശ്വാസങ്ങളുടെ അടിസ്ഥാനത്തിൽ മറ്റു മതവിഭാഗങ്ങളുമായി പ്രത്യേകത പുലർത്തുന്ന ഓരോ വിഭാഗവും തങ്ങളുടെ വിവരങ്ങൾ അതാതു കള്ളികളിൽ പൂരിപ്പിക്കുകയും തങ്ങൾക്കായി അവർ ഇഷ്ടപ്പെട്ടതും നിർദേശിക്കപ്പെട്ടതുമായ പേർ തന്നെ സർക്കാർ രേഖകളിൽ എഴുതപ്പെടുന്നതിന് വഴിയൊരുക്കുകയും വേണ്ടതാണെന്ന് ഗവൺമെന്റ് കൽപ്പന ഉണ്ടാക്കിയിരിക്കുന്നു. ആയതിനാൽ തങ്ങളുടെ ഫിർഖകളെ സംബന്ധിച്ച് ഈ രണ്ട് കാര്യങ്ങളും ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തേണ്ടത് ആവശ്യമായി വന്നി രിക്കുന്നു. കൂടാതെ എന്റെ ജമാഅത്തിൽപ്പെട്ടവർ, അവർ അന്വേഷണ ഉദ്യോഗസ്ഥന്മാർ ചോദിക്കുമ്പോൾ അവർ താഴെപറയുന്നത് പ്രകാരം എഴുതേണ്ടതാണെന്ന നിർദേശങ്ങൾ നൽകുന്നത് ഉചിതമായിരിക്കും..............

ഈ പ്രസ്ഥാനത്തിന് ഏറ്റവും യോജിച്ച നാമം എന്ന നിലയിൽ എനിക്ക് വേണ്ടിയും എന്റെ ജമാഅത്തിന് വേണ്ടിയും ഞാൻ ഇഷ്ടപ്പെട്ടിരിക്കുന്നത് **'മുസൽമാൻ ഫിർഖാ അഹ്മദിയ്യാ'** എന്നാണ്. അഹ്മദിയ്യാ മദ്ഹബ് സ്വീകരിച്ച മുസൽമാൻ, എന്ന് പറയാവുന്നതാണ്. ഇതേപേരു തന്നെയാണ് നമ്മുടെ രേഖകളിലും അഭിമുഖങ്ങളിലും ഈ ഫിർഖയെ സംബന്ധിച്ചിടത്തോളം അറിയപ്പെടേണ്ടതെന്ന് വളരെ വിനയത്തോടെ നമ്മുടെ ബഹുമാനപ്പെട്ട ഗവൺമെന്റി നോട് അഭ്യർഥിക്കുന്നു. അതായത് **'മുസൽമാൻ ഫിർഖാ അഹ്മദിയ്യ'**....(***ഹദ്റത്ത് അഹ്മദി (അ) ന്റെ വിജ്ഞാപനം 1900 നവംബർ 4***)

നിന്ന് പുറത്താക്കാൻ ജമാഅത്തെ ഇസ്‌ലാമി ആവശ്യപ്പെടുന്നതിൽ ഞങ്ങൾക്ക് യാതൊരു പരിഭവവുമില്ല. ഗവൺമെന്റ് പട്ടികയിൽ ചേർത്തത് കൊണ്ടല്ല ഞങ്ങൾ മുസ്‌ലിമായത് എന്ന് ജമാഅത്തുകാർ മനസ്സിലാക്കുക. അല്ലാഹുവിന്റെ റസൂൽ(സ) അഹ്മദികൾക്ക് നൽകിയ യോഗ്യതാ പത്രമാണ് ഞങ്ങളെ മുസ്‌ലിംകളാക്കുന്നത്. പക്ഷേ ജമാഅത്തെ ഇസ്‌ലാമി ഒരുകാര്യം മനസ്സിലാക്കണം. കാലം പഴയത് പോലെയല്ല. സത്യമറിയാൻ ഇന്ന് ആയിരം വഴികളുണ്ട്. ഉച്ച സൂര്യനെ പോലെ ജ്വലിക്കുന്ന ഈ സത്യം കളവിന്റെ കീറത്തുണി കൊണ്ട് അധികനാൾ മറച്ച് വെക്കാനാകില്ല. സത്യഹൃദയമുള്ള ചിന്തിക്കുന്ന മുസ്‌ലിം സഹോദരന്മാരോട് അഹ്മദികൾക്ക് പറയാനുള്ളത്. പരിശുദ്ധ ദീനുൽ ഇസ്‌ലാമിനെ സ്നേഹിക്കുന്ന നിങ്ങളിൽ പലരും അഹ്മദിയ്യത്തിനെതിരെ തെറ്റിദ്ധാരണ പുലർത്തിയും യാഥാർഥ്യം മനസ്സിലാക്കാതെയും വ്യാജ പ്രചാരണങ്ങൾ വിശ്വസിച്ചുമാണ് അകന്ന് നിൽക്കുന്നത്. റസൂൽ തിരുമേനി(സ)യുടെ വാഗ്ദാന പ്രകാരം അല്ലാഹു അയച്ച ഹദ്റത്ത് അഹ്മദ് (അ) നെക്കുറിച്ചും അദ്ദേഹം സ്ഥാപിച്ച അഹ്മദിയ്യാ ഖിലാഫത്ത് വ്യവസ്ഥയെക്കുറിച്ചും അഹ്മദിയ്യാ ജമാഅത്ത് ലോകം മുഴുവൻ ചെയ്ത് കൊണ്ടിരിക്കുന്ന ഇസ്‌ലാമിക സേവനങ്ങളെക്കുറിച്ചും ഇസ്‌ലാമിക പ്രമാണങ്ങളുടെ അടിസ്ഥാനത്തിൽ നിങ്ങൾ മനസ്സിലാക്കുക. യഥാർഥ ഇസ്‌ലാമായ അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിലേക്ക് ബൈഅത്ത് ചെയ്ത് പ്രവേശിക്കുക. മുഹമ്മദ് നബി (സ) യുടെ സത്യം ലോകത്ത് വിജയിപ്പിക്കാനുള്ള ശാന്തസുന്ദരമായ ആഗോള സംരംഭങ്ങളിൽ പങ്കാളികളാകുക എന്നാണ് ഞങ്ങൾ വിനീതമായി ആവശ്യപ്പെടുന്നത്. തീർച്ചയായും സത്യഹൃദയങ്ങൾക്ക് അല്ലാഹു ഹിദായത്ത് നൽകാതിരിക്കില്ല. ●

## ഉസ്മാനിയാ യൂണിവേഴ്സിറ്റിയുടെ റാങ്ക് ലഭിച്ചു



ചേലക്കര ജമാഅത്തിലെ സാഫിർ അഹ്മദ് സാഹിബ് ഉസ്മാനിയാ യൂണിവേഴ്സിറ്റി നടത്തിയ എം എസ് സി (ജിയോഗ്രഫി) പരീക്ഷയിൽ ഒന്നാം റാങ്ക് കരസ്ഥമാക്കി. ചേലക്കര ജമാഅത്തിലെ മൗലവി കെ. നാസിർ അഹ്മദ് സാഹിബിന്റെ (നാഇബ് നാസിർ ബൈത്തുൽ മാൽ, ഭാരത്) യും ഖദീജ സാഹിബയുടെയും മകനാണ് മിടുക്കനായ ഈ വിദ്യാർഥി. ഉസ്മാനിയാ യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള എല്ലാ അനുബന്ധ സ്ഥാപനങ്ങളിലേയും വിദ്യാർഥികൾക്കിടയിൽ നിന്നാണ് ജിയോഗ്രഫി ബിരുദാനന്തര ബിരുദ പരീക്ഷയിൽ ഇദ്ദേഹം ഒന്നാം റാങ്ക് നേടിയത്.

**അനുസ്മരണം**



## ഏ. പി. അബ്ദുൽ ഹമീദ് സാഹിബ് പഴയങ്ങാടി

പഴയങ്ങാടി ജമാഅത്തംഗമായ ഏ.പി.അബ്ദുൽ ഹമീദ് സാഹിബ് 18-9-2016 ഞായറാഴ്ച വൈകുന്നേരം ഇഹലോകവാസം വെടിഞ്ഞു. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ. 78 വയസ്സായിരുന്നു. മർഹൂം കെ.അബ്ദുർറഹീം സാഹിബിന്റെ മകനാണ്. പിതാമഹൻ മർഹൂം എ.പി.അഹ്മദുകുട്ടി സാഹിബും മാതാമഹൻ മർഹൂം വളപ്പിനകത്ത് അബ്ദുല്ലാഹ് സാഹിബും പഴയങ്ങാടി ജമാഅത്തിന്റെ സ്ഥാപക നേതാക്കളിൽപ്പെട്ടവരാണ്.

കൂടാളി ജമാഅത്തിലെ മുൻകാല പ്രസിഡന്റായിരുന്ന മർഹൂം കെ.എം.മൊയ്തീൻ സാഹിബിന്റെ മകൾ ആമിനബി സാഹിബയാണ് ഭാര്യ. ദീർഘകാലം ഗൾഫിൽ ജോലി ചെയ്തിരുന്ന മർഹൂം അബ്ദുൽ ഹമീദ് സാഹിബ് പഴയങ്ങാടിയിൽ സ്ഥിരതാമസമാക്കുകയും ജമാഅത്തുമായി നല്ല ബന്ധം പുലർത്തി വരികയുമായിരുന്നു.

മക്കൾ: റഹീന കരീം, നസീം അഹ്മദ്, ശമീം അഹ്മദ്. മരുമക്കൾ: അബ്ദുൽ കരീം, ശർബിന, ശിജാറത്ത്. സഹോദരങ്ങൾ: എ.പി.നൂറുദ്ദീൻ, സൈനുദ്ദീൻ, ശംസുദ്ദീൻ, മുബാറക് അഹ്മദ്. അല്ലാഹു പരേതന് മഗ്ഫിറത്തും ജന്നത്തും നല്കുമാറാകട്ടെ.




മജ്ലിസ് അൻസാറുല്ലാ കേരളയുടെ സൗത്ത് ഇലാഖ ഇജ്തിമ കേന്ദ്ര പ്രതിനിധി ഹമീദ് അഹ്മദ് സാഹിബ് ഗോറി ഉദ്ഘാടനം ചെയ്യുന്നു.

# മജ്ലിസ് അൻസാറുല്ലാ സൗത്ത് ഇലാഖാ ഇജ്തിമ ആത്മീയ വിരുന്നായി

എറണാകുളം: ആത്മീയ വിരുന്നായി മാറിയ മജ്ലിസ് അൻസാറുല്ല കേരളയുടെ സൗത്ത് ഇലാഖാ ഇജ്തിമ സമംഗളം പര്യവസാനിച്ചു. 2016 സെപ്തംബർ 25-ാം തീയതി എറണാകുളത്ത് സംഘടിപ്പിച്ച വയോജന സംഘടനയുടെ കൂട്ടായ്മ മജ്ലിസ് അൻസാറുല്ലാ കേന്ദ്ര പ്രതിനിധി ഹമീദ് അഹ്മദ് സാഹിബ് ഗോറി ഉദ്ഘാടനം ചെയ്തു. സമസൃഷ്ടി സേവനം ഓരോരുത്തരുടേയും കർത്തവ്യമാണെന്ന് അദ്ദേഹം പറഞ്ഞു. ദീനിനുവേണ്ടി ത്യാഗങ്ങൾ അനുഷ്ഠിക്കാൻ നാം തയ്യാറാകണം. ത്യാഗം എന്നത് കൊണ്ട് അർഥമാക്കുന്നത് ഇക്കാലഘട്ടത്തിൽ നാം കാണുന്ന യുദ്ധമോ ആയുധ പോരാട്ടമോ അല്ല. അത് ദൈവാരാധന, ദീനി സേവനത്തിനായുള്ള സമയത്യാഗം, ധനത്യാഗം എന്നിവയാണെന്നും അദ്ദേഹം പറഞ്ഞു. അല്ലാഹുവിനെ ആരാധിക്കാനായാണ് മനുഷ്യനെ സൃഷ്ടിച്ചിരിക്കുന്നതെന്നാണ് വിശുദ്ധ ഖുർആൻ വിവരിക്കുന്നതെന്ന് സമ്മേളനത്തിൽ അദ്ധ്യക്ഷത വഹിച്ച എറണാകുളം ജില്ലാ അമീർ പി. കെ. ശാഹുൽ ഹമീദ് സാഹിബ് പറഞ്ഞു. അഖിലേന്ത്യാ നാഇബ് സദർ പി.പി. നാസിമുദ്ദീൻ സാഹിബ്, സൗത്ത് ഇലാഖാ നാസിം എം. താജുദ്ദീൻ സാഹിബ്, മൗലവി സുൽത്താൻ നസീർ സാഹിബ്, മൗലവി പി.എ. മുഹമ്മദ് സലീം സാഹിബ്, മൗലവി അലിക്കുഞ്ഞ് സാഹിബ് തുടങ്ങിയവർ പ്രസംഗിച്ചു.

- ബി.എ. മുഹമ്മദ് നജീബ്, എറണാകുളം



## മാതൃകാ വഖാറെ അമൽ

മജ്ലിസ് അൻസാറുല്ലാ കൊല്ലം ജില്ലയുടെയും മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ/അത്ഫാലുൽ അഹ്മദിയ്യാ കരുനാഗപ്പള്ളിയുടെയും ആഭിമുഖ്യത്തിൽ കരുനാഗപ്പള്ളി ഖബർസ്ഥാനിൽ സെപ്തംബർ 4-ാം തീയതി ഞായറാഴ്ച മാതൃകാ വഖാറെ അമൽ നടന്നു. രാവിലെ 7.30 ന് മജ്ലിസ് അൻസാറുല്ലാ ജില്ലാ നാസിം എം. ജലീൽ അഹ്മദ് സാഹിബ് ദുആയ്ക്ക് നേതൃത്വം നൽകിക്കൊണ്ട് വഖാറെ അമൽ ഉദ്ഘാടനം ചെയ്തു.




## വഖാറെ അമലും പായസ വിതരണവും നടത്തി

മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ കമ്പളക്കാടിന്റെ നേതൃത്വത്തിൽ സ്വാതന്ത്ര്യദിനത്തോടനുബന്ധിച്ച് പനമരം ഗവൺമെന്റ് താലൂക്ക് ആശുപത്രിയിൽ വെച്ച് വഖാറെ അമലും പായസ വിതരണവും നടത്തുകയുണ്ടായി. അസിസ്റ്റന്റ് സർജൻ ഡോ. ശീബ ഹോസ്പിറ്റൽ വളപ്പിൽ വൃക്ഷ തൈ നടുകയും ആശംസകൾ നേരുകയും ചെയ്തു. മൗലവി അമീൻ സാഹിബ്, ജമാഅത്ത് പ്രസിഡന്റ് തുടങ്ങിയവർ പങ്കെടുത്തു.

Published on 7.10. 2016
Pages 44
Vol: 88 Issue. 10
Price Rs. 30/-
RNI No. 3332/1957, Registered KL/EKM/726/2015-17
Licence No. KL/CR/EKM/WPP-12/2015-17. Licensed to Post Without Prepayment
The Sathyadoothan Monthly



# Ijtema

## Qadian 2016

**Majlis Khuddamul Ahmadiyya, Bharat**
October 15,16,17

**Lajna Imaillah Bharat**
October 15,16,17

**Majlis Ansarullah Bharat**
October 18,19,20